# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പയ്യന്നൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2020-2021**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
**670001**

ഇ-മെയിൽ: **doknr.ksad@kerala.gov.in**
ഫോൺ : **0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./ സി.15/98/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 09/03/2022
ഇ-മെയിൽ:
doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പയ്യന്നൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ **2020-2021** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസിൽ)
3.റീജിനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്(ഉപരിപത്രം സഹിതം)

4.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./ സി.15/98/22 തീയ്യതി: 09/03/2022

**കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-11-2019 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 55 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .വിനോദ്.കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 05-01-2022 | 21-01-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2022 | 21-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.സിന്ധു.ടി.പി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.സുരേഷ് ബാബു. കെ വി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

3.റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.ധന്യ.എം.വി, ഓഡിറ്റർ
5.പ്രമോദ്.കെ , ഓഡിറ്റർ
6.അന്ന അബ്രഹാം, ഓഡിറ്റർ
7.ശ്രീനാഥ്.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശശി വട്ടക്കൊവ്വൽ | ചെയർമാൻ | 01-04-2020 | 11-11-2020 |
| ശ്രീമതി.ലളിത.കെ.വി | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| ശ്രീ.അജി കെ.ആർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനീഷ്.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സി.വി.മുരളീധരൻ | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 07-06-2020 |
| ഡോ.സന്തോഷ് കുമാർ.കെ.വി. | സീനിയർ വെറ്റിനറി സർജൻ | 08-06-2020 | 31-03-2021 |
| ശ്രീമതി.വസന്തകുമാരി.കെ.കെ | പ്രിൻസിപ്പൽ,ജി എച്ച് എസ് എസ് | 01-04-2020 | 31-03-2021 |
| ഡോ.രാജേഷ്.എം | സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ | 01-04-2020 | 31-03-2021 |
| ശ്രീ.രാജീവൻ.സി | ഹെഡ് മാസ്റ്റർ,ജിഎൽപിഎസ്,വെള്ളൂർ | 01-04-2020 | 31-03-2021 |
| ശ്രീ.സി.വി.ചന്ദ്രൻ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ശ്രീ.ശിവദാസൻ.കെ | പി ഡബ്ള്യൂ ഒ 1,അധിക ചുമതല | 01-06-2020 | 16-08-2020 |
| ശ്രീമതി.വത്സല.കെ.വി | മുനിസിപ്പൽ എഞ്ചിനീയർ | 17-08-2020 | 30-12-2020 |
| ശ്രീ.ജാക്സൻ ജോസഫ് | മുനിസിപ്പൽ എഞ്ചിനീയർ | 31-12-2020 | 16-02-2021 |
| ശ്രീ.കെ.ഉണ്ണി | മുനിസിപ്പൽ എഞ്ചിനീയർ | 17-02-2021 | 31-03-2021 |
| ശ്രീ.രാജഗോപാലൻ.കെ.പി | പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ(മെമ്പർ സെക്രട്ടറി) | 01-04-2020 | 23-08-2020 |
| ശ്രീമതി.ബിനില ബി നായർ | പ്രോജക്ട് | 24-08-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ,നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ(മെമ്പർ സെക്രട്ടറി) | | |
| ഡോ.റോനിഷ.ടി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 17-01-2021 |
| ഡോ.സുജയ നായർ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 18-01-2021 | 21-01-2021 |
| ഡോ.ഷീബ.യു ആർ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 22-01-2021 | 31-03-2021 |
| ശ്രീമതി.ലീന.കെ വി | ഐ സി ഡി എസ് സൂപ്പർവൈസർ,സാമൂഹ്യനീതി | 01-04-2020 | 31-10-2020 |
| ശ്രീമതി.മായാജ്യോതി .എൻ വി | ഐ സി ഡി എസ് സൂപ്പർവൈസർ,വനിത ശിശു വികസനം-അധികചുമതല | 01-11-2020 | 31-03-2021 |
| ശ്രീമതി.മായാജ്യോതി .എൻ വി | ഐ സി ഡി എസ് സൂപ്പർവൈസർ,വനിത ശിശു വികസനം | 01-04-2020 | 31-03-2021 |
| ശ്രീ.രമേശൻ.വി.വി. | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.വിനോദ്.ടി.വി | എച്ച് എം , എ കെ എ എസ് ജി വി എച്ച് എസ് എസ് | 01-04-2020 | 31-03-2021 |
| ശ്രീ.രാജഗോപാലൻ.കെ.പി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 31-07-2020 |
| ശ്രീ.സുബൈർ കെ പി | ഹെൽത്ത് ഇൻസ്പെക്ടർ | 01-08-2020 | 31-03-2021 |
| ഡോ. നിമിത ടി.വി. | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീ.രാജേഷ് ടി.ആർ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 20.12.2020 വരെ സെക്രട്ടറി,മുനിസിപ്പൽ എഞ്ചിനീയർ, സിഡിപിഒ എന്നിവരടങ്ങിയ ഭരണനിർവ്വഹണ സമിതി. 24.11.2020 ലെ ഭരണ നിർവ്വഹണ സമിതി യോഗം മുനിസിപ്പൽ എഞ്ചിനീയറെ നഗരസഭാ അദ്ധ്യക്ഷന്റെ ചുമതലകൾ നിർവ്വഹിക്കാനായി ചുമതലപ്പെടുത്തി.21.12.2020-ന് പുതിയ ഭരണസമിതി അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. ശ്രീ. രാജഗോപാലൻ കെ.പി. എച്ച്.ഐ. 01.04.2020 31.07.2020 ശ്രീ. സുബൈർ കെ.പി. എച്ച.ഐ. 01.08.2020 31.03.2021 ശ്രീ.രാജേഷ് ടി.ആർ. ഫിഷറീസ് എക്സ്.ഓഫീസർ 01.04.2020 31.03.2021

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി | 1-6 |
| 8 | സർവ്വീസ് പെൻഷനർമാർക്ക് അനുവദിച്ച പെൻഷൻ തുക തിരിച്ചു പിടിക്കേണ്ടതാണ് | 1-7-1 |
| 9 | മരണപ്പെട്ടതായി രേഖപ്പെടുത്തിയ ഗുണഭോക്താക്കൾക്ക് ഇടവേളകളിൽ പെൻഷൻ അനുവദിക്കുന്നതും മറ്റ് അപാകങ്ങളും- വിശദമായ അന്വേഷണം ആവശ്യമാണ്. | 1-7-2 |
| 10 | ക്ഷേമപദ്ധതികൾ | 1-7 |
| 11 | ക്യാഷ് ബാലൻസ് | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | വാർഡ് സഭ,കമ്മറ്റികൾ | 1-10 |
| 14 | രജിസ്റ്റർ സൂക്ഷിപ്പ് | 1-11 |
| 15 | കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ് മെന്റ് കോർപ്പറേഷൻ - ലീസ് -സർക്കാർ അനുമതി സംബന്ധിച്ച് | 1-12 |
| 16 | കെട്ടിട നികുതി നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച് | 1-13 |
| 17 | കുടിശിക ഈടാക്കാതെ വേക്കൻസി റെമിഷൻ അനുവദിച്ചു | 1-14 |
| 18 | അനധികൃത കെട്ടിട നിർമ്മാണം - തുടർ നടപടികൾ സംബന്ധിച്ച് | 1-15 |
| 19 | തൊഴിൽ നികുതി ഒടുക്കു വരുത്താത്തത് സംബന്ധിച്ച് | 1-16 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ | 1-17 |
| 21 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-18 |
| 22 | മുനിസിപ്പാലിറ്റി പരിധിയിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-19 |
| 23 | ഭേദഗതി ഉത്തരവിനുശേഷമുള്ള എഫ്.ടി.ഇ.ആൻഡ്.ഒ.എസ് ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിലെ മൂലധന നിക്ഷേപം പരിശോധിക്കപ്പെടുന്നില്ല. | 1-20 |
| 24 | കുടിവെള്ളക്കരം -കുടിശ്ശിക ഒഴിവാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-21 |

| | | |
|---|---|---|
| 25 | അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തിരികെ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-22 |
| 26 | വീടുകളിൽ വാട്ടർ ടാങ്ക്- ടെൻഡർ നടപടിക്രമങ്ങളിലെ അപാകം, പദ്ധതി പൂർത്തീകരിച്ചില്ല - 10000 രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു | 1-23 |
| 27 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല . | 1-24 |
| 28 | തൊഴുത്ത് നവീകരണത്തിന് ധനസഹായം- വ്യത്യസ്ത അക്കൗണ്ടിലേക്ക് തുക അനുവദിച്ചു | 1-25 |
| 29 | ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് - ₹ 143534 തടസ്സപ്പെടുത്തുന്നു | 1-26 |
| 30 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ നൽകൽ - ചെലവ് തുക ₹1,77,860 തടസ്സപ്പെടുത്തുന്നു | 1-27 |
| 31 | സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-28 |
| 32 | 2020-21കലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ്- രേഖകൾ ഹാജരാക്കിയില്ല-245000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. | 1-29 |
| 33 | പട്ടിക ജാതി ഭവന നിർമ്മാണം- പൂർത്തീകരിക്കാനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്. | 1-30 |
| 34 | തെരുവ് വിളക്ക് റിപ്പയർ- ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ കൂടുതൽ തുക നല്കിയതും മറ്റ് അപാകങ്ങളും-176000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-31 |
| 35 | ഹയർസെക്കണ്ടറി സ്കൂളുകളിൽ വനിതാ കോഫി ബങ്ക് സ്ഥാപിക്കൽ - കാഡ്കോക്ക് ₹46,762 അധികം അനുവദിച്ചു. | 1-32 |
| 36 | ലൈഫ് ഭവന പദ്ധതി വീട് പണി പൂർത്തിയാക്കാത്തവർക്ക് ധനസഹായം - ₹78,320 തടസ്സപ്പെടുത്തുന്നു. | 1-33 |
| 37 | പ്രൊജക്ടുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - ₹1,23,00,000 തടസ്സപ്പെടുത്തുന്നു. | 1-34 |
| 38 | ബാലസഭ ശാക്തീകരണം - ₹88,000 തടസ്സപ്പെടുത്തുന്നു. | 1-35 |
| 39 | വീട് വാസയോഗ്യമാക്കൽ (എസ് സി) - പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച് | 1-36 |
| 40 | GST-TDS തുക ഈടാക്കേണ്ടതാണ്. | 1-37 |
| 41 | ഇന്റർ സ്കൂൾ ടൂർണമെന്റ്-₹ 100000/- തടസ്സപ്പെടുത്തുന്നു. | 1-38 |
| 42 | സാന്ത്വന പരിചരണം - രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. | 1-39 |
| 43 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് തുക കൈമാറിയത്-അപാകങ്ങൾ. | 1-40 |
| 44 | ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽ ചെയർ-മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്. | 1-41 |
| 45 | ആയുർവേദാശുപത്രിയിൽ മരുന്ന് വാങ്ങൽ -125023 രൂപയുടെ മരുന്നുകൾ | 1-42 |

| | | |
|---|---|---|
| | ലഭ്യമായിട്ടില്ല | |
| 46 | വിവിധ പദ്ധതികളിലെ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല | 1-43 |
| 47 | പ്രധാൻമന്ത്രി ആവാസ് യോജന -പദ്ധതി അവലോകനം | 1-44 |
| 48 | കെ എസ് ഇ ബി - ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലെ കാലതാമസവും നിർവഹണത്തിലെ അപാകങ്ങളും. 37,59,920/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-45 |
| 49 | കുടിവെള്ള സ്രോതസ്സ് നിർമ്മാണം തടസ്സപ്പെട്ടു- UIDSSMTപദ്ധതിയിലുൾപ്പെടുത്തിയ പയ്യന്നൂർ കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.52കോടി രൂപയുടെ പാഴ് ചെലവ്. | 1-46 |
| 50 | അന്നൂർ അമ്പലം മുതൽ തലയനേരി പടിഞ്ഞാറ് ഭാഗം വരെ ഡ്രൈനേജ് നടപ്പാത-കരാറുകാരന് ₹ 8400/- രൂപ അധികം നൽകി. | 1-47 |
| 51 | ഹൈമാസ്റ്റ് മിനി മാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ-നിർവഹണ നപടിക്രമങ്ങളിലെ വീഴ്ചകൾ -സിൽക്കിന് അധികം നൽകിയ തുക 87386രൂപ തിരിച്ചുപിടിക്കേണ്ടതാണ് | 1-48 |
| 52 | കവ്വായി കോളനി നടപ്പാത-ടെണ്ടർ വ്യതിയാനം ബില്ലിൽ നിന്നും കുറവ് ചെയ്തില്ല-984 രൂപ കരാറുകാരന് അധികം നൽകി | 1-49 |
| 53 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള ഡെപ്പോസിറ്റ് പ്രവൃത്തി ആരംഭിക്കുന്നതിലെയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലെയും കാലതാമസവും നിർവഹണത്തിലെ അപാകങ്ങളും. 83,80,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-50 |
| 54 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-51 |
| 55 | വിധവകൾക്ക് വീട് വാസയോഗ്യമാക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച് | 1-52 |
| 56 | വീട് വാസയോഗ്യമാക്കൽ (എസ് സി) - പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച് | 1-53 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കവ്വായി കോളനി നടപ്പാത-ടെണ്ടർ വ്യതിയാനം ബില്ലിൽ നിന്നും കുറവ് ചെയ്തില്ല-984 രൂപ കരാറുകാരന് അധികം നൽകി | 3-1 |
| 2 | അന്നൂർ അമ്പലം മുതൽ തലയനേരി പടിഞ്ഞാറ് ഭാഗം വരെ ഡ്രൈനേജ് നടപ്പാത-കരാറുകാരന് ₹ 8400/- രൂപ അധികം നൽകി. | 3-2 |
| 3 | ഹൈമാസ്റ്റ് മിനി മാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ-നിർവഹണ നപടിക്രമങ്ങളിലെ വീഴ്ചകൾ -സിൽക്കിന് അധിക തുക നൽകി-87,386/-രൂപ ഈടാക്കേണ്ടതാണ് | 3-3 |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ ഇൻവെസ്റ്റ്മെന്റുകൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർച്ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്.

നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് നഗരസഭാ കൗൺസിലിന്റെ 27.03.2020 തീയതിയിലെ തീരുമാനം നമ്പർ 1 പ്രകാരവും പുതുക്കിയ ബജറ്റ് 20.02.2021 തീയതിയിലെ തീരുമാനം നമ്പർ 1 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 25,45,57,172 | 26,28,63,312 |
| വരവ് | 57,52,23,550 | 51,75,26,062 |
| ആകെ | 82,97,80,722 | 78,03,89,374 |
| ചെലവ് | 71,72,70,002 | 70,34,90,959 |
| നീക്കിയിരിപ്പ് | 11,25,10,720 | 7,68,98,415 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

**1.**ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ-

റീകൺസിലിയേഷൻ ശരിയായ രീതിയിലല്ല ചെയ്തിട്ടുള്ളത്.മുൻവർഷങ്ങളിൽ നല്കിയതും കാലാവധി കഴിഞ്ഞതുമായ ചെക്കുകൾ പോലും അൺക്യാഷ്ഡ് ചെക്കായി തുടരുന്നു.കാലാവധി കഴിഞ്ഞ ചെക്കുകൾ , ലയബിലിറ്റി ഇൻ റസ്പെക്ട് ഓഫ് സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്. കൂടാതെ അൺക്യാഷ്ഡ് ആയി കാണിച്ച ചെക്കുകളിൽ പലതും യഥാസമയം ക്യാഷ് ചെയ്തവയാണ് എന്നാണ് ബാങ്ക് പാസ്ബുക്കുകളുടെ പരിശോധനയിൽ വ്യക്തമാകുന്നത്(ഉദാഹരണം- ശമ്പളം നല്കുന്നതിനായി പിൻവലിച്ച 1083972രൂപ(ചെക്ക് നമ്പർ 916648/31.03.18) 04.04.18 തീയതിയിൽ തന്നെ ക്യാഷ് ചെയ്തിട്ടുണ്ട്. ആയത് നിലിവിലും അൺക്യാഷ്ഡ് ആയി തുടരുന്നു) .അതുപോലെ ബാങ്കുകളിൽ നേരിട്ട് വരവ്/ചെലവ് വന്നതായി രേഖപ്പെടുത്തിയ തുകയിലും പൊരുത്തക്കേടുകൾ ഉണ്ട്. അൺക്യാഷ്ഡ്,അൺക്രെഡിറ്റഡ്, ഡയറക്ട്ലി ഡെബിറ്റഡ്/ക്രെഡിറ്റഡ് എന്നിങ്ങനെ കാണിച്ച തുകകൾ മിക്കതും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. റീകൺസിലിയേഷൻ നടത്തി ലഭിച്ച തുകയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടാത്ത സംഗതികളും ഉണ്ട്.(ഉദാ- എസ് ബി ടി -ഇ പേമെന്റ് , പി എൻ ബി - തനതു ഫണ്ട് അക്കൗണ്ട്,ടി എസ് ബി -തനതു ഫണ്ട് അക്കൗണ്ട് Etc.)

| ബാങ്ക്/ ട്രഷറി അക്കൗണ്ട് | 31.03.2021 തീയതിയിലെ റീകൺസിലിയേഷൻ വിവരങ്ങൾ | | വ്യത്യാസം |
|---|---|---|---|
| എസ് ബി ടി -ഇ പേമെന്റ് | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 91389 | -192312-43694<br>=<br>-236006 |
| | +ക്യാഷാക്കാത്ത ചെക്കുകൾ | 178649 | |
| | +ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തത് | 55462 | |
| | (-)കലക്ഷനാകാത്ത ചെക്കുകൾ | 450157 | |
| | (-)ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തത് | 67655 | |

| | | | |
|---|---|---|---|
| | റീകൺസിലിയേഷൻ പ്രകാരം വരുന്നതുക | -192312 | |
| | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് | 43694 | |
| പി എൻ ബി - തനതു ഫണ്ട് അക്കൗണ്ട് | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 204228407 | 208424661-204548064 =3876597 |
| | +ക്യാഷാക്കാത്ത ചെക്കുകൾ | 7111955 | |
| | +നേരിട്ട് ബാങ്കിൽ ക്രെഡിറ്റ് ആയത് | 1317332 | |
| | (-)കലക്ഷനാകാത്ത ചെക്കുകൾ | 3356668 | |
| | (-)ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തത് | 876365 | |
| | റീകൺസിലിയേഷൻ പ്രകാരം വരുന്നതുക | 208424661 | |
| | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് | 204548064 | |
| ടി എസ് ബി - തനതു ഫണ്ട് അക്കൗണ്ട് | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 21300000 | ബാങ്ക് ബുക്ക് , ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പുകൾ തുല്യമാണ്. ക്യാഷാക്കാത്ത ചെക്കുകൾ എല്ലാം തന്നെ2020-21 സാമ്പത്തിക വർഷത്തെ റഗുലർ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം,കറണ്ട് ബിൽ തുടങ്ങി അതാത് സമയം ക്യാഷ് ചെയ്തവയാണ്.റികൺസിലിയേഷൻ പത്രിക പരിശോധിച്ച് ശരിയാക്കേണ്ടതാണ്. |
| | +ക്യാഷാക്കാത്ത ചെക്കുകൾ | 2676241 | |
| | +നേരിട്ട് ട്രഷറിയിൽ ക്രെഡിറ്റ് ആയത് | 19750 | |
| | (-)കലക്ഷനാകാത്ത ചെക്കുകൾ | 26665618 | |
| | റീകൺസിലിയേഷൻ പ്രകാരം വരുന്നതുക | -2669627 | |
| | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് | 21300000 | |

മുഴുവൻ അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് ശരിയായ റീകൺസിലിയേഷൻ പത്രികകൾ പരിശോധനക്കായി ഹാജരാക്കേണ്ടതും വിശദമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

2018 മുതലുള്ള വസ്തു നികുതി ഉൾപ്പെടെയുള്ള റവന്യൂ വരവിനങ്ങളും ക്രെഡിറ്റ് ചെയ്യാത്ത തുകയിൽ ഉൾപ്പെടുന്നുണ്ട്. ആയത് ഗൗരവമായി കാണേണ്ടതും കൃത്യമായ വിവരങ്ങൾ കണ്ടെത്തി വരവു നഷ്ടം ഉണ്ടായിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**2.**ഡിപ്രീസിയേഷൻ

2020-21 സാമ്പത്തിക വർഷം ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ പ്രസ്തുത ഷെഡ്യൂൾ ഉൾപ്പെടുന്നില്ല.

**3.ബി11 ഷെഡ്യൂൾ**
ബി 11 ഷെഡ്യൂളിൽ ആസ്തി മൂല്യം , ഡിപ്രീസിയേഷൻ ഇവ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.ഡിപ്രീസിയേഷൻ ഇനത്തിൽ 2018-19 ലെ തുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
**4.വസ്തുനികുതി-**

A)സഞ്ചയ ആപ്ലിക്കേഷനിൽ നിന്നുള്ള ഡി സി ബി പത്രിക പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

B)2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ വസ്തു നികുതി കുടിശികയായി രേഖപ്പെടുത്തിയത് 65311242രൂപയാണ്(ബി 15 ഷെഡ്യൂൾ) . 2020-21 സാമ്പത്തിക വർഷം 12563211രൂപയാണ് കുടിശിക വരവ്. പ്രയർ പിരിയഡ് ഇനമായി 22239503 രൂപ ഡിമാന്റിൽ കുറവു ചെയ്തിട്ടുണ്ട്(ഐ-18 ഷെഡ്യൂൾ). ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

കുടിശിക ഡിമാന്റ്(ബി-15 ഷെഡ്യൂൾ 2019 20 – 65311242) - കുടിശിക കലക്ഷൻ(ആർ.പി. ഷെഡ്യൂൾ – ₹12563211) - ഡിമാന്റിൽ നിന്ന കുറവു ചെയ്ത തുക( ₹22239503) കണക്കുകൂട്ടുമ്പോൾ ഓഡിറ്റ് വർഷത്തെ കുടിശിക ബാലൻസ് തുക കിട്ടുന്നില്ല. (ബി-15 ഷെഡ്യൂൾ – ₹27735026).

C)ഇൻകം & എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷ ഡിമാന്റിൽ, റമിഷൻ/റൈറ്റ് ഓഫ് കാണിച്ചിട്ടില്ല. ലൈബ്രറി സെസിനുള്ള പ്രൊവിഷനും ഉൾപ്പെടുത്തിയിട്ടില്ല.

D)ഓഡിറ്റ് വർഷത്തെ ഡിമാന്റിൽ ₹49141326 നിന്നും കലക്ഷൻ തുക ₹25930627 കുറവു ചെയ്യുമ്പോൾ ബി 15 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ബാലൻസ് തുക (₹18743306 ) വരുന്നില്ല.
ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി കൃത്യമായ കണക്കുകൾ തയ്യറാക്കേണ്ടതും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. ഓൺലൈൻ പേമെന്റ് അക്കൗണ്ടിൽ വരുന്ന തുക യഥാസമയം ക്രെഡിറ്റ് ആകുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
**5.ഡെപ്പോസിറ്റ് രജിസ്റ്റർ**

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.അതുകൊണ്ടു തന്നെ ഇതുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

**6.മുൻകൂറുകൾ**
ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂറുകൾ ക്രമീകരിക്കപ്പെടാതിരിക്കാനുള്ള കാരണം വ്യക്തമല്ല. ധനകാര്യവകുപ്പിന്റെ 4-10-2011 ലെ ജി ഒ (പി) 419/2011 നമ്പർ ഉത്തരവുപ്രകാരം താൽക്കാലിക അഡ്വാൻസുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും, അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത അഡ്വാൻസ് തുകയ്ക്ക് ഒരു വർഷത്തേക്ക് 18 % നിരക്കിൽ പലിശ ഈടാക്കണമെന്നും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലായെങ്കിൽ അടിയന്തിരമായി മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ സഹിതം ഈടാക്കണമെന്നും വ്യവസ്ഥയുണ്ട്.തുടർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**7.ഡെപ്പോസിറ്റ് വർക്ക്**
ഡെപ്പോസിറ്റ് വർക്കുകൾക്കായി വിവിധ ഏജൻസികൾക്ക് കൈമാറിയ തുകയുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.(അനർട്ട്, വാട്ടർ അതോറിറ്റി, കെ എസ് ഇ ബി Etc.).കൈമാറിയ തുക ആസ്തിയായി മാറ്റുകയാണ് ചെയ്തത്. പ്രവൃത്തി പൂർത്തിയാകാതെ ആസ്തിയിൽ ഉൾപ്പെടുത്തിയത് ശരിയല്ല.(ഉദാഹരണമായി വാട്ടർ അതോറിറ്റിക്ക് കൈമാറിയ 83.8ലക്ഷം രൂപ)

8.പ്രയർ പിരിയഡ് ഇനങ്ങൾ
വിവിധ ഡിമാന്റുകളിൽ വ്യത്യാസം വരുത്തുന്നതിനായി ഐ 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9.വരവിനങ്ങളുടെ ഡിസിബി പത്രിക
.വിവിധ വരവിനങ്ങളുമായി ബന്ധപ്പെട്ട (സാക്ഷ്യപ്പെടുത്തിയ) വർഷാവസാന ഡി സി ബി പത്രികകൾ പരിശോധനക്കായി തയ്യാറാക്കിയിട്ടില്ല.

10.കേന്ദ്ര/സംസ്ഥാന സർക്കാർ വിഹിതങ്ങൾ- എസിആർ സൂക്ഷിക്കുന്നില്ല
കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ഓഡിറ്റ് വർഷം ലഭിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**11.**കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്
ബി 11 ഷെഡ്യൂൾ രേഖപ്പെടുത്തിയതിൽ മുന്നിരിപ്പായി വരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് അതാത് ഹെഡിലേക്ക് മാറ്റുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.2020-21 സാമ്പത്തിക വർഷത്തെ ലെഡ് ജർ പരിശോധിച്ചപ്പോൾ വ്യക്തിഗത ഗുണഭോക്താക്കൾക്ക് വാങ്ങി നല്കിയ സാധനങ്ങൾ ആസ്തിയിൽ ഉൾപ്പെടുത്തിയതായി കാണുകയുണ്ടായി.(ഉദാഹരണം ഫർണ്ണിച്ചർ ഫോർ എസ് സി സ്റ്റുഡന്റ്സ്)കൂടാതെ വാട്ടർ അതോറിറ്റിക്ക് കൈമാറിയ 83.8ലക്ഷം രൂപ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ ചേർക്കുകയും വർഷാവസാനം ആസ്തിയിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.കെ എസ് ഇ ബി ക്ക് കൈമാറിയ 3952452രൂപയും ഇതേ രീതിയിലാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

12.ആർ പി 22 ൽ പോവർട്ടി അലീവിയേഷൻ ഇനത്തിൽ രേഖപ്പെടുത്തിയ 1,00,74,333രൂപയുടെ വിശദാംശങ്ങളും ആർ പി 24 ൽ രേഖപ്പെടുത്തിയ ഇനങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

**13.**ഇൻവെസ്റ്റ്മെന്റ്
ഇൻവെസ്റ്റ് മെന്റിനത്തിൽ ബാലൻസ് ഷീറ്റ് ബി 12 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക 10,00,000രൂപയും യഥാർത്ഥ തുക 10,50,000രൂപയുമാണ്. മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ഷെയർ സർട്ടിഫിക്കറ്റ് മൂല്യം പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

14.ഇ പേമെന്റ് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുകൾ കൃത്യമായ ഇടവേളകളിൽ സേവിംഗ്സ് ബാങ്കിലേക്ക് മാറ്റുന്നില്ല. തുക കറണ്ട് അക്കൗണ്ടുകളിൽ തുടരുന്നത് പലിശ നഷ്ടത്തിന് ഇടയാക്കും.

15.മുനിസിപ്പൽ എഞ്ചിനീയറുടെ ഇ ടെണ്ടറുകളുമായി ബന്ധപ്പെട്ട തുക വരവു വെക്കുന്നതിന് ആരംഭിച്ച കറണ്ട് അക്കൗണ്ടിലെ തുകയിൽ ടെണ്ടർ ഫീസിനത്തിലുള്ള തുകയും യഥാസമയം നഗരസഭാ ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്നാണ് തുക നഗരസഭാ ഫണ്ടിലേക്ക് മാറ്റിയത്.

16.ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

17.ബി 9 ഷെഡ്യൂളിൽ വിവിധ ബാധ്യതകൾക്കായി ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. 4/21 ലെ ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.

18.ജനറൽ പർപ്പസ് ഫണ്ടിനത്തിൽ അനുവദിച്ച തുക മുഴുവനും ധനകാര്യ പത്രികയിൽ വന്നിട്ടില്ല. 2778000*12+1049970=34385970രൂപയാണ് എ സി ആർ പ്രകാരം അനുവദിക്കപ്പെട്ട തുക. ഐ 6 ഷെഡ്യൂളിൽ 31607975രൂപയാണ് ചേർത്തിട്ടുള്ളത്. കുറവു വന്ന തുക വരവു വന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും വരവു വന്നിട്ടില്ലെങ്കിൽ അർഹമായ തുക തിരിച്ചു കിട്ടുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

19.ഐ 6 ഷെഡ്യൂളിൽ ചേർത്തിട്ടുള്ള 4,23,65,964രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

20.ഭവന നിർമ്മാണ പദ്ധതികൾക്കായി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പദ്ധതിക്കു വേണ്ടി ഉപയോഗിക്കുവാനുദ്ദേശിക്കുന്ന മുഴുവൻ ഫണ്ടിനങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

21.അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ഹെഡിൽ ഉൾപ്പെടുത്തിയ 314000രൂപ ഐ ആർ ടി സി പാലക്കാട് എന്ന സ്ഥാപനത്തിന് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി നല്കിയതാണെന്നാണ് ലഡ്ജറിൽ കാണിച്ചിട്ടുള്ളത്. തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

22.സെയിൽ ഓഫ് സ്ക്രാപ്പ് ഇനത്തിൽ 802042രൂപ മൈനസ് ഫണ്ടായി കാണിച്ചതിന് കാരണമായി അറിയിച്ചത് മുൻവർഷം 1,46,500രൂപ ചേർക്കുന്നതിനു പകരം 14,65,000രൂപ ചേർത്തു പോയത് ക്രമീകരിക്കുമ്പോൾ 2020-21 ലെ തുക മൈനസ് ആയതാണ് എന്നാണ്. പ്രയർ പിരിയഡ് അഡ്ജസ്റ്റ്മെന്റ്

കാണിക്കുന്നതിനു പകരം ഈ രീതിയിൽ രേഖപ്പെടുത്തിയത് ശരിയല്ല.രജിസ്റ്ററുകളിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തി വർഷാവസാന സംക്ഷിപ്തം തയ്യാറാക്കാത്തതിനാലാണ് ഇത്തരം അപാകങ്ങൾ ശ്രദ്ധയിൽ പെടാതെ പോകുന്നത്

**23.**വായ്പ

Secured Loans ഇനത്തിൽ ബി 5 ഷെഡ്യൂളിൽ ചേർത്ത തുക 75000000രൂപയാണ്.ഹഡ്കോ ലോൺ ഇനത്തിൽ 31.03.21 വരെ എടുത്ത ലോൺ അതേപടി രേഖപ്പെടുത്തുകയാണ് ചെയ്തത്. 2019-20,20-21 സാമ്പത്തിക വർഷങ്ങളിൽ വികസന ഫണ്ടിൽ നിന്നും കുറവു ചെയ്ത ലോൺ തിരിച്ചടവ് പരിഗണിച്ചിട്ടില്ല. 31.03.21 ലെ ലോൺ ബാധ്യത 6,50,00,000രൂപയാണ്. (2019-20 ലെ തിരിച്ചടവ് 46,66,668രൂപ,20-21 ലെ തിരിച്ചടവ് 53,33,332രൂപ) ശരിയായ കണക്കുകൾ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 03.09.2021(*) | തിരിച്ചയച്ചിട്ടില്ല |

നഗരസഭാ കൗൺസിലിന്റെ *27.07.21* തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരമാണ് *2020-21* സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത് .

(*)28.07.2021 തീയതിയിൽ എയിംസിൽ സമർപ്പിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22,97,14,788.45 |
| വരവ് | 41,99,74,700 |
| ആകെ | 64,96,89,488.45 |
| ചെലവ് | 38,64,62,121 |
| നീക്കിയിരിപ്പ് | 26,32,27,367.45 |
| വരവിനങ്ങളിലുള്ള നഷ്ടം | 13556 |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 96770 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 24995777 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 7,82,35,000 | 78235000 | 75049049 | 3185951 |
| വികസനഫണ്ട്-എസ്.സി.പി | 0 | 16142000 | 16142000 | 11863235 | 4278765 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ടിഎസ്. പി | 0 | 572700 | 572700 | 498000 | 74700 |
| മെയിന്റനൻസ്, റോഡ് | 0 | 32699100 | 32699100 | 31850475 | 848625 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 21036000 | 21036000 | 17622521 | 3413479 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 114306381 | 116306381 | 72706444 | 41599937 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് ഫണ്ട് | 0 | 43760000 | 43760000 | 8695384 | 3,50,64,616 |
| കേന്ദ്രസർക്കാരിൽനിന്നുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ | 7660372 | 34579471 | 42239843 | ലഭ്യമല്ല | 9829243 |
| യുഐഡിഎസ്എംടി-കാപ്പിറ്റൽ ഗ്രാന്റ് | 161577 | 0 | 161577 | 0 | 161577 |
| പദ്ധതികൾക്കുവേണ്ടിയുള്ള ഗ്രാന്റുകൾ | 1,06,74,968 | 2,93,82,504(*) | 4,00,57,472 | ലഭ്യമല്ല | 3,34,13,571(*) |
| മറ്റ്പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ | 95,17,256 | 968980 | 10486236 | 318970 | 10167266 |

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ധനസഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയത്.
(*)ഇതിൽ കണ്ണൂർ കോർപ്പറേഷനിൽ നിന്നും 31.03.21 ന് എൽ ജി ടി എസ് ബി തനതു ഫണ്ട് അക്കൗണ്ടിലേക്ക് കൈമാറി നല്കിയ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (സി എഫ് സി – ടൈഡ് ഫണ്ട്) ആയ 2,03,00,000രൂപയും ഉൾപ്പെടുന്നു.

ഗ്രാന്റ് വിനിയോഗ പത്രിക

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദമായ പരിശോധന സാധ്യമായിട്ടില്ല. കേന്ദ്രസംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന വിഹിതങ്ങൾ പ്രോജക്ടുകളിൽ ഉൾപ്പെടുത്താതെ ചെലവഴിക്കുന്നതിനാൽ സുലേഖ ചെലവു പത്രിക ആധാരമാക്കി തയ്യാറാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ കൃത്യമല്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 487 | 452729934 | 302 | 230372526 | 51 | 186 | 251 | 51.54 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടു കളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടു കളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 19213000 | 11331941 | 59 |
| സീനിയർ വെറ്റിനറി സർജൻ | 11 | 8 | 11652101 | 6031655 | 51.76 |
| സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ | 11 | 7 | 6900000 | 3583208 | 51.93 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം | 4 | 2 | 4000000 | 2612980 | 65.32 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 1 | 0 | 300000 | 0 | 0 |
| ഐസിഡിഎസ് സൂപ്പർവൈസർ | 13 | 10 | 21857300 | 19610575 | 89.7 |
| പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 18 | 12 | 36527891 | 18829133 | 51.54 |
| സെക്രട്ടറി | 26 | 18 | 15914240 | 10809391 | 67.9 |
| മുനിസിപ്പൽ എഞ്ചിനീയർ | 339 | 211 | 282403913 | 144473878 | 51.16 |
| ഹെഡ്മാസ്റ്റർ,ജിഎൽപിഎസ് | 12 | 4 | 3803050 | 773914 | 20.35 |
| ഹെഡ്മാസ്റ്റർ, എ കെ എ എസ് ജി വി എച്ച് എസ് എസ് | 15 | 12 | 9211000 | 7197118 | 78.14 |
| പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്. വെള്ളൂർ | 8 | 5 | 5576500 | 3942469 | 70.7 |
| ഹെൽത്ത് ഓഫീസർ | 17 | 4 | 31787929 | 580351 | 1.83 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 5 | 2 | 3383010 | 395913 | 11.7 |
| ആകെ | 487 | 302 | 452729934 | 230372526 | |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകൾ

| മുന്നിരിപ്പ് | വരവ് (പലിശയുൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 61906 | 10074333 | 10136239 | 9860353 | 275886 |

മേൽ കണക്കുകൾ വാർഷികധനകാര്യപത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകൾ

മുന്നിരിപ്പ് – 72630

വരവ് – 10074333

ആകെ – 10146963

ചെലവ് – 9265650

നീക്കിയിരിപ്പ് – 881313
വ്യത്യാസത്തിനുള്ള കാരണം അറിയിക്കേണ്ടതാണ്.

## 1-7-1 സർവ്വീസ് പെൻഷനർമാർക്ക് അനുവദിച്ച പെൻഷൻ തുക തിരിച്ചു പിടിക്കേണ്ടതാണ്

പഞ്ചായത്ത് ഡയറക്ടറുടെ 04.03.21 ലെ കത്തിൽ നിർദ്ദേശിച്ചതു പ്രകാരം നഗരസഭയിലെ 30 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരാണ്. ഇതിൽ 3 പേർക്ക് നഗരസഭയിൽ നിന്നും പെൻഷൻ വിതരണം ചെയ്യാൻ തുടങ്ങിയിരുന്നില്ല. നാലു പേർ തുക തിരിച്ചടച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . ബാക്കി 23 പേരിൽ നിന്നും നാളിതു വരെ അനർഹമായി കൈമാറിയ തുക തിരിച്ചു പിടിക്കേണ്ടതും 4 പേർ തിരിച്ചടച്ച തുക ഉൾപ്പെടെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 001101023000269 നമ്പർ അക്കൗണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 5/20-21 തീയതി 06.01.22)

## 1-7-2 മരണപ്പെട്ടതായി രേഖപ്പെടുത്തിയ ഗുണഭോക്താക്കൾക്ക് ഇടവേളകളിൽ പെൻഷൻ അനുവദിക്കുന്നതും മറ്റ് അപാകങ്ങളും- വിശദമായ അന്വേഷണം ആവശ്യമാണ്.

**1.** മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക സഹകരണ ബാങ്കുകളിൽ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

നഗരസഭയിലെ ഡെത്ത് രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി , സേവന സോഫ്റ്റ് വെയർ മുഖേന പെൻഷൻ വിവരങ്ങൾ സംബന്ധിച്ച പരിശോധന നടത്തിയപ്പോൾ , ഗുണഭോക്താക്കൾക്ക് പെൻഷൻ നേരിട്ട് നല്കുന്നതിനായി സഹകരണ ബാങ്കുകൾക്ക് കൈമാറിയ തുക മുഴുവനായും വിതരണം ചെയ്യാതിരിക്കുന്ന സംഗതികൾ ശ്രദ്ധയിൽ പെട്ടു. മരണപ്പെട്ട ഗുണഭോക്താക്കളുടെ കാര്യത്തിലാണ് ഈ അപാകം സംഭവിച്ചിട്ടുള്ളത്.മരണത്തീയതിക്കു ശേഷമുള്ള ആദ്യമാസങ്ങളിൽ Deceased – തുക കൈമാറാൻ കഴിഞ്ഞില്ല എന്ന് രേഖപ്പെടുത്തുകയും തുടർന്നുള്ള മാസങ്ങളിൽ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കിന് കൈമാറി എന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുക ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയാത്ത സാഹചര്യത്തിൽ ഡിബിടി സെല്ലിലേക്ക് തിരിച്ചടച്ച് വിവരം രേഖപ്പെടുത്താതെ ഈ രീതിയിൽ സൂക്ഷിച്ചത് ശരിയല്ല. പയ്യന്നൂർ സർവ്വീസ് സഹകരണ ബാങ്ക് , പയ്യന്നൂർ റൂറൽ ബാങ്ക്, കോറോം സർവ്വീസ് സഹകരണ ബാങ്ക്, വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നീ സഹകരണ ബാങ്കുകളിൽ ഈയിനത്തിൽ എത്ര തുക ക്രമീകരിക്കാൻ ബാക്കിയുണ്ട് എന്ന് അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം4/06.01.22) ന് മറുപടിയായി വിവരം അറിയിക്കുന്നതിന് ബാങ്കുകൾക്ക് കത്ത് നല്കിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. ഓഡിറ്റ് അവസാനിച്ച തീയതി വരെയും ബാങ്കുകളിൽ നിന്നും വിവരങ്ങൾ ലഭ്യമായിട്ടില്ല. തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.പരിശോധിച്ച ഗുണഭോക്താക്കളുടെ പെൻഷൻ തുക ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് തിരിച്ചടച്ചിട്ടുണ്ട് എന്നാണ് സേവന സോഫ്റ്റ് വെയറിൽ നിന്നും വ്യക്തമാകുന്നത്.അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**2.**മരണപ്പെട്ട ഗുണഭോക്താക്കളുടെ പേരിലുള്ള പെൻഷൻ കൈമാറുന്നു

മേൽപ്പറഞ്ഞ രീതിയിൽ ഏതാനും ഗുണഭോക്താക്കളുടെ ഡെത്ത് രജിസ്ട്രേഷനുള്ള അപേക്ഷകളിൽ രേഖപ്പെടുത്തിയ ആധാർ നമ്പർ മുഖേന പരിശോധന നടത്തിയപ്പോൾ ഡിസീസ്ഡ് എന്ന് രേഖപ്പെടുത്തിയ ഗുണഭോക്താക്കളുടെ പെൻഷൻ തുക ഇടവേളകളിൽ കൈമാറിയിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, പെൻഷൻ തരം | ആധാർ നമ്പർ | പെൻഷനർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ദേവകി ഇ വി വാർധക്യ കാല പെൻഷൻ | 658071230850 | 102200204236 | 18.03.21 | 3/21,4/21 തുക നേരിട്ട് കൈമാറി |
| ദേവകി ഇ വി കർഷക പെൻഷൻ -കൃഷി വകുപ്പ് | 658071230850 | 2220241143 | 18.03.21 | 12/21വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| മാധവി അമ്മ പരിയാരം വീട്, പരിയാരം ഗ് രാമപഞ്ചായത്ത് വാർധക്യകാല പെൻഷൻ | 457455254509 | 111150200706 | 02.03.21 | 12/21വരെ അക്കൗണ്ട് ട്രാൻസ്ഫർ വിവരം ഗ്രാമപഞ്ചാ യത്തിൽ അറിയി ക്കേണ്ടതാണ്. |
| കൊയോ ങ്കാരത്തി ശ്രീദേവി കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് കർഷക തൊഴിലാളി പെൻഷൻ | 532912906675 | 111030100442 | 15.03.21 | 3/21 മുതൽ 6/21 വരെ ഡിസീസ്ഡ് എന്നുകാണിച്ചു. 7/21 മുതൽ 12/21വരെ സഹകരണ ബാങ്കിനു കൈമാറി എന്നു രേഖപ്പെടുത്തി |
| പിപികാർത്ത്യാ യനി കർഷക തൊഴിലാളി പെൻഷൻ | 408333186815 | 102200101956 | 15.11.20, | ഡയറക്ക്റ്റ് റ്റു ഹോം 10/20വരെ കൈമാറി,2/21 വരെ ഡിസീസ്ഡ് എന്നുകാണിച്ചു. 3/21,4/21തുക നല്കി. 12/21വരെ ഡിസീസ്ഡ് എന്നു കാണിച്ചു. |
| മാധവൻ.കെ ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 540151713612 | 102200202925 | 4.02.20 | ഡയറക്ക്റ്റ് റ്റു ഹോം 09/2019വരെ കൈമാറി,9/20 വരെ ഡിസീസ്ഡ് എന്നുകാണിച്ചു. 10/20,12/20 |

| | | | | |
|---|---|---|---|---|
| | | | | തുക നല്കി. |
| ഗൌരി വി<br>ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം<br>ഗുരുവായൂർ മുനിസിപ്പാലിറ്റി | 770481153762 | 101990601470 | 18.04.20 | 12/21വരെ അക്കൌണ്ടിലേക്ക് നല്കിയിട്ടുണ്ട്. നഗരസഭയെ വിവരം അറിയിക്കേണ്ടതാണ്. |
| സി കെ കാർത്ത്യായനിയമ്മ<br>കർഷക<br>പെൻഷൻ, കൃഷി വകുപ്പ് | 646681221708 | 2220241045 | 13.07.20 | 11/20വരെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്<br>Active |
| യശോദ.കെ<br>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 918370874582 | 102200203180 | 19.07.20 | 12/21 വരെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്<br>Active |
| ബാലൻ.വി.കെ.<br>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 715626706486 | 102200200721 | 17.06.20 | 9/20വരെ അക്കൗണ്ട് ട്രാൻസ്ഫർ, അതിനു ശേഷം അക്കൗണ്ട് ക്ലോസ്ഡ് ആയതിനാൽ കൈമാറിയില്ല. ആക്ടീവ് |
| കല്യാണി. എൻ.വി<br>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 715008754311 | 102200202813 | 06.10.2020 | 1/21വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| എ.വി നാരായണ പൊതുവാൾ<br>Agriculture Office Payyannur (Agricultural | 376434788899 | 2220241037 | 03.08.20 | 12/21വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |

| | | | | |
|---|---|---|---|---|
| Dept (Agriculture Pension)) | | | | |
| രുഗ്മിണിഅമ്മ പി.ടി<br>രാമന്തളിഗ്രാമ പഞ്ചായത്ത്<br>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 220835186250 | 111010201416 | 25.08.20 | 4/21വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| ,,<br>കർഷക പെൻഷൻ | ,, | 2220241882 | ,, | 10/21വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| കെ കുഞ്ഞി കണ്ണൻ<br>കർഷക തൊഴിലാളി പെൻഷൻ | 329151711448 | 102200101662 | 03.01.20 | 8/20വരെ അക്കൗണ്ട് ട്രാൻസ്ഫർ,,അതിനു ശേഷം അക്കൗണ്ട് ക്ലോസ്ഡ് ആയതിനാൽ കൈമാറിയില്ല. ആക്ടീവ് |

വിശദമായ അന്വേഷണം നടത്തി അനർഹരായ മുഴുവൻ ഗുണഭോക്താക്കളെയും ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കേണ്ടതും അനർഹമായി കൈമാറിയ തുക തിരിച്ചു പിടിക്കേണ്ടതും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 001101023000269 നമ്പർ അക്കൗണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക (*) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67,080 | 78 |
| കർഷകതൊഴിലാളി പെൻഷൻ | 23,634,900 | 1573 |
| വിധവാപെൻഷൻ | 4,05,50,800 | 2737 |
| വാർദ്ധക്യകാലപെൻഷൻ | 7,92,09,400 | 5912 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 10,108,800 | 704 |
| 50 വയസ്സിനുമുകളിലുള്ള അവിവാഹിതകൾ ക്കുള്ള പെൻഷൻ | 44,15,800 | 302 |

*(*)*സേവന സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള വിവരങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.01.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ

₹2,20,100 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല.
സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തുന്നുണ്ട്.

സാമൂഹ്യസുരക്ഷാ പെൻഷൻ

മരണപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം സേവനാ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാതിരുന്നത് അപാകമാണ്. അനർഹരുടെയും മരണപ്പെട്ടവരുടേയും വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് വാർഡുമെമ്പർമാരേയും അംഗൻവാടി വർക്കർമാരേയും ആശാവർക്കർമാരേയും ഉൾപ്പെടുത്തി ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കാവുന്നതാണ്.

റവന്യൂ വരവുകൾ

റവന്യൂ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വർഷാവസാന സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല . ലൈസൻസ് അപേക്ഷകൾ ലഭിക്കുന്ന മുറക്ക് തീർപ്പാക്കുന്നതല്ലാതെ ഫീൽഡ് തല പരിശോധന നടത്തി സ്ഥാപനങ്ങൾ ഒഴിഞ്ഞു പോകുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.ആർ പി 4 ഷെഡ്യൂളിൽ ഉൾപ്പെടുന്ന പലവക വരവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ യാതൊരു രേഖകളും നഗരസഭയിൽ ലഭ്യമല്ല. വരവു വരുന്ന തുക ഉൾപ്പെടുത്തിയ ലഡ്ജർ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആയതിലും കൃത്യമായ വിവരങ്ങൾ ഉൾപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിലും നിരവധി അപാകങ്ങൾ വന്നിട്ടുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള കേന്ദ്രീകൃത സംവിധാനം നിലവിലില്ല. അതാത് സെക്ഷനുകളുടെ ആവശ്യാർത്ഥം സൂക്ഷിക്കുന്ന രജിസ്ററുകൾ ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നില്ല. ഗ്രാന്റിനങ്ങൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ നിന്നും നഗരസഭയുടെ ധനസ്ഥിതി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്നില്ല.മാസാന്ത്യ റികൺസിലിയേഷൻ നടത്താത്തതും അപാകമാണ്. വാർഷിക ഒത്തുനോക്കൽ പത്രികകളിൽ നിരവധി അപാകങ്ങളുണ്ട്.

വസ്തുനികുതി കുടിശിക

വസ്തു നികുതി പോലുള്ള തനതു വരുമാന സ്രോതസ്സുകളിൽ കുടിശിക വർധിച്ചു വരുന്നത് നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കും. തനതു വരുമാനം പിരിച്ചെടുക്കുന്ന കാര്യത്തിൽ സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.ജീവനക്കാരുടെ അപര്യാപ്തതയാണ് ആയതിന് കാരണമായി അറിയിച്ചത്. വ്യക്തമായ ആസൂത്രണത്തിലൂടെ തനതു വരുമാനച്ചോർച്ച തടയാനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ കൃത്യമായ കണക്കുകളില്ല, നികുതി ഒടുക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി സംബന്ധിച്ച കൃത്യമായ കണക്കുകൾ നഗരസഭയിൽ ലഭ്യമല്ല. ഭൂമിയുടെ അടിസ്ഥാന നികുതി വില്ലേജ് ഓഫീസുകളിൽ ഒടുക്കു വരുത്തുന്നില്ല എന്നതും അപാകമാണ്. കൈയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും പുറമ്പോക്ക് ഭൂമിയുൾപ്പെടെ നഗരസഭയുടെ അധീനതയിലുള്ള ഭൂമി കണ്ടെത്തി സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

നിഷ്ക്രിയ ആസ്തി

സ്രോതസ്സ് ഉറപ്പു വരുത്താതെ യു ഐ ഡി എസ് എസ് എം ടി ഗ്രാന്റുപയോഗപ്പെടുത്തി 53കോടി രൂപയിലേറെ ചെലവഴിച്ച പയ്യന്നൂർ കുടിവെള്ള പദ്ധതി ലക്ഷ്യപ്രാപ്തികൈവരിച്ചില്ല എന്നത് ആസൂത്രണത്തിലെ പിഴവാണ് കാണിക്കുന്നത്. പദ്ധതിക്കായി മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ആർജ്ജിച്ച ഭൂമിയും സംരക്ഷിക്കപ്പെട്ടിട്ടില്ല. നിഷ്ക്രിയ ആസ്തികൾ ഇല്ലെന്നാണ് ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചത്. ആയത് ശരിയല്ല.

നിഷ്ക്രിയമായി കിടക്കുന്ന ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ കണ്ടെത്തേണ്ടതും ഫലപ്രദമായ ഉപയോഗം ഉറപ്പു വരുത്തേണ്ടതുമാണ്.

ബസ്സ്റ്റാൻഡ്

വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച നഗരസഭാ ബസ്സ്റ്റാൻഡ് നിർമ്മാണം നാളിതുവരെയും ലക്ഷ്യത്തിലെത്തിയിട്ടില്ല. സ്റ്റേഡിയം നിർമ്മാണവും പാതിവഴിയിലാണ്.

ആസൂത്രണം

താലൂക്ക് ആശുപത്രിയിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്കു വേണ്ടിയുള്ള അഭയ കേന്ദ്രം നിർമ്മാണത്തിനായി പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയ ശേഷമാണ് പ്രസ്തുത സ്ഥലം കിഫ്ബി വഴിയുള്ള പദ്ധതിക്കു വേണ്ടി ഏറ്റെടുത്തതാണെന്ന വിഷയം ശ്രദ്ധയിൽ പെടുന്നത്. ഇത്തരം അപാകങ്ങൾ , വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ട പൊതുപണത്തിന്റെ അനാവശ്യച്ചെലവുകൾക്ക് ഇടയാക്കുന്നുവെന്ന വിഷയം നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു. ജൈവഗ്രാമം പദ്ധതിയും ലക്ഷ്യത്തിലെത്തിയിട്ടില്ല.

വെള്ളൂർ വില്ലേജിൽ ഉൾപ്പെടുന്ന മുനിസിപ്പൽ കുളം എന്ന സ്ഥലം മണ്ണിട്ട് നികത്തി സ്വകാര്യവ്യക്തി കൈവശപ്പെടുത്തിയതായും സ്ഥലത്തിന്റെ സ്കെച്ച് തയ്യാറാക്കി നഗരസഭയുടെ ഭൂമിതിരിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തഹസിൽദാർക്ക് കത്ത് നല്കിയതായും കൗൺസിൽ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (റി.സ നമ്പർ 46/19,30.10.2019 ലെ കൗൺസിൽ തീരുമാനം നമ്പർ (8) തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-10 വാർഡ് സഭ,കമ്മറ്റികൾ

വാർഡ് സഭ

കോവിഡ് പശ്ചാത്തലത്തിൽ നിയന്ത്രണങ്ങൾ നിലനില്ക്കുന്നതിനാൽ 2020-21 സാമ്പത്തിക വർഷം നഗരസഭയിലെ 44 വാർഡുകളിലും ഒരു തവണ മാത്രമാണ് വാർഡുസഭകൾ ചേർന്നിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ , പദ്ധതി അവലോകനം , ഗ്രൂപ്പ് ചർച്ചകൾ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി തുടങ്ങി വിവിധ വിഷയങ്ങൾ വാർഡുസഭകളുടെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഡു സഭാ മിനുട്സ് പങ്കെടുത്ത 15 പേരെങ്കിലും സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

മോണിറ്ററിംഗ്

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പദ്ധതി നിർദ്ദേശങ്ങൾ നല്കുക എന്നതിൽ കവിഞ്ഞുള്ള ചുമതലകളൊന്നും നിർവ്വഹിക്കുന്നില്ല എന്നാണ് വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിൽ നിന്നും വ്യക്തമാകുന്നത്. വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനെ ഒഴിവാക്കിക്കൊണ്ട് രൂപീകരിക്കുന്ന മോണിറ്ററിംഗ് കമ്മറ്റിയാണ് പദ്ധതികളുടെ മോണിറ്ററിംഗ് നടത്തേണ്ടതെങ്കിലും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെയാണ് ഒപ്പു വച്ചിട്ടുള്ളത്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

അതാത് സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പരിധിയിൽ വരുന്ന ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഉണ്ടാകേണ്ടതുണ്ട്. ബജറ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് മിനുട്സ് ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-11 രജിസ്റ്റർ സൂക്ഷിപ്പ്

താഴെ പറയുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

1.വരവു രജിസ്റ്ററുകൾ-പെർമ്മിറ്റ് രജിസ്റ്റർ , പലവക വരവു രജിസ്റ്റർ, തൊഴിൽ നികതി ഡിമാന്റ് രജിസ്ററർ , കുടിശിക ഡിമാന്റ് രജിസ്റ്റർ

2.ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ

3.പുറമ്പോക്ക് രജിസ്റ്റർ

4.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ- മറ്റ് ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന്

5.ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 1-12 കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ് മെന്റ് കോർപ്പറേഷൻ - ലീസ് -സർക്കാർ അനുമതി സംബന്ധിച്ച്

ഫയൽ നമ്പർ ഇ **2-27666/16**

കലാമൂല്യമുള്ള നല്ല മലയാള ചലച്ചിത്രങ്ങൾ കേരളത്തിലെ പ്രേക്ഷകരിൽ ഒരേ സമയം എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാനപങ്ങൾ സ്ഥലം അനുവദിക്കുന്ന പ്രദേശങ്ങളിൽ കേരളത്തിലുടനീളം തിയേറ്റർ സമുച്ചയം സ്ഥാപിക്കുക എന്ന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ പദ്ധതിയുടെ ഭാഗമായി സ്ഥലം വിട്ടു നല്കാൻ നഗരസഭ തയ്യാറാവുകയും സ്റ്റേഡിയം നിർമ്മിക്കുന്നതിനും വിനോദപരിപാടികൾ നടത്തുന്നതിനുമായി നഗരസഭ 2000-01 സാമ്പത്തിക വർഷം തനതുഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്ത പയ്യന്നൂർ വില്ലേജിലെ 99/1,101/3,100/2 എന്നീ നമ്പറുകളിൽ ഉൾപ്പെട്ട 10.26 ഏക്കർ ഭൂമിയിൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം കോർപ്പറേഷന് ലീസ് വ്യവസ്ഥകൾ പ്രകാരം 30 വർഷത്തേക്ക് പാട്ടത്തിന് വിട്ടു നല്കാൻ നഗരസഭാ കൗൺസിലിന്റെ 27.10.16 ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നല്കുകയും ചെയ്തു.

**1)**റി സ നമ്പർ 101/3 ൽ പെട്ട സ്ഥലമാണ് വിട്ടു നല്കാൻ തീരുമാനിച്ചത്. സഉ(സാധാ)നം 1839/18/ തസ്വഭവ തീയതി 05.07.18 ഉത്തരവു പ്രകാരം അനുമതി നല്കിയതും പ്രസ്തുത സ്ഥലം തന്നെയാണ്.എന്നാൽ ലീസ് എഗ്രിമെന്റിൽ 99/1 ൽ പെട്ട 50 സെന്റ് സ്ഥലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ അനുമതി ലഭിച്ചതിൽ നിന്നും വ്യത്യസ്തമായ സ്ഥലം ലീസിന് നല്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

**2)**11.08.17 ലെ നഗരസഭാ കൗൺസിൽ തീരുമാനം നമ്പർ 1 പ്രകാരം നിശ്ചയിച്ച ലീസ് തുക പ്രതിമാസം 25000രൂപയാണ്. 04.12.19തീയതിയിൽ നഗരസഭാ സെക്രട്ടറിയും ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷൻ എംഡിയും ഒപ്പുവച്ച എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം തിയറ്റർ നിർമ്മാണം പൂർത്തിയാവുകയോ എഗ്രിമെന്റ് വച്ച് രണ്ടുവർഷം പൂർത്തിയാവുകയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അന്നു മുതൽ ലീസ് തുക ഒടുക്കാൻ തുടങ്ങണം.മൂന്നുവർഷം കൂടുമ്പോൾ അടിസ്ഥാന പാട്ടസംഖ്യയുടെ 10% വീതം വർധിപ്പിക്കണം. 2019 ഡിസംബർ 1 മുതൽ 30 വർഷത്തേക്കാണ് പാട്ടക്കാലാവധി.പ്രതിവർഷ ലാഭവിഹിതത്തിന്റെ 20% വരുന്ന തുകയും നഗരസഭയ്ക്ക് നല്കാൻ ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ബാധ്യസ്ഥമാണ്. വരുമാനം നിശ്ചിത സമയം മുതൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**3)**തിയറ്റർ കോംപ്ലക്സ് നിർമ്മാണത്തിനായി 30സെന്റ് സ്ഥലം കൂടി വേണമെന്ന കോർപ്പറേഷന്റെ അപേക്ഷ പരിഗണിച്ച് നഗരസഭാ കൗൺസിലിന്റെ 25.02.20 തീയതിയിലെ 64 നമ്പർ തീരുമാന പ്രകാരം പ്രസ്തുത സ്ഥലത്തോട് ചേർന്നുള്ള 20 സെന്റ് സ്ഥലം കൂടി അതേ പാട്ടവ്യവസ്ഥയിൽ വിട്ടു നല്കാൻ തീരുമാനമെടുത്തു. ആകെ ലീസ് തുക പ്രതിമാസം ₹35000. 20സെന്റ് സ്ഥലം വിട്ടു നല്കുന്നതിന് നാളിതു വരെ സർക്കാർ അനുമതി ലഭിച്ചിട്ടില്ല. കെട്ടിട നിർമ്മാണം പുരോഗമിക്കുന്ന സാഹചര്യത്തിൽ സർക്കാർ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

**4)**തിയറ്റർ കോംപ്ലക്സ് നിർമ്മാണത്തിന് പെർമ്മിറ്റ് നല്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. കുട്ടികളുടെ പാർക്കിനു സമീപത്തായി കെട്ടിട നിർമ്മാണം നടക്കുന്നുണ്ട്.
ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 44/20.01.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 കെട്ടിട നികുതി നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച്

നഗരസഭയിലെ വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 60 രൂപയും വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 80 രൂപയുമാണ്. നഗരസഭയിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചില വാണിജ്യ

കെട്ടിടങ്ങളെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽ പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 21 തീയതി 17.01.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച, ചുവടെ ചേർത്ത വാണിജ്യ കെട്ടിടങ്ങളുടെ കെട്ടിട നികുതി പുതിയ നിരക്കിൽ പുതുക്കി നിശ്ചയിച്ച് പുനർനിർണയം ചെയ്യേണ്ടതാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | ജനത ചാരിറ്റബിൾ സൊസൈറ്റി | 3/26-8 | 672.49 | 60 | 80 |
| 2 | ടി കെ സുനിൽ കൃഷ്ണൻ | 5/313 | 288.64 (GF - 194.89 FF – 93.75) | 60 | 80 |
| 3 | നാലുപുരപ്പാട്ടിൽ അഹമ്മദ് | 5/591 | 312.8 | 60 | 80 |
| 4 | കെ കെ ജയപ്രകാശ് | 16/237 | 119 | 60 | 80 |
| 5 | മുനിയൻകോട് കുഞ്ഞഹമ്മദ് ഹാജി | 19/522 | 211.05 | 60 | 80 |
| 6 | തലക്കൽ കുഞ്ഞാണി പ്രേമൻ | 19/812 | 143 | 60 | 80 |
| 7 | തലക്കൽ കുഞ്ഞാണി പ്രേമൻ | 19/813 | 143 | 60 | 80 |
| 8 | പി സി അഹമ്മദ് ഹാജി | 19/1561 | 145.8 | 60 | 80 |
| 9 | കിഴക്കേ കൊടിയത്ത് ധനഞ്ജയൻ | 19/2218 | 151.32 | 60 | 80 |

മേൽ പട്ടികയിലെ കെട്ടിടങ്ങളിൽ നിന്ന് പുതിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 കുടിശിക ഈടാക്കാതെ വേക്കൻസി റെമിഷൻ അനുവദിച്ചു

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 239 പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധ വർഷത്തിൽ ഒഴിഞ്ഞോ വാടകയ്ക്ക് കൊടുക്കാതെയോ കിടന്നിരുന്നാൽ ആ അർദ്ധ വർഷത്തേക്കുള്ള നികുതി ഇളവ് ചെയ്ത് കിട്ടുന്നതിന് ഉടമസ്ഥന് അവകാശമുണ്ടായിരിക്കുന്നതാണ്. ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ പരിഗണിച്ച് നഗരസഭാ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി 2020-21 ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ വിവിധ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ

പല കെട്ടിടങ്ങൾക്കും മുൻകാലങ്ങളിലെ കുടിശ്ശിക ഈടാക്കാതെയാണ് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 37 തീയതി 19.01.2022) മറുപടിയായി ഓഡിറ്റ് എൻക്വയറിയിലെ പട്ടികയിൽ പരാമർശിച്ച 18/76A2, 18/494, 18/514, 19/2345 എന്നീ കെട്ടിടങ്ങൾക്ക് വസ്തുനികുതി കുടിശ്ശിക ഇല്ലെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ 19/707 A3, 19/707 A4, 19/707 A5, 19/707 A6, 19/707 A7, 19/707 A8, 19/707 B5 എന്നീ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

വസ്തു നികുതി കുടിശ്ശികയുള്ള കെട്ടിടങ്ങളിൽ നിന്ന് ആയത് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വേക്കൻസി റെമിഷൻ അനുവദിച്ച എല്ലാ കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ സഞ്ചയയിൽ പോസ്റ്റിങ്ങ് വരുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, പ്രസ്തുത കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇനത്തിൽ കുടിശ്ശികയുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 അനധികൃത കെട്ടിട നിർമ്മാണം - തുടർ നടപടികൾ സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. പയ്യന്നൂർ നഗരസഭയിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്ററിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 18 തീയതി 17.01.2022) മറുപടിയായി മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1/2014/ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്ത മാതൃകയിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതും കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങൾ പരിഹരിക്കപ്പെട്ടതിന്റെ വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി ഒടുക്കു വരുത്താത്തത് സംബന്ധിച്ച്

നഗരസഭയിലെ 2020-21 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ച് നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന, ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്താത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി നം 20 തീയതി 17.01.2022 മുഖേന നൽകിയതാണ്. ഇതിന് മറുപടിയായി, ഓഡിറ്റ് എൻക്വയറിയിലെ പട്ടികയിൽ പരാമർശിച്ച ചില സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഈടാക്കിയിട്ടില്ലാത്ത, ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

| രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 14 | ഭാരത് ലച്ന മൾട്ടി സ്റ്റാറ്റിക് ഹൌസിങ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 2020-21 II-ാം അർദ്ധ വർഷം ” ” |
| 19 | സെഞ്ചുറി ഫാഷൻ സിറ്റി | ” ” |
| 20 | ബോംബെ ഹോട്ടൽ | ” ” |

| | | |
|---|---|---|
| 22 | മെട്രോ ഹൈപ്പർ മാർക്കറ്റ് | ” ” |
| 23 | മനോഹർ ജ്വല്ലറി | ” ” |
| 24 | അനാമയ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ | ” ” |
| 25 | അലങ്കാർ കർട്ടൻസ് | ” ” |

മേൽ പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ

പയ്യന്നൂർ നഗരസഭയിലെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

A) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്നിട്ടുണ്ട്.

| സ്ഥാപനം | പേര് | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | എ ഗിരിജ | 1 | 1,28,668 | 1000 | 1250 | 250 |
| സബ് ട്രഷറി, പയ്യന്നൂർ | സീന എം | 1 | 1,33,200 | 750 | 1250 | 500 |
| എൽ ഐ സി ഓഫ് ഇന്ത്യ | എസ് രാജൻ | 1 | 537640 | 1042 | 1250 | 208 |
| | ടി ഉണ്ണികൃഷ്ണൻ | 1 | 299525 | 1042 | 1250 | 208 |
| താലൂക്ക് ആശുപത്രി, പയ്യന്നൂർ | രമ്യ കെ വി | 1 | 48,000 | 300 | 450 | 150 |
| | ബീന എം | 1 | 48,000 | 300 | 450 | 150 |
| | ശൈലജ ടി | 1 | 48,000 | 300 | 450 | 150 |
| | അതുൽ മുരളി | 1 | 48,000 | 180 | 450 | 270 |
| | ശരണ്യ | 1 | 1,02,000 | 450 | 1000 | 550 |
| | ആൻസി ചാക്കോ | 1 | 1,02,000 | 450 | 1000 | 550 |
| | അനില കെ വി | 1 | 1,02,000 | 450 | 1000 | 550 |
| | കേസിയ വർഗ്ഗീസ് | 1 | 1,02,000 | 450 | 1000 | 550 |
| | സ്നേഹ ടി വി | 1 | 1,02,000 | 450 | 1000 | 550 |

| | | | | | | |
|---|---|---|---|---|---|---|
| | ശർമിള ടി | 1 | 48,000 | 300 | 450 | 150 |
| | രേഖ എം | 1 | 48,000 | 300 | 450 | 150 |
| ചോള ബിസിനസ് സർവീസ് | സന്ദൂപ് പി | 1 | 1,30,858 | 1000 | 1250 | 250 |
| | നിബിൽ ബാലകൃഷ്ണൻ | 1 | 1,29,089 | 1000 | 1250 | 250 |
| | ധനേഷ് എ | 1 | 1,43,141 | 1000 | 1250 | 250 |
| ആർഷ വിദ്യാലയം, അന്നൂർ | എം ചന്ദ്രിക | 1 | 30,000 | 180 | 300 | 120 |
| | പി ചിത്രജ | 1 | 30,000 | 180 | 300 | 120 |
| | കെ രജിത | 1 | 30,000 | 180 | 300 | 120 |
| | എം സവിത | 1 | 30,000 | 180 | 300 | 120 |
| | കെ പി ഷീബ | 1 | 30,000 | 180 | 300 | 120 |
| | പി ക്ഷേമ | 1 | 30,000 | 180 | 300 | 120 |
| | എസ് ശ്രീകല | 1 | 30,000 | 180 | 300 | 120 |
| | കെ കെ സുനിത | 1 | 30,000 | 180 | 300 | 120 |
| പയ്യന്നൂർ ടൂറിസം വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി | രാമചന്ദ്രൻ എൻ | 2 | 62688 | 450 | 600 | 150 |
| | രഞ്ജിത്ത് പി വി | 2 | 46824 | 300 | 450 | 150 |
| | കരുണാകരൻ പി വി | 2 | 46824 | 300 | 450 | 150 |
| | ഉണ്ണികൃഷ്ണൻ പി വി | 2 | 48900 | 300 | 450 | 150 |
| | ജയൻ സി വി | 2 | 45714 | 300 | 450 | 150 |
| | മുത്തലേഷ് എൻ | 2 | 46,266 | 300 | 450 | 150 |
| | മനു എ കെ | 2 | 46,824 | 300 | 450 | 150 |
| | ജയൻ കെ | 2 | 46,266 | 300 | 450 | 150 |
| | കുമാരൻ കെ പി | 2 | 45,162 | 300 | 450 | 150 |
| | സജേഷ് കുമാർ കെ | 2 | 47,514 | 300 | 450 | 150 |
| | അജയകുമാർ ടി വി | 2 | 47,514 | 300 | 450 | 150 |
| സബ ഹോസ്പിറ്റൽ | ലില്ലിക്കുട്ടി ജെയ്സൺ | 2 | 1,26,000 | 1000 | 1250 | 250 |
| | ദിക്കിന മേരി | 2 | 1,26,000 | 1000 | 1250 | 250 |
| | ജോളി ജോസഫ് | 2 | 1,26,000 | 1000 | 1250 | 250 |
| | ശ്രുതി എസ് | 2 | 60000 | 450 | 600 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | ഡെൽന ബേബി | 2 | 78000 | 600 | 750 | 150 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് | സരിത എം | 2 | 1.05,093 | 750 | 1000 | 250 |
| താലൂക്ക് ആശുപത്രി, പയ്യന്നൂർ | അനുപമ ടി | 2 | 1,26,000 | 1000 | 1250 | 250 |
| | സൂര്യ സജീവ് | 2 | 1,88,700 | 750 | 1250 | 500 |
| | വൈഷ്ണ | 2 | 1,26,000 | 1000 | 1250 | 250 |
| | ശൈലജ | 2 | 1,86,000 | 750 | 1250 | 500 |
| | ഡോ. സുലജ ഷാഹുൽ | 2 | 1,86,000 | 750 | 1250 | 500 |
| കണ്ടോത്ത് പോസ്റ്റോഫീസ് | ചന്ദ്രിക പി | 2 | 1,11,639 | 750 | 1000 | 250 |
| ആക്സിസ് ബാങ്ക് | സജിൽ | 2 | 1,00,000 | 750 | 1000 | 250 |
| | ശരത് | 2 | 1,00,000 | 750 | 1000 | 250 |
| | വിഷ്ണു | 2 | 1,00,000 | 750 | 1000 | 250 |
| ആർഷ വിദ്യാലയം, അന്നൂര് | എം ചന്ദ്രിക | 2 | 30,000 | 180 | 300 | 120 |
| | പി ചിത്രജ | 2 | 30,000 | 180 | 300 | 120 |
| | കെ രജിത | 2 | 30,000 | 180 | 300 | 120 |
| | എം സവിത | 2 | 30,000 | 180 | 300 | 120 |
| | കെ പി ഷീബ | 2 | 30,000 | 180 | 300 | 120 |
| | പി ക്ഷേമ | 2 | 30,000 | 180 | 300 | 120 |
| | എസ് ശ്രീകല | 2 | 30,000 | 180 | 300 | 120 |
| | കെ കെ സുനിത | 2 | 30,000 | 180 | 300 | 120 |
| | | | | | | 13556 |

B) നഗരസഭാ പരിധിയിലെ അംഗണവാടികളിലെ വർക്കർമാർ, ഹെൽപ്പർമാർ, പാലിയേറ്റീവ് നഴ്സുമാർ, 2020-21 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 19 തീയതി 17.01.2022) മറുപടിയായി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്നിട്ടുള്ള തുക അടവാക്കുന്നതിന് അതാത് സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ നഗരസഭാ പരിധിയിലെ അംഗണവാടികളിലെ വർക്കർമാർ, ഹെൽപ്പർമാർ, പാലിയേറ്റീവ് നഴ്സുമാർ, മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാർ എന്നിവരിൽ നിന്ന് നടപ്പ് സാമ്പത്തിക വർഷം മുതൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **1-18 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ**

## അവശേഷിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവറിന്റെ/ഉടമയുടെ വിവരം | വസ്തുനികുതി (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 12/29/3 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 93,150 | 2018-19 മുതൽ കുടിശ്ശിക |
| 12/461/A1 | എ കുഞ്ഞിരാമൻ, പി ദാക്ഷായണി | ഡിമാൻഡ് ചെയ്തിട്ടില്ല. | |
| 16/972/13 | എം എൻ പ്രേമ, കൃഷ്ണൻ നായർ | 22,040 | 2016-17 മുതൽ കുടിശ്ശിക |
| 19/1046/1 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 17,402 | 2019-20 മുതൽ കുടിശ്ശിക |
| 28/667/1 | ചാനൽ നെറ്റ്.വർക്ക്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 5,417 | 2018-19 മുതൽ കുടിശ്ശിക |
| 37/203/1 | ജി ടി എൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 12,481 | 2019-20 മുതൽ കുടിശ്ശിക |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 17 തീയതി 17.01.2022) മറുപടിയായി മേൽ പട്ടികയിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 മുനിസിപ്പാലിറ്റി പരിധിയിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരളാ മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ,ചട്ടം 3 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല.ഗൂഗിൾ സെർച്ച് ചെയ്തതിൽ നിന്ന് താഴെപ്പറയുന്ന സ്ഥാപനങ്ങൾ പയ്യന്നൂർ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നതായി കണ്ടു.ആയവ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | റൂട്ട്സ് മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്,രാജധാനി |

| | |
|---|---|
| 2 | അൽ നൂർ ഡെന്റൽ കെയർ,സിറ്റി ടവർ |
| 3 | പയ്യന്നൂർ ഡെന്റൽ ക്ലിനിക് ആൻഡ് ഫേഷ്യൽ സർജറി,ഇംപ്ലാന്റ് സെന്റർ,ബി.എസ്.എൻ.എൽ ഭവന് എതിർവശം |
| 4 | ഡോ.കാവ്യാസ് 32 കെയർ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ കെയർ,ഹുസൈൻ മാൾ |
| 5 | ഡോ.നീരജ്സ് വൈറ്റ് ഡെന്റൽ കെയർ ഓർത്തോഡോന്റിക് ഇംപ്ലാന്റ് സെന്റർ,പെരുമ്പ |
| 6 | ഡോ.വരുൺ നമ്പ്യാർസ് ഡെന്റൽ ഹോസ്പിറ്റർ,ബി.എസ്.എൻ.എൽ ടെലിഫോൺ എക്സ്ചേഞ്ചിനു സമീപം |
| 7 | ബരത് ഡെന്റൽ ക്ലിനിക്,ബരത് കോംപ്ലക്സ് |
| 8 | ശുശ്രൂഷ ഡെന്റൽ ക്ലിനിക്,പഴയ ബസ്സ്റ്റാന്റിന് സമീപം |
| 9 | ഡെന്റൽ ആർട് ഡെന്റൽ ക്ലിനിക്,അമ്പലത്തറ കണ്ടോത്ത് |
| 10 | കണ്ണൂർ ഇംപ്ലാന്റ് സെന്റർ,റൊട്ടോണ ടവർ |
| 11 | ഡോ.സുധീഷ് ഡെന്റൽ ആൻഡ് ഇംപ്ലാന്റ് സെന്റർ,ബി.കെ.എം ജങ്ഷൻ |
| 12 | പീരിയോഡെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്,കോത്തായിമുക്ക് |
| 13 | ശ്രദ്ധ ഹോസ്പിറ്റൽ,അന്നൂർ റോഡ് |
| 14 | ഡോ.വി.സി.നായനാർ മെമ്മോറിയൽ ഹോസ്പിറ്റർ, |
| 15 | ഡോ.മീനാക്ഷിയമ്മ മെമ്മോറിയൽ ഹോസ്പിറ്റൽ |
| 16 | സഹകരണ ആശുപത്രി,പയ്യന്നൂർ |
| 17 | പയ്യന്നൂർ ഐ ഫൗണ്ടേഷൻ സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റൽ,മെയിൻ റോഡ് |
| 18 | അശ്വനി ആയുർവേദ ഹോസ്പിറ്റൽ ആൻഡ് ഫാർമസി,രാജധാനി DTS സിനിമ റോഡ് |
| 19 | വൈദ്യരത്നം ആയുർവേദിക് ക്ലിനിക്,കേളോത്ത് |
| 20 | ആയുർവേദ,കേളോത്ത് |
| 21 | വിശ്രാന്തി ഹോമിയോ ക്ലിനിക് ആൻഡ് കൗൺസലിംഗ് സെന്റർ,പുതിയ സ്റ്റാന്റിന് സമീപം |
| 22 | ഡോ.ബിന്ദുശ്രീ ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലിനിക്,റൂബി ബിൽഡിംഗ് |
| 23 | ശ്രീ.സത്യ സായി ഹോമിയോ ക്ലിനിക്,പെരുമ്പ |
| 24 | ആർ.കെ.ഹോമിയോപതി,ഗാന്ധി പാർക്കിന് സമീപം |
| 25 | ഡോസ്സൺസ് ഹോമിയോ സോൺസ്,പുതിയ സ്റ്റാന്റിന് സമീപം |
| 26 | ഡോ.ശ്രീകുമാർ നായനാർ ഐ മൈക്രോസർജറി ക്ലിനിക് നിർമലാലയം,ഗവ.ആശുപത്രി റോഡ് |
| 27 | ഡോ.ബാബു ഐ കെയർ,സൊസൈറ്റി പ്രസ്സ് റോഡ് |

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക്(14/15.1.22) മറുപടി ലഭ്യമാക്കിയിട്ടില്ല.മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഫീൽഡ് പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 ഭേദഗതി ഉത്തരവിനുശേഷമുള്ള എഫ്.ടി.ഇ.ആൻഡ്.ഒ.എസ് ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിലെ മൂലധന നിക്ഷേപം പരിശോധിക്കപ്പെടുന്നില്ല.

സർക്കാർ ഉത്തരവ് (പി)നമ്പർ 62/20 ത സ്വ ഭ വ തി.30-10-20പ്രകാരം കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2020 നിലവിൽ വന്നിട്ടുണ്ട്.മേൽ ചട്ടം പ്രകാരം വിവിധ വ്യവസായങ്ങൾ ഫാക്ടറികൾ വ്യാപാരങ്ങൾ സംരംഭക പ്രവർത്തനങ്ങൾ മറ്റു സേവനങ്ങൾ എന്നിവയെ ഉൽപാദന മേഖല,സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത്.

എന്നാൽ 2021-22 ലേക്ക് ലൈസൻസ് പുതുക്കാൻ സമർപ്പിച്ച അപേക്ഷകളിൽ മൂലധന നിക്ഷേപം കണക്കാക്കിയിരിക്കുന്നത് ഫീൽഡ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല. ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തുന്ന തുകയാണ് മൂലധന നിക്ഷേപമായി എടുക്കുന്നത്.വലിയ മുതൽ മുടക്കുള്ള സംരംഭങ്ങങ്ങൾക്ക് ഇപ്രകാരം അപേക്ഷകൻ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപം ആധാരമാക്കി ലൈസൻസ് ഫീ കണക്കാക്കുന്നത് വരുമാന ചോർച്ചയ്ക്ക് കാരണമാകും. ഫീൽഡ് പരിശോധന നടത്തി മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്.

## 1-21 കുടിവെള്ളക്കരം -കുടിശ്ശിക ഒഴിവാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ 2019-20 വർഷത്തിൽ ലഭിച്ച ബിൽ നം 32566/4.4.19 പ്രകാരം ഏപ്രിൽ 2019 ലെ കുടിശ്ശിക 1406 രൂപയായിരുന്നു. ആയത് പ്രതിമാസം വർദ്ധിച്ച് ബിൽ നം 41277 /4.3.2020 പ്രകാരം മാർച്ച് 2020 ലെ കുടിശ്ശിക തുക 230727+4525 Fine രൂപയും ബിൽ നം 49870/4.3.21 പ്രകാരം മാർച്ച് 2021 ലെ കുടിശ്ശിക 301898+5895 Fine രൂപയും കേരള വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുടെ തളിപ്പറമ്പ ഡിവിഷനിൽ നിന്ന് ലഭിച്ച കത്തിൽ ( KWA/ WSDN/TBPA/REV/GL/2016 തി 04.03.20) 03/2019 വരെ 1406 രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നും 04/2019 മുതൽ 03/20 വരെ വെള്ളക്കരമിനത്തിൽ 8,27,820 രൂപയും പിഴ ഇനത്തിൽ 33,673 രൂപയും അടക്കം 8,62,899 രൂപയാണ് അടക്കേണ്ടത് എന്നും 04/2019 മുതൽ 03/20 വരെയുള്ള കാലയളവിൽ 6,27,647 മാത്രമേ അടച്ചതായി രേഖകളുള്ളൂ എന്നും 11.03.20 ൽ ഒടുക്കിയ 67,671 രൂപയും കണക്കിലെടുത്താൽ 03/20 വരെയുള്ള കുടിശ്ശിക 2,35,252 രൂപയാണെന്നും അറിയിച്ചിട്ടുണ്ട്. 04/2019 മുതൽ 03/20 വരെയുള്ള പൊതുടാപ്പുകളുടെ വെള്ളക്കരത്തിന്റെ വിശദവിവരങ്ങൾ (UTR നമ്പർ, അടച്ച തുക, തിയ്യതി )അറിയിച്ചാൽ നടപടി സ്വീകരിക്കുന്നതാണ് എന്ന് കത്തിലൂടെ അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം 24.07.20 ലെ E3-713/14 നമ്പർ കത്തിലൂടെ 04/2019 മുതൽ 03/20 വരെയുള്ള കാലയളവിൽ വെള്ളക്കരം ഒടുക്കിയതിന്റെ വിശദാംശങ്ങൾ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടും തുടർന്നുള്ള ബില്ലുകളിലും കുടിശ്ശിക ഉൾപ്പെടുത്തിയാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. തുടർന്ന് കേരള വാട്ടർ അതോറിറ്റിയുടെ തളിപ്പറമ്പ ഡിവിഷനിൽ നിന്ന് ലഭിച്ച കത്തിൽ (KWA/WSDN/TPBA/A1/LSGD/28.07.20) ട്രഷറി/ബാങ്ക് മുഖാന്തിരം വാട്ടർ അതോറിറ്റിയുടെ ഹെഡാഫീസിലേക്ക് വെള്ളക്കരം നേരിട്ട അടവാക്കിയതിന്റെ വിവരം യഥാസമയം തളിപ്പറമ്പ ഡിവിഷനിൽ അറിയാത്തതിനാലാണ് തുകകൾ ബില്ലിൽ നിന്ന് കുറവ് വരുത്താൻ സാധിക്കാതിരുന്നതെന്ന് എന്നും ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്ന് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. മാത്രമല്ല ഡിസംബർ 2021 മാസത്തെ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസിൽ തൻമാസത്തെ വെള്ളക്കരത്തോടോപ്പം (₹71053) കുടിശ്ശികയും ആയതിന്റെ പിഴപലിശയുമടക്കം(₹369553) 4,40,606 രൂപയാണ് ഡിമാന്റ് ചെയ്തിട്ടുള്ളതത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 43/20.01.22) കുടിവെള്ളക്കരം കുടിശ്ശിക വരുത്താതെ അടച്ചിട്ടുള്ളതാണെന്നും ഇത് സംബന്ധിച്ച് വാട്ടർ

അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതാണ് എന്നുമാണ് മറുപടി നൽകിയത്.

കുടിവെള്ളക്കരം യഥാസമയം കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടും വെള്ളക്കരമിനത്തിലെ കുടിശ്ശിക കൂട്ടുപലിശ ചേർത്ത് ഓരോമാസവും വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്. വാട്ടർ അതോറിറ്റിയിൽ നിന്നും പ്രതിമാസം ലഭിക്കുന്ന ഡിമാന്റ് നോട്ടീസിൽ നിന്നും കുടിശ്ശിക ഒഴിവാക്കുന്നതിന് തുടർ നടപടികൾ സ്വീകരികരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തിരികെ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അപ്രന്റീസ്മാരെ നിയോഗിക്കുന്നതിന് കണ്ണൂർ ജില്ലാ ആർ ഐ സെന്റർ അസിസ്റ്റന്റ് അപ്രന്റീസ് ഷിപ്പ് അഡ്വൈസറുടെ ഓഫീസിൽ നിന്നും ലിസ്റ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടികാഴ്ച നടത്തി ഡി- സിവിൽ, ഹെൽത്ത് സാനിറ്റേഷൻ, എന്നീ വിവിധ ട്രേഡുകളിൽപരിശീലനത്തിന് പ്രവേശിപ്പിക്കുകയും ചെയ്യുന്ന പരിശീലനാർത്ഥികൾക്ക് , അപ്രന്റീസുകൾക്ക് അനുവദിക്കുന്ന സ്റ്റൈപ്പന്റ് തുകയുടെ 25% (പരമാവധി ₹1500) റി-ഇമ്പേർസ് ചെയ്യുന്നതായിരിക്കും എന്നും ആയതിന് നിശ്ചിത പ്രൊഫോർമയിൽ പരിശീലനത്തിന് ഹാജരായതിന്റെ വിശദാംശങ്ങൾ എല്ലാമാസവും 12-ാം തിയ്യതിക്കു മുമ്പായി അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുകഅനുവദിക്കുന്നതായിരിക്കും എന്നും ആർ ഐ സെന്ററിൽ നിന്നും അറിയിച്ചിട്ടുണ്ട്. ആയതുപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ വിവരങ്ങൾ നൽകിയതിന്റെയും അപ്രന്റീസുകൾക്ക് നൽകിയ സ്റ്റൈപ്പന്റിനത്തിൽ തുക തിരികെ ലഭിച്ചതിന്റെയും വിവരം ഹാജരാക്കുന്നതിനായി നല്കിയ എൻക്വയറിക്ക്(27/18.01.22), കേന്ദ്ര ഗവൺമെന്റിൽ നിന്ന് തുക ലഭ്യമാകുന്ന മുറക്ക് തുക തിരികെ ലഭ്യമാക്കുന്നതായി അറിയിച്ചിട്ടുണ്ടെന്ന് ആർ ഐ സെന്റർ അറിയിച്ചതായി മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.കൂടാതെ നാളിതുവരെയായി യാതൊരു തുകയും റി - ഇമ്പേർസ് ചെയ്ത് കിട്ടിയിട്ടില്ല എന്നും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം രൂപ കിട്ടാനുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നിശ്ചിത പ്രൊഫോർമയിൽ പരിശീലനത്തിന് ഹാജരായതിന്റെ വിശദാംശങ്ങൾ ആർ ഐ സെന്ററിൽ ഹാജരാക്കി തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| വർഷം | തിരികെ ലഭിക്കാനുള്ള തുക |
|---|---|
| 2016-17 | 8546 |
| 2017-18 | 29955 |
| 2018-19 | 17750 |
| 2019-20 | 30467 |
| 2020-21 | 44958 |
| | 131676 |

## 1-23 വീടുകളിൽ വാട്ടർ ടാങ്ക്- ടെൻഡർ നടപടിക്രമങ്ങളിലെ അപാകം, പദ്ധതി പൂർത്തീകരിച്ചില്ല - 10000 രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രൊജക്ട് നം./പേര് | 344/21(വീടുകളിൽ വാട്ടർ ടാങ്ക്) |
| അടങ്കൽ | 3,00,000(SCP)<br>75000(ഗുണഭോക്തൃ വിഹിതം) |
| ചെലവ് വൗച്ചർ നം/ തുക | 485/31.03.2021 -₹ 2,61,675 (ACR പ്രകാരമുള്ള ബിൽ നമ്പർ) * |

*തൻവർഷത്തെ ചെലവ് തുക(₹ 2,61,675)

₹78750 (90 പേരുടെ ഗുണഭോക്തൃ വിഹിതം 2021-22 ൽ അനുവദിച്ചു . ബാക്കി ഇതേവരെ അനുവദിച്ചിട്ടില്ല)

മേൽ പരാമർശിച്ച സ്പിൽ ഓവർ പ്രൊജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചത് പ്രകാരം 4 സ്ഥാപനങ്ങൾ സമർപ്പിച്ച 4 ടെണ്ടറുകളിൽ അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനം ISI മാർക്കുള്ള ലോട്ടസ് ഗോൾഡ് എന്ന ബ്രാന്റിന് ₹3338 യും ഓഷ്യൻ എന്ന ബ്രാന്റിന് ₹3389യും അസീം ഡിസൈനിംഗ് & ഇന്റീരിയേഴ്സ്, ഒളവണ്ണ എന്ന സ്ഥാപനം ഹൈക്കൗണ്ട് ബ്രാന്റിന് ₹3345 യും സിന്റക്സ് ബ്രാന്റിന് ₹4000 യും ക്വോട്ട് ചെയ്തിരുന്നെങ്കിലും ഇവയൊന്നും തെരഞ്ഞെടുക്കാതെ 14.10.19 ലെ പർച്ചേസിംഗ് കമ്മിറ്റി 2-ാം നമ്പർ തീരുമാനത്തിൽ ISI മാർക്കുള്ളതും ₹4000 യൂണിറ്റ് കോസ്റ്റുള്ളതുമായ വാട്ടർ ടാങ്ക് വാങ്ങുന്നതിനായി റിടെണ്ടർ ചെയ്യുന്നതിനായി തീരുമാനിക്കുകയാണ് ഉണ്ടായത്. റിടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം അർജ്ജുൻ അസോസിയേറ്റ്സ്, കണ്ണൂർ, അസീം ഡിസൈനിംഗ് & ഇന്റീരിയേഴ്സ് , ഒളവണ്ണ എന്നീ സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിക്കുകയും അർജ്ജുൻ അസോസിയേറ്റ്സിന്റെ ഓഷ്യൻ ബ്രാന്റ് (₹3489) അംഗീകരിക്കുകയും 100 വാട്ടർ ടാങ്കുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

| അർജ്ജുൻ അസോസിയേറ്റ്സ്, കണ്ണൂർ | | അസീം ഡിസൈനിംഗ് & ഇന്റീരിയേഴ്സ് , ഒളവണ്ണ | |
|---|---|---|---|
| ബ്രാന്റ് | ക്വാട്ട് ചെയ്ത തുക | ബ്രാന്റ് | ക്വാട്ട് ചെയ്ത തുക |
| ലോട്ടസ് ഗോൾഡ് | 3399 | കാവേരി | 3245 |
| ഓഷ്യൻ | 3489 | ഹൈക്കൗണ്ട് | 3490 |
| ക്ലാസിക് | 3249 | | |
| കാവേരി | 2800 | | |
| അക്വ ദീപ് | 2390 | | |

ആദ്യ അവസരത്തിൽ തന്നെ ISI മാർക്കുള്ള ബ്രാന്റുകൾ ക്വാട്ട് ചെയ്ത സ്ഥാപനങ്ങൾ ഉണ്ടായിരുന്നിട്ടും അപ്പോൾ ഗുണമേന്മ പരിശോധിച്ച് തെരഞ്ഞെടുക്കാതെ രണ്ടാം തവണ ഓഷ്യൻ ബ്രാന്റിലുള്ള വാട്ടർ ടാങ്ക് ആദ്യ അവസരത്തിൽ ക്വാട്ട് ചെയ്തതിനെക്കാളും ₹100 കൂടുതലായുള്ള ₹3489നിരക്ക് അംഗീകരിക്കുകയാണ് ഉണ്ടായത്. ഇത്തരത്തിൽ ആദ്യ അവസരത്തിൽ തന്നെ ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാനുള്ള അവസരം ഉണ്ടായിരുന്നിട്ടും റി-ടെണ്ടർ നടപടികൾ നടത്തി അധികം തുക ചെലവഴിക്കുന്നതിനും പദ്ധതി പൂർത്തീകരണത്തിൽ കാലതാമസത്തിനും ഇടയാക്കിയതിന് കാരണം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (23/17.01.22) നൽകിയതിന് പദ്ധതി നിർവ്വഹണത്തിനായി വകയിരുത്തിയ തുക തികയാതെ വന്നതിനാലാണ് റിടെൻഡർ നടത്താൻ കാരണമായി രേഖപ്പെടുത്തിയത്. ISI മാർക്കുള്ളതും, യൂണിറ്റ് കോസ്റ്റ് ₹4000 ഉള്ളതുമായ ഉല്പന്നം വാങ്ങുന്നതിനായുള്ള ശുപാർശയാണ് പർച്ചേസിംഗ് കമ്മിറ്റി, മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. റിടെണ്ടറിന്റെ ആവശ്യകത വ്യക്തമാക്കുന്ന മറ്റു രേഖകൾ ഹാജരാക്കാത്തതിനാൽ മറുപടി തൃപ്തികരമല്ല. ടെൻഡർ നടപടിക്രമങ്ങളിലുണ്ടായ അപാകം കാരണം പദ്ധതി ചെലവിലുണ്ടായ ₹10000 യുടെ അധികചെലവിന് വിശദീകരണം ഹാജരാക്കേണ്ടതാണ്. 10000രൂപയുടെ ചെലവ്

തടസത്തിൽ വെക്കുന്നു.

അർജ്ജുൻ അസോസിയേറ്റ്സിൽ നിന്നും ഇൻവോയിസ് നം. ARJ87/29.03.21 പ്രകാരം വിതരണം ചെയ്ത 100 വാട്ടർ ടാങ്കുകളിൽ 89 എണ്ണം മാത്രമാണ് വിതരണ രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത് , ബാക്കിയുള്ള 11 വാട്ടർ ടാങ്കുകൾ വിതരണം ചെയ്തതിന്റെയും ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെയും രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-24 ഐ കെ എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,പയ്യന്നൂർ നഗരസഭ |
| പ്രോജക്ടിന്റെ നമ്പരും പേരും | 184/21 ഐ.കെ.എം വിഹിതം നല്കൽ |
| അടങ്കൽ | ₹ 2,74,174 വികസനഫണ്ട് |
| ചെലവ് | ₹ 2,74,174 വികസനഫണ്ട് |
| ബിൽ നമ്പർ& തീയ്യതി | 01/27.05.20 |

സ.ഉ. (സാധാ) നം 1228/16/തസ്വഭവ/08.03.2016 ലെ നിർദ്ദേശപ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% IKM ന്റെ പ്രവർത്തന ഫണ്ടിലേക്ക് നൽകുന്നതിന്റെ ഭാഗമായി മേൽ പ്രോജക്ട് പ്രകാരം ₹ 2,74,174 ഐ.കെ.എമ്മിന് കൈമാറിയിട്ടുണ്ട്. തുക ആവശ്യപ്പെട്ടുകൊണ്ട് ഐ.കെ.എമ്മിൽ ലഭിച്ച കത്ത്, തുക കൈപ്പറ്റിയതിന്റെ രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.(എൻക്വയറി 29/18.01.22)

## 1-25 തൊഴുത്ത് നവീകരണത്തിന് ധനസഹായം- വ്യത്യസ്ത അക്കൗണ്ടിലേക്ക് തുക അനുവദിച്ചു

| | |
|---|---|
| പദ്ധതിയുടെ പേര് | തൊഴുത്ത് നവീകരണത്തിന് ധനസഹായം - സ്പിൽ ഓവർ |
| പ്രൊജക്ട് നം | 286/21 |
| അടങ്കൽ | ₹2,60,000/- (വികസന ഫണ്ട് - ₹30,000, തനത് ഫണ്ട് - ₹30,000, മറ്റുള്ളവ – ₹2,00,000) |
| ബിൽനം/ചെക്ക് നം/ തീയ്യതി/തുക | 98 തീയതി 28.04.2020 - ₹30,000<br>375 തീയതി 27.02.2021 - ₹30,000<br>ആകെ - ₹60,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ,വെറ്റിനറി പോളിക്ലിനിക്ക് പയ്യന്നൂർ |

നിലവിലുള്ള തൊഴുത്തുകളിൽ ഇരുപതിനായിരം രൂപയിൽ കുറയാത്ത തുകയ്ക്കുള്ള നവീകരണ പ്രവൃത്തി

പൂർത്തീകരിച്ച്, നഗരസഭാ എൻജിനീയറിങ് വിഭാഗത്തിൽ നിന്നുള്ള സാക്ഷ്യപത്രം സമർപ്പിക്കുന്ന മുറയ്ക്ക് 10000 രൂപ വീതം സബ്സിഡി നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത ഗുണഭോക്താക്കൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പറും തുക കൈമാറിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പറും വ്യത്യസ്തമാണ്.

| ഗുണഭോക്താവിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ | തുക കൈമാറിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|
| ടി ടി മധു | 433400170000 6721 (PNB) | 4334001700005643 (PNB) |
| തമ്പായി എൻ വി | 67365911160 (SBI) | 40490100012794 (KLGB) |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 42 തീയതി 19.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അനുവദിച്ച ബാങ്ക് അക്കൗണ്ട് ഗുണഭോക്താവിന്റേത് തന്നെയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് - ₹ 143534 തടസ്സപ്പെടുത്തുന്നു

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് – സ്പിൽ ഓവർ |
| പ്രൊജക്ട് നം | 218/21 |
| അടങ്കൽ | ₹12,90,601/- (വികസന ഫണ്ട്) |
| ബിൽനം തീയ്യതി/തുക | 47 തീയതി 11.04.2020 - ₹1,26,996<br>48 തീയതി 11.04.2020 - ₹97,331<br>49 തീയതി 11.04.2020 - ₹1,95,743<br>50 തീയതി 11.04.2020 - ₹1,11,700<br>51 തീയതി 11.04.2020 - ₹1,39,072<br>52 തീയതി 11.04.2020 - ₹1,07,571<br>55 തീയതി 11.04.2020 - ₹97,911<br>56 തീയതി 11.04.2020 - ₹1,05,266<br>57 തീയതി 03.07.2020 - ₹1,07,153<br>58 തീയതി 03.07.2020 - ₹1,27,482<br>59 തീയതി 11.04.2020 - ₹74,376<br>ആകെ ₹12,90,601 |

| | |
|---|---|
| | |
| നിർവ്വഹണോദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ,വെറ്റിനറി പോളിക്ലിനിക്ക്<br>പയ്യന്നൂർ |

A) ഗുണഭോക്താക്കൾ പാൽ അളന്നു നൽകിയതുമായി ബന്ധപ്പെട്ട മിൽക്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കർഷകർ അളന്ന് നൽകിയ പാലിന്റെ അളവിന് അനുസൃതമായാണോ തുക അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. ആയത് ഹാജരാക്കേണ്ടതാണ്.

B) ബിൽ നമ്പർ 58 പ്രകാരം ചെലവഴിച്ച 1,27,482 രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

C) ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ജാനു വി, ശാന്തകുമാർ എം, കല്ല്യാണി എം ബി, തങ്കമണി കെ കെ എന്നീ ക്ഷീരകർഷകർക്ക് ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | ജാനു വി | 913010027308905 (UTI) | 3242 |
| 2 | ശാന്തകുമാർ എം | 202901011001097 (VIJB) | 5061 |
| 3 | കല്ല്യാണി എം ബി | 11260100625273 (FDRL) | 4473 |
| 4 | തങ്കമണി കെ കെ | 0813101074719 (CNR) | 3276 |
| | | ആകെ | 16052 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 41 തീയതി 19.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹ 143534 (16052+127462) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 കറവപ്പശുക്കൾക്ക് കാലിത്തീറ്റ നൽകൽ - ചെലവ് തുക ₹1,77,860 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | കറവപ്പശുക്കൾക്ക് കാലിത്തീറ്റ നൽകൽ |
| പ്രൊജക്ട് നം | 20/21 |
| അടങ്കൽ | ₹14,40,000/- (വികസന ഫണ്ട് - ₹7,20,000, മറ്റുള്ളവ – 7,20,000) |
| ബിൽനം/ചെക്ക് നം/തീയ്യതി/ തുക | 11/20-21 തീയതി 23.02.2021 ₹1,78,460<br>12/20-21 തീയതി 23.02.2021 ₹1,80,000<br>14/20-21 തീയതി 15.03.2021 ₹1,77,860<br>423 തീയതി 19.03.2021 ₹1,77,860<br>ആകെ ₹7,14,180 |
| നിർവ്വഹണോദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ,<br>വെറ്റിനറി പോളിക്ലിനിക്ക് |

| | |
|---|---|
| | പയ്യന്നൂർ |

തെരഞ്ഞെടുക്കപ്പെട്ട കർഷകരുടെ ഒരു പശുവിന് പ്രതിമാസം 50 കി.ഗ്രാം. കാലിത്തീറ്റ വീതം തുടർച്ചയായ 4 മാസം ഗുണമേന്മയുള്ള കാലിത്തീറ്റ സബ്സിഡി നിരക്കിൽ ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. വെള്ളൂർ, പയ്യന്നൂർ, കോറോം ക്ഷീരസംഘങ്ങളിലെ 300 ക്ഷീര കർഷകരെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. കേരള ഫീഡ്സിൽ നിന്ന് ക്ഷീരസംഘങ്ങൾ വാങ്ങിയ കാലിത്തീറ്റയാണ് കർഷകർക്ക് വിതരണം ചെയ്തിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 35 തീയതി 19.01.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

A) ₹1,77,860 രൂപ ക്ഷീരസംഘങ്ങൾക്ക് അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല.

B) തുക കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് ക്ഷീരസംഘങ്ങളിൽ നിന്നുള്ള കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹1,77,860 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3),കേരളാസർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭ സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്നനിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്. സെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും ഏത് കാലയളവ് വരെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വിവരവും, അടവാക്കിയതിന്റെ വിശദാംശങ്ങളും, ഇനി സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കാൻ ബാക്കിയുള്ള ശമ്പളത്തിന്റെയും അലവൻസുകളുടെയും വിശദാംശങ്ങളും ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നം 28/18.01.22) മറുപടിയോടൊപ്പം രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. തുക അടവാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക കണക്കാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 2020-21കലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ്- രേഖകൾ ഹാജരാക്കിയില്ല-245000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നം./പേര് | 04/21 കലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് |
| അടങ്കൽ | 3,00,000(തനത് ഫണ്ട്) |
| ചെലവ് -<br>വൗച്ചർ നം/തിയ്യതി- തുക | 718/13.10.2020 -₹ 50,000<br>1125/07.02.2021 -₹ 1,50,000<br>1311/31.03.2021 -₹ 45,000<br>ആകെ ₹245000 |

പ്രാദേശിക സർക്കാരുകളുടെ സ്ഥാപനത്തോടു ബന്ധപ്പെട്ട് കല അഭ്യാസപ്രവർത്തനം നടത്താൻ സന്നദ്ധരായ കലാകാരന്മാർക്ക് സ ഉ (കൈ)22/2018/തസ്വഭവ / 14.02.2018 ഖണ്ഡിക 7.6(16) പ്രകാരം

പ്രതിമാസം 5000 രൂപ ഫെലോഷിപ്പ് നൽകാവുന്നതാണ്.

| കലാരകാരന്റെ പേര് | ഏപ്രിൽ/20 മുതൽ മെയ്/20 വരെ | ജൂലൈ/20 മുതൽ ഡിസംബർ/20 വരെ | ജനുവരി/21 മുതൽ ഫെബ്രുവരി/21 വരെ |
|---|---|---|---|
| ലിജ ടി വി | 10,000 | 30,000 | 5000 |
| അമിത തയമ്പത്ത് | 10,000 | 30,000 | 10000 |
| ഹരിത വി | 10,000 | 30,000 | 10000 |
| അപർണ എ കെ | 10,000 | 30,000 | 10000 |
| ശ്രീനാഥ് വി പി | 10,000 | 30,000 | 10000 |
| ആകെ | 50000 | 1,50,000 | 45000 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കാൻ എൻക്വയറി (നം 24/17.01.22) നൽകിയതിന് ലിജ ടി വി യുമായി ബന്ധപ്പെട്ട രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

1.മാർഗ്ഗ രേഖയിലെ നിർദ്ദേശാനുസരണം പ്രാദേശിക സർക്കാരുകളുടെ സ്ഥാപനത്തോടു ബന്ധപ്പെട്ട്കല അഭ്യാസപ്രവർത്തനം നടത്താൻ സന്നദ്ധരാണെന്ന് അറിയിച്ചുകൊണ്ടുള്ള കലാകാരന്മാരിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2.ഫെലോഷിപ്പ് അനുവദിച്ചിട്ടുള്ള കലാകാരന്മാരിൽ ലിജ ടി വി, ഹരിത വി എന്നിവർ ഒഴികെ മറ്റുള്ളവർ ഏത് കലാമേഖലകളിലാണ് പ്രാവീണ്യം തെളിയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. .

സ ഉ (കൈ)30/2019/തസ്വഭവ /06.03.2019 വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നിർവ്വഹണം പ്രാദേശിക സർക്കാരുകൾ മുഖേന നിർവ്വഹണം നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം പദ്ധതി നിർവ്വഹണത്തിന്റെ അടിസ്ഥാന ഘടകം വാർഡ് അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുള്ള പരിശീലനകേന്ദ്രങ്ങളാണ്. 1. ഇത്തരത്തിൽ പദ്ധതി നിർവ്വഹണത്തിനായി സജ്ജമാക്കിയിട്ടുള്ള പരിശീലന കേന്ദ്രങ്ങൾ .1. ഓരോ പരിശീലനകേന്ദ്രത്തിന്റെയും ചുമതല നൽകിയിട്ടുള്ള കലാകാരന്റെ പേര്. 2.ഓരോ പരിശീലനകേന്ദ്രത്തിലും ഹാജരായിട്ടുള്ള പരിശീലനാർത്ഥികളുടെ ഹാജർ വിവരം. 3.കലാകാരന്മാർ ആഴ്ചയിൽ കുറഞ്ഞത് 4 ദിവസമെങ്കിലും കലാപരിശീലനം നടത്തണം ആയത് പ്രകാരം ഓരോ മാസവും ഏതെല്ലാം ദിവസങ്ങളിലാണ് പരിശീലനം അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന രേഖകൾ. 4.മാർഗ്ഗരേഖപ്രകാരം നിശ്ചിത ഇടവേളകളിൽ ഫെലോഷിപ്പ് കലാകാരന്മാരും പഠിതാക്കളും ജില്ലാ-സംസ്ഥാന തലത്തിൽ കലാവതരണം നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവ് തുകക്ക് ആധാരമായ രേഖകൾ ഹാജരാക്കാത്തതിനാൽ 245000/- രൂപ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കലാപ്രവർത്തനം ശരിയായ രീതിയിൽ മോണിറ്ററിംഗ് നടത്തി പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-30 പട്ടിക ജാതി ഭവന നിർമ്മാണം- പൂർത്തീകരിക്കാനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 12-ാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി 2015-16 വർഷത്തെ പട്ടിക ജാതി വിഭാഗത്തിന് ഭവന നിർമ്മാണത്തിന് ധനസഹായം എന്ന പദ്ധതിയുടെ ഭാഗമായി 18.03.2016 ന് എഗ്രിമെന്റിൽ ഏർപ്പെട്ട മധു വി എന്ന ഗുണഭോക്താവ് മൂന്ന് ഗഡുക്കളായി 2,10,000 രൂപ ഇതേവരെ കൈപ്പറ്റിയിട്ടുണ്ടെങ്കിലും (മൂന്നാമത്തെ ഗഡു കൈപ്പറ്റിയത് 17-18 വർഷം28.03.2018ന്) നാളിതുവരെ ഭവനിർമ്മാണം പൂർത്തിയാക്കി മുഴുവൻ ധനസഹായവും കൈപ്പറ്റിയിട്ടില്ല. ഗുണഭോക്താവ് ഭവന നിർമ്മാണത്തിനുള്ള ധനസഹായത്തിന്റെ ആദ്യഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാതിരിക്കാനുള്ള കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (40/19.01.22)നൽകിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-31 തെരുവ് വിളക്ക് റിപ്പയർ- ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ കൂടുതൽ തുക നല്കിയതും മറ്റ് അപാകങ്ങളും-176000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

2020-21 സാമ്പത്തിക വർഷം നഗരസഭാ പരിധിയിലുള്ള തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനുള്ള ചാർജ്ജിനത്തിൽ ശ്രീ. നിഷാദ് പി എന്നയാൾക്ക് വാർഡ് കൗൺസിലർമാരിൽ നിന്നും തെരുവ് വിളക്ക് റിപ്പയർ ചെയ്തിട്ടുണ്ട് എന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം/തിയ്യതി | തുക |
|---|---|
| 77/08.06.2020 | 35700 |
| 515/18.08.2020 | 36000 |
| 601/22.09.20 | 21000 |
| 811/23.11.2020 | 70000 |
| 1002/07.01.21 | 7400 |
| 1236/17.03.2021 | 6700 |
| ആകെ | **1,76,800** |

1.കൗൺസിൽ തീരുമാനം നം. 14/22.11.16 തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനായി വിളിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് (₹45/ബൾബ്) ചെയ്ത ശ്രീ നിഷാദ് .പി യുമായി 07.01.2017 ന് എഗ്രിമെന്റ് വച്ചിട്ടുണ്ട്. തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയിട്ടുള്ള പ്രസ്തുത കരാറിൽ എഗ്രിമെന്റിന്റെ കാലാവധി, തുക അനുവദിക്കുന്ന രീതി എന്നിവ സംബന്ധിച്ച് വ്യവസ്ഥകൾ ഉൾപ്പെടുത്താത്തതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (10/13.01.22) ക്കുള്ള മറുപടിയിൽ തെരുവ് വിളക്കുമായി ബന്ധപ്പെട്ട പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കേണ്ടി വന്നതിനാലും പുതിയ പരിചയസമ്പന്നരായ കരാറുകാരനെ ലഭിക്കാനുള്ള ബുദ്ധിമുട്ട് കാരണവുമാണ് എഗ്രിമെന്റിൽ വ്യവസ്ഥകൾ രേഖപ്പെടുത്താതിരുന്നതെന്നും ഈ വിഷയത്തിൽ കൗൺസിൽ തീരുമാന പ്രകാരം നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്വാട്ട് ചെയ്ത തുകയിൽ നിന്നും വ്യത്യസ്തമായി നിലവിൽ 100 രൂപ നിരക്കിൽ തുക അനുവദിച്ചു വരുന്നത് എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (കൌൺസിൽ തീരുമാനം നമ്പർ 10/13.03.2017) പെരിനാട് പഞ്ചായത്തിന് ഒരു പോളിന് 100 രൂപ നിരക്കിൽ റിപ്പയർ ചാർജ്ജ് അനുവദിച്ച 28.12.2016 ലെ കോർഡിനെഷൻ കമ്മിറ്റി തീരുമാന പ്രകാരമാണ് തുക പുതുക്കി നിശ്ചയിച്ചതെന്ന മറുപടിയാണ് ഹാജരാക്കിയിട്ടുള്ളത് . തെരുവ് വിളക്ക് റിപ്പയറുമായി ബന്ധപ്പെട്ട് സർക്കാർ സർക്കുലർ നം 3055/ഡി എ 3 /11 തസ്വഭവ തിയ്യതി 15.09.2011 ലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തെരുവ് വിളക്ക് റിപ്പയറിനുള്ള കരാറിലേർപ്പെടേണ്ടതും. കരാറുകാരനിൽ നിന്ന് ആദായ നികുതി(ടിഡിഎസ്) ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്. കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചതിനാലും എഗ്രിമെന്റ് അപൂർണ്ണമായതിനാലും ഈയിനത്തിൽ ചെലവഴിച്ച 176000രൂപ തടസത്തിൽ വെക്കുന്നു. തെരുവ് വിളക്ക് റിപ്പയറുമായി ബന്ധപ്പെട്ട സർക്കാർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

**1-32 ഹയർസെക്കണ്ടറി സ്കൂളുകളിൽ വനിതാ കോഫി ബങ്ക് സ്ഥാപിക്കൽ - കാഡ്കോക്ക് ₹46,762 അധികം അനുവദിച്ചു.**

| | |
|---|---|
| പദ്ധതിയുടെ പേര് | ഹയർസെക്കണ്ടറി സ്കൂളുകളിൽ വനിതാ കോഫി ബങ്ക് സ്ഥാപിക്കൽ - സ്പിൽ ഓവർ |
| പ്രൊജക്ട് നം | 347/21 |
| അടങ്കൽ | ₹12,50,000/- (വികസന ഫണ്ട്) |
| ബിൽനം,തീയ്യതി/തുക | 252 തീയതി 21.10.2020 - ₹9,35,230 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി,<br>നഗരദാരിദ്ര്യ നിർമാർജ്ജന സെൽ<br>പയ്യന്നൂർ നഗരസഭ |

ഹയർ സെക്കണ്ടറി സ്കൂളുകളിൽ വനിതാ കോഫി ബങ്ക് സ്ഥാപിച്ച് നടത്തിപ്പ് കുടുംബശ്രീ വനിതകൾക്ക് നൽകി സാമ്പത്തിക ശാക്തീകരണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ 5 ഹയർസെക്കണ്ടറി സ്കൂളുകളിൽ കോഫി ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ ചുമതല KADCO ക്കാണ് നൽകിയത്. 5 കോഫി ബങ്കുകളുടെ നിർമാണം പൂർത്തിയാക്കി ഒരു കോഫി ബങ്കിന് 1,87,046 രൂപ കണക്കാക്കി KADCO ബിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് പ്രകാരം ആകെ 9,35,230 രൂപ (1,87,046 X 5) KADCO ക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ നിന്ന് നിർമ്മാണ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കേണ്ട 2% ആദായ നികുതി, 2% GST TDS, 1% നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ റിക്കവർ ചെയ്തിട്ടില്ല. ആയതിനാൽ 46,762/-രൂപ (9,35,230x 5/100) KADCO ക്ക് അധികം നൽകിയിട്ടുണ്ട്. ഇപ്രകാരം അധികം തുക നൽകിയതിന് വിശദികരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 53 തീയതി 21.01.2022) മറുപടിയായി KADCO ക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതയുടെ അടിസ്ഥാനത്തിൽ KADCO ക്ക് അധികം നൽകിയ ₹46,762 തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-33 ലൈഫ് ഭവന പദ്ധതി വീട് പണി പൂർത്തിയാക്കാത്തവർക്ക് ധനസഹായം - ₹78,320 തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് ഭവന പദ്ധതി വീട് പണി പൂർത്തിയാക്കാത്തവർക്ക് ധനസഹായം - സ്പിൽ ഓവർ |
| പ്രൊജക്ട് നം | 374/21 |
| അടങ്കൽ | ₹8,70,000/- (വികസന ഫണ്ട് - ₹5,00,000, തനത് ഫണ്ട് - ₹3,70,000) |
| ബിൽനം/ചെക്ക് നം/ | 283 തീയതി 22.12.2020 - ₹78,320 |

| | |
|---|---|
| തീയ്യതി/തുക | 311 തീയതി 15.01.2021 - ₹1,75,000<br>413 തീയതി 16.03.2021 - ₹1,50,000<br>454 തീയതി 27.03.2021 - ₹78,333<br>ആകെ ₹4,81,653 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി,<br>നഗരദാരിദ്ര്യ നിർമാർജ്ജന സെൽ<br>പയ്യന്നൂർ നഗരസഭ |

വിവിധ ഭവന പദ്ധതികളിൽ വീട് പണി പൂർത്തീകരിക്കാനുള്ള ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി 4,81,653 രൂപ വിവിധ ഗുണഭോക്താക്കൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 55 തീയതി 21.01.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) 283 തീയതി 22.12.2020 എന്ന ബില്ലുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2) ഗുണഭോക്താക്കളുടെ അപേക്ഷകളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതിയുടെ ഭാഗമായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ചെലവ് രേഖകളുടെ അഭാവത്തിൽ ₹78,320 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 പ്രൊജക്ടുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - ₹1,23,00,000 തടസ്സപ്പെടുത്തുന്നു.

2020-21 സാമ്പത്തിക വർഷം പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജന സെൽ നടപ്പിലാക്കിയ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രൊജക്ടുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നം/പേര് | അടങ്കൽ | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 58/21 സമ്പൂർണ്ണ ഭവന പദ്ധതി | 1,38,00,000 | 80,00,000 | വികസന ഫണ്ട് , മറ്റുള്ളവ |
| 59/21 സമ്പൂർണ്ണ ഭവന പദ്ധതി - SC | 8,00,000 | 8,00,000 | വികസന ഫണ്ട് (എസ് സി പി) |
| 247/20 ലൈഫ് പദ്ധതി -SC | 1,05,00,000 | 35,00,000 | വികസന ഫണ്ട് (എസ് സി പി), മറ്റുള്ളവ |
| ആകെ | | 1,23,00,000 | |

രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 30 തീയതി 18.01.2022 മുഖേന ആവശ്യപ്പെട്ടെങ്കിലും ആയവ പരിശോധനക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹1,23,00,000 തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഗുണഭോക്താക്കളുടെ വിശദാംശങ്ങളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 ബാലസഭ ശാക്തീകരണം - ₹88,000 തടസ്സപ്പെടുത്തുന്നു.

മെമ്പർ സെക്രട്ടറി, നഗരദാരിദ്ര്യ നിർമാർജ്ജന സെൽ നിർവ്വഹണം നടത്തിയ ബാലസഭ ശാക്തീകരണം പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

| | |
|---|---|
| പദ്ധതിയുടെ പേര് | ബാലസഭ ശാക്തീകരണം |
| പ്രൊജക്ട് നം | 64/21 |
| അടങ്കൽ | ₹1,10,000/- (വികസന ഫണ്ട് ) |
| ബിൽനം/ചെക്ക് നം/തീയ്യതി/ തുക | 20190447001701219794 തീയതി 10.03.21 - ₹88,000<br>ആകെ ₹88,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി,<br>നഗരദാരിദ്ര്യ നിർമാർജ്ജന സെൽ<br>പയ്യന്നൂർ നഗരസഭ |

1) പദ്ധതിയുടെ ഭാഗമായി 88,000 രൂപ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് (നം.4334000100139709) ഒടുക്കിയിട്ടുണ്ട്. ഇതിൽ 66000 രൂപ പെൻസിൽ ക്യാമ്പ് സംഘടിപ്പിച്ച വകയിൽ 2000 രൂപ വീതം 33 വാർഡുകളിലെ ADS സെക്രട്ടറിമാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിനായി ഉള്ള ചെലവാണ്. പ്രസ്തുത തുക ഇവർക്ക് അക്കൗണ്ട് വഴിയോ ചെക്ക് മുഖേനയോ തുക കൈമാറിയതിന്റെയും വിവരങ്ങൾ, തുക കൈപ്പറ്റിയതിന്റെ രശീത് എന്നിവയൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് 88,000 രൂപ ഒടുക്കിയതിൽ മേൽപ്പറഞ്ഞ 66,000 രൂപ കഴിച്ചുള്ള 22000 രൂപ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 48 തീയതി 21.01.2022) മറുപടിയായി ബാലസഭ ശാക്തീകരണവുമായി ബന്ധപ്പെട്ട് 66,000 രൂപ (33*₹2000) 33 വാർഡുകളിലെ ADS സെക്രട്ടറിമാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ തുക അക്കൗണ്ട് വഴിയോ ചെക്ക് മുഖേനയോ കൈമാറിയതിന്റെ വിവരങ്ങൾ, തുക കൈപ്പറ്റിയതിന്റെ രശീത് എന്നിവയൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ ബാക്കിയുള്ള തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ പദ്ധതിക്കായി വകയിരുത്തിയ തുകയിൽ ബാക്കി തുക സി ഡി എസ് അക്കൗണ്ടിൽ ബാലൻസുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകളും ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹88,000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 വീട് വാസയോഗ്യമാക്കൽ (എസ് സി) - പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച്

| | |
|---|---|
| പദ്ധതിയുടെ പേര് | വീട് വാസയോഗ്യമാക്കൽ (എസ് സി) - സ്പിൽ ഓവർ |

| | |
|---|---|
| പ്രൊജക്ട് നം | 348/21 |
| അടങ്കൽ | ₹5,37,891/- (വികസന ഫണ്ട് (എസ് സി പി)) |
| ബിൽനം ,തീയ്യതി/തുക | 20190447001700308469 തീയതി 01.07.2020 - ₹3,00,000<br>20190447001700508144 തീയതി 09.09.2020 - ₹2,25,000<br>ആകെ ₹5,25,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി,<br>നഗരദാരിദ്ര്യ നിർമാർജ്ജന സെൽ<br>പയ്യന്നൂർ നഗരസഭ |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ ഭാഗമായി 7 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകൾ, ജാതി തെളിയിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) സ.ഉ (കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക 6.7.6 പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് വീട് വാസയോഗ്യമാക്കുന്നതിനുള്ള പരമാവധി സബ്സിഡി തുക 1,50,000 രൂപയാണ്. സബ്സിഡി തുകയുടെ 50% മുൻകൂറായും ബാക്കി തുക പണി പൂർത്തീകരിച്ച ശേഷം മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലുമാണ് നൽകേണ്ടത്. 2019-20 ലെ 214/20 നമ്പർ പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടായാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഈ വർഷം തുക അനുവദിച്ച 7 ഗുണഭോക്താക്കൾക്കും അവസാന ഗഡു തുകയാണ് അനുവദിച്ചിട്ടുള്ളത് (ആദ്യ ഗഡു തുക കഴിഞ്ഞ വർഷം അനുവദിച്ചതാണ്). എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ വീട്പണി പൂർത്തിയാക്കിയോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് എഞ്ചിനീയറുടെ വാല്യൂവേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 47 തീയതി 21.01.2022) മറുപടിയായി പദ്ധതിയുമായി ബന്ധപ്പെട്ട് തുക അനുവദിച്ച 7 ഗുണഭോക്താക്കളുടെ അപേക്ഷകളും മറ്റ് വിശദാംശങ്ങളും വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന മുനിസിപ്പൽ എഞ്ചിനീയറുടെ സർട്ടിഫിക്കറ്റും ഗുണഭോക്താക്കളുടെ പേഴ്സണൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല**.** രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-37 GST-TDS തുക ഈടാക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ.36/21-വയോജനങ്ങൾക്ക് പ്രോട്ടീൻ മിക്സ് എന്ന പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്ന് 1624710രൂപ ചെലവഴിച്ച് ഭാഗ്യശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് കോറോം- പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് വിവിധ തീയ്യതികളിലായി പ്രോട്ടീൻ മിക്സ് വാങ്ങിച്ചതിന് ഹാജരാക്കിയ ബില്ലുകളൊന്നും തന്നെ GST.ബില്ലായിരുന്നില്ല. 32AADAB8926CIZ4 -എന്ന GST രജിസ്ട്രേഷനുള്ള സ്ഥാപനം ഇതേ രീതിയിലുള്ള ബിൽ നൽകുന്നത് ശരിയായ രീതിയല്ല.

പ്രൊജക്ട് നമ്പർ.41/21-അങ്കണവാടി പോഷകാഹാര വിതരണത്തിന്റെ ഭാഗമായി മുകളിൽ പരാമർശിച്ച സ്ഥാപനത്തിൽ നിന്നും ന്യൂട്രി മിക്സ് വാങ്ങിച്ചതിന് ഹാജരാക്കിയ ബില്ലുകൾ മുഴുവനും GST.ബില്ലായിരുന്നു.എന്നാൽ പ്രോട്ടീൻ മിക്സും,ന്യൂട്രി മിക്സും വാങ്ങിച്ചതിന് 2%.GST-TDS നടത്താതെ മുഴുവൻ തുകയും സ്ഥാപനത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ 4334000100107241-എന്ന അക്കൗണ്ട് നമ്പറിലേയ്ക് അനുവദിക്കുകയാണുണ്ടായത്. ക്രമപ്രകാരമുള്ള ബിൽ ഹാജരാക്കുവാനും, സ്രോതസ്സിൽ നിന്നുള്ള നികുതി തുക ഈടാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 ഇൻ്റർ സ്കൂൾ ടൂർണമെൻ്റ്-₹ 100000/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ഹെഡ് മാസ്റ്റർ<br>എ.കെ.എ.എസ്.ജി.വി.എച്ച്.എസ്.എസ്.<br>പയ്യന്നൂർ. |
| പ്രൊജക്ട് നം. | 54/21 |
| പ്രൊജക്ടിൻ്റെ പേര് | ഇൻ്റർ സ്കൂൾ ടൂർണമെൻ്റ്. |
| അടങ്കൽ | ₹ 100000(വികസന ഫണ്ട്.) |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | 434/23.3.2021/ ₹ 100000. |

2021 ഫിബ്രവരി-26,27 തിയ്യതികളിൽ പയ്യന്നൂർ ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ വെച്ച് ഇൻ്റർ സ്കൂൾ ടൂർണമെൻ്റിൻ്റെ ഭാഗമായി സ്കൂൾ കുട്ടികളുടെ ഫുട്ബോൾ,വോളിബോൾ, ക്രിക്കറ്റ്, കബഡി മൽസരങ്ങൾ നടത്തുകയുണ്ടായി.14.2.2018-ലെ .സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ-ഉത്തരവ് പ്രകാരം യൂത്ത് ക്ലബ്ബുകൾ തമ്മിലുള്ള വിവിധ ഗെയിമുകൾ സംഘടിപ്പിക്കാൻ മാത്രം പറഞ്ഞിരിക്കെ സർക്കാർ ഉത്തരവിന് വിരുദ്ധമായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന ഇൻ്റർ സ്കൂൾ ടൂർണമെൻ്റ് ഏറ്റെടുത്ത് നടപ്പിലാക്കിയതിൻ്റെ കാരണം, പ്രസ്തുത പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് ചെലവഴിച്ച 100000 രൂപ ബാങ്ക് അക്കൗണ്ടിലൂടെ നൽകാതെ ക്യാഷായി കൊടുത്തതിൻ്റെ കാരണവും ലഭ്യമാക്കുന്നതിനുവേണ്ടി നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.12/2021.തീയ്യതി.13.1.2022) നൽകിയ മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന ഇൻ്റർ സ്കൂൾ ടൂർണമെൻ്റ് പോലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തിയത് സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാൽ മേൽ പദ്ധതിക്കായി ചെലവഴിച്ച 100000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-39 സാന്ത്വന പരിചരണം - രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിൻ്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ,താലൂക്കാശുപത്രി

പ്രോജക്ടിൻ്റെ പേര് - സാന്ത്വനപരിചരണം

പ്രോജക്ട് നമ്പർ - SOO29/2020-21

ആകെ അടങ്കൽ - 1300000 ( വികസനഫണ്ട്)

ചെലവഴിച്ചത് - 1264553/-

29.10.15ലെ സഉ(സാധാ) നമ്പർ 3217/2015/തസ്വഭവ ഉത്തരവിലെ 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിൻ്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്ബ് സൈറ്റിലുള്ള ലിസ്റ്റുകളിലും വരുത്തേണ്ടതാണെന്നും വെബ്ബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്നും തുക ചെലവഴിക്കാൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പയ്യന്നൂർ നഗരസഭയിൽ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ പേര് വിവരം കാലികമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻ്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെയാണ് 2020-21 വർഷം ചെലവ് നടത്തിയിട്ടുള്ളത്. കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്ബ് സൈറ്റിലുള്ള ലിസ്റ്റുകളിൽ വരുത്തേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-40 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് തുക കൈമാറിയത്-അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രൊജക്ട് നം. | 37/21 |
| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്. |
| അടങ്കൽ<br>ചെലവ് | ₹ 4500000<br>₹ 4047700 |
| അപാകം ഉൾപ്പെടുന്ന ബില്ലുകൾ<br>ബിൽ നം/തീയ്യതി/തുക | 2/2020-21/28.10.2020/ ₹ 914200. |

മേൽ പദ്ധതിയുടെ ചെലവു തുകയിൽ ഉൾപ്പെട്ട മുകളിൽ പരാമർശിച്ചിട്ടുള്ള ബിൽ നമ്പറിലെ തുകയിൽ നിന്ന് ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പിനത്തിൽ അഭിജിത്ത് ടി.വി.(SBI അക്കൗണ്ട് നം.67250997678)യ്ക്ക് അനുവദിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ സാന്നിധ്യത്തിൽ വെബ് സാംഖ്യ വഴി പരിശോധിച്ചപ്പോൾ Returned To Government Account എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് രേഖപ്പെടുത്തിയ പ്രസ്തുത തുക യഥാർത്ഥ ഗുണഭോക്താവിന് പിന്നീട് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും, ഈ രീതിയിൽ മുഴുവൻ ബില്ലുകളും പരിശോധിച്ച് ഗുണഭോക്താക്കൾക്ക് തുക ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി എന്ന സാക്ഷ്യപത്രം ഹാജരാക്കുവാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.52/2021-തീയ്യതി-21.1.2022)നൽകിയ മറുപടിയിൽ മേൽ പരാമർശിച്ചിരിക്കുന്ന കുട്ടിയുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ച തുക മാറാതിരുന്നത് ശ്രദ്ധയിൽപ്പെട്ടില്ലെന്നും, ബന്ധപ്പെട്ട ട്രഷറി വഴി പ്രസ്തുത ഗുണഭോക്താവിന് തുക കൈമാറാനുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിച്ചുകൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്.

ഈ രീതിയിൽ മുഴുവൻ ബില്ലുകളും പരിശോധിച്ച് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ച അർഹമായ തുക അവരുടെ അക്കൗണ്ടിൽ യഥാവിധി എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-41 ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽ ചെയർ-മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രൊജക്ട് നം. | 39/21 |
| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽ ചെയർ. |
| അടങ്കൽ | ₹ 1200000-വികസന ഫണ്ട്. |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | 3/2020-21/28.10.2020/ ₹ 1140000. |

മേൽ പദ്ധതിയുടെ ഭാഗമായി കെൽട്രോണിൽ നിന്നും വാങ്ങിച്ച 12 ഇലക്ട്രോണിക് വീൽ ചെയർ

വിതരണം ചെയ്തതിൽ 2എണ്ണം കൈപ്പറ്റിയിട്ടുള്ളത് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത സനൂപിയ.പി.പി.(വാർഡ് നം.2), സുരേഷ്.കെ.വി( വാർഡ് നം.26)എന്നിവർക്കാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ഇലക്ട്രോണിക് വീൽ ചെയർ വിതരണം ചെയ്തതിന്റെ കാരണം, മുകളിൽ പരാമർശിച്ചിട്ടുള്ള രണ്ട് പേരും വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.31/21 തിയ്യതി.19.1.2022) നൽകിയ മറുപടിയിൽ ഏറ്റവും അർഹരായ രണ്ട് ഗുണഭോക്താക്കളാണ് ലിസ്റ്റിൽ ഉൾപ്പെടാതെ ഉള്ളതെന്നും, ഭരണ സമിതിയുടെ സാധൂകരണത്തോടെയുള്ള റിവൈസ് ചെയ്ത ഗുണഭോക്തൃലിസ്റ്റ് എത്രയും പെട്ടെന്ന് ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട് .മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ്പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-42 ആയുർവേദാശുപത്രിയിൽ മരുന്ന് വാങ്ങൽ -125023 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഹസ്ഥൻ - മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം

പ്രൊജക്ടിന്റെ പേര് - ഗവ. ആയുർവേദാശുപത്രിയിൽ മരുന്ന് വാങ്ങൽ

പ്രൊജക്ട് നമ്പർ - SOO26/20-21

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 2500000

ബിൽ നം./തീയ്യതി/ തുക – 2/20-21/12-11-20/2500000

മേൽ പദ്ധതി പ്രകാരം ഔഷധിക്ക് 2500000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി 2374977 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 125023 രൂപയുടെ മരുന്ന് എത്രയും പെട്ടന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്

## 1-43 വിവിധ പദ്ധതികളിലെ മരുന്നുകള‍ും ഉപകരണങ്ങള‍ും ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, പയ്യന്നൂർ

**1)**പ്രൊജക്ടിന്റെ പേര് - സാന്ത്വന പരിചരണ പദ്ധതി

പ്രൊജക്ട് നമ്പർ - SOO29/20-21

ആകെ അടങ്കൽ - 1300000 ( വികസനഫണ്ട്)

ചെലവ് - 1264553

ബിൽ നം./തീയ്യതി/തുക – 23/27.2.21/₹521284

സാന്ത്വന പരിചരണ പദ്ധതിയുടെ ഭാഗമായി മാറിയ വിവിധ ബില്ലുകളിൽ മേൽ പറഞ്ഞ ബില്ല് പ്രകാരം (177563-മരുന്ന്, 343721-ഉപകരണങ്ങൾ) കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 521284 രൂപ ( A/C NO. 3624001800000019) മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല.

**2)** പ്രൊജക്ടിന്റെ പേര് - ഡയാലിസിസ് കേന്ദ്രം ആവർത്തന ചെലവുകൾ

പ്രൊജക്ട് നമ്പർ - SOO31/20-21

ആകെ അടങ്കൽ - 1800000മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 236732

ബിൽ നം./തീയ്യതി/തുക – 27/18-3-21/₹61402

30/25.03.2021 ₹38779
31/28.03.2021 ₹136551

മേൽ പദ്ധതി പ്രകാരം 30/38779/25-3-21 ന് മാറിയ ബില്ലിലെ 25951 രൂപ കേരള മെഡിൽ സർവ്വീസ് കോർപറേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് ( A/C NO. 3624001800000019) മുൻകൂറായി

നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ല.

**3)** പ്രൊജക്ടിന്റെ പേര് - ജീവൻ രക്ഷാ മരുന്ന് ലഭ്യമാക്കൽ

പ്രൊജക്ട് നമ്പർ - SO288/20-21

ആകെ അടങ്കൽ - 500000മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ബിൽ നം./തീയ്യതി/തുക – 5/16-7-20/₹500000

മേൽ പദ്ധതി പ്രകാരം കേരള മെഡിൽ സർവ്വീസ് കോർപറേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 500000 രൂപ ( A/C NO. 3624001800000019) മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ 214014 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 285986 രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയുണ്ട്.

സാന്ത്വന പരിചരണം, ഡയാലിസിസ് , ജീവൻരക്ഷാ എന്നീ പദ്ധതിയിൽ രോഗികൾക്ക് അത്യാവശ്യമായ മരുന്നുകളും ഉപകരണങ്ങളും എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഹാജരാക്കേണ്ടതുമാണ്.

## 1-44 പ്രധാൻമന്ത്രി ആവാസ് യോജന -പദ്ധതി അവലോകനം

2022-ാം ആണ്ടോടെ ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യ ദിനാഘോഷ വേളയിൽ നഗരപ്രദേശത്തെ എല്ലാവർക്കും ഭവനം ലഭ്യമാകണം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) (നഗരം).കേന്ദ്ര,സംസ്ഥാന,നഗരസഭാ വിഹിതങ്ങൾ,KURDFC വായ്പ എന്നിവയാണ് മേൽ പദ്ധതിക്കാവശ്യമായ ഫണ്ടിന്റെ സ്രോതസ്സുകൾ.

1.2020-21 വർഷത്തെ ഫണ്ട് വരവുകൾ

| വർഷം | കേന്ദ്രവിഹിതം | സംസ്ഥാന വിഹിതം | നഗരസഭാ വിഹിതം | HUDCO ലോൺ | പലിശ | ആകെ |
|---|---|---|---|---|---|---|
| 2020-21 | 1,01,25,000 | 33,75,000 | 1,23,00,000 | 84,00,000 | 3,45,585 | 3,45,45,585 |

2.2020-21 വർഷത്തെ ചെലവുകൾ

| വർഷം | കേന്ദ്രവിഹിതം | സംസ്ഥാന വിഹിതം | നഗരസഭാ വിഹിതം | HUDCO ലോൺ | ആകെ |
|---|---|---|---|---|---|
| 2020-21 | 68,25,000 | 22,75,000 | 1,23,00,000 | 58,58,000 | 27258000 |

3.2020-21 വർഷത്തെ ഭവന നിർമ്മാണ പുരോഗതി

| വർഷം | അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 2020-21 സാമ്പത്തിക വർഷം ഭവന നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 2020-21 സാമ്പത്തിക വർഷം ഭവന നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ എണ്ണം (മുൻവർഷം ആരംഭിച്ചത് ഉൾപ്പെടെ) | പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടവയുടെ എണ്ണം. |
|---|---|---|---|---|
| 2020-21 | 73 | 71 | 80 | ഇല്ല. |

4.ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ

31.3.21 വരെ 687 ഗുണഭോക്താക്കളാണ് ടി പദ്ധതിയിൽ പയ്യന്നൂർ നഗരസഭയുമായി കരാർ ഒപ്പിട്ടിരിക്കുന്നത്.ഇവരിൽ 111 പേർ വിവിധ കാരണങ്ങളാൽ നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.ഗുണഭോക്താക്കളുമായി ഉണ്ടാക്കുന്ന കരാർ പ്രകാരം ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കണം. എന്നാൽ 14 ഗുണഭോക്താക്കൾ ആദ്യ ഗഡു മുൻകൂർ സ്വീകരിച്ച് ഒരു വർഷം കഴിഞ്ഞിട്ടും നിർമാണ പുരോഗതി ബോധ്യപ്പെടുത്തി രണ്ടാം ഗഡുവിന് അപേക്ഷിച്ചിട്ടില്ല.മേൽ

ഗുണഭോക്താക്കൾ ഭവനം പണിയാത്തതിന് കാരണം പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണം തുടരുന്നില്ലെങ്കിൽ മുൻകൂർ ആയി നൽകിയ തുക തിരിച്ചടപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാകുന്നതിനു മുൻപ് മരണപ്പെട്ടു.

| ഫയൽ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | നാളിതുവരെ അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 13757/18 | രമേശ് | 23 | 1,25,000 | നിയമപരമായ അവകാശിക്കായി കാത്തിരിക്കുന്നു. |
| 16085/18 | മൊയ്തീൻ എം | 13 | 2,85,000 | നിയമപരമായ അവകാശിക്കായി കാത്തിരിക്കുന്നു. |
| 3572/19 | വി.വി.കമലാക്ഷി | 7 | 3,60,000 | നിയമപരമായ അവകാശിക്കായി കാത്തിരിക്കുന്നു. |

അവകാശി നിയമപരമായ അവകാശി തന്നെ ആണോയെന്ന് ഉറപ്പുവരുത്തിയശേഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-45 കെ എസ് ഇ ബി - ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലെ കാലതാമസവും നിർവഹണത്തിലെ അപാകങ്ങളും. 37,59,920/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പയ്യന്നൂർ നഗരസഭയിലെ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി 2020-21 സാമ്പത്തികവർഷത്തിൽ മുനിസിപ്പൽ എൻജിനീയർ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് തുക മുൻകൂറായി അനുവദിച്ചിട്ടുണ്ട്.കെ എസ് ഇ ബി യുടെ 33,58,180/-രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 30,84,301/-രൂപ കെ എസ് ഇ ബി ക്ക് പയ്യന്നൂർ ഇലക്ട്രിക്കൽ സെക്ഷനും, 6,75,619/-രൂപ (എസ്റ്റിമേറ്റ് പ്രകാരം) കെ.എസ്.ഇ.ബി. വെള്ളൂർ ഇലക്ട്രിക്കൽ സെക്ഷനും നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് പേര്,വകയിരുത്തിയ തുക | മുൻകൂറായി അനുവദിച്ച തുക | വൗച്ചർ നം./ തീയതി | ചെലവ് വിവരം |
|---|---|---|---|
| സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രോജക്ട് നം.SO 125/21) വികസനഫണ്ട്-ധനകാര്യകമ്മീഷൻ അവാർഡ് 15,00,000 | 15,00,000 | 202/09-03-2021 | കെ.എസ്.ഇ.ബി ,പയ്യന്നൂർ (ഫയൽ നമ്പർ-ഇ3-6712/2020) |
| സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രോജക്ട് നം.SO 396/21) വികസനഫണ്ട്- | 384920 | 201/09-03-2021 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ,പയ്യന്നൂർ (ഫയൽ നമ്പർ- |

| | | | |
|---|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ്<br>384920 | | | ഇ3-18674/2019) |
| സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രോജക്ട് നം.SO 290/21)<br>വികസനഫണ്ട്-ധനകാര്യകമ്മീഷൻ അവാർഡ്<br>1875000 | 11,99,381 | 200/09-03-2021 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ,പയ്യന്നൂർ<br>(ഫയൽ നമ്പർ-ഇ3-18680/2019) |
| | 6,75,619 | 143/13.11.20 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ,വെള്ളൂർ<br>(ഫയൽ നമ്പർ-ഇ3-18680/2019) |
| ആകെ | 37,59,920 | | |

പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.കെ.എസ് .ഇ. ബി യുമായി കരാറിലേർപ്പെടാതെ തുക മുൻകൂറായി അനുവദിച്ചത് ക്രമപ്രകാരമല്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിന് പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ.(കൈ) നം.11/2018 തീയതി 29-01-2018 ഖണ്ഡിക 11.2ഡി (Ii) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ അംഗീകൃത നിർവഹണ ഏജൻസിയുമായി തദ്ദേശഭരണസ്ഥാപനം കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കേണ്ട തിയ്യതി, പൂർത്തീകരിക്കേണ്ട തിയ്യതി,മറ്റ് നിബന്ധനകൾ തുടങ്ങിയവ ഉൾപ്പെടുത്തിയ കരാറിലേർപ്പെടാതെ കെ എസ് ഇ ബി ക്ക് മുൻകൂർ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.കരാറിലേർപ്പെടാതിരുന്നതിനാൽ പ്രവൃത്തി നിർവഹണഘട്ടത്തിലുണ്ടാകുന്ന വീഴ്ചകൾക്ക് നിയമപരമായ നടപടികൾ സ്ഥാപനതലത്തിൽ സ്വീകരിക്കുന്നതിന് തടസ്സങ്ങൾ ഉണ്ട്.വൈദ്യുതി ബോർഡിന്റെയും നഗരസഭയുടെയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കരാറിലേർപ്പെടാതെ മുൻകൂർ നൽകിയതിന് കാരണം അറിയിക്കേണ്ടതാണ്.കെ എസ് ഇ ബി നൽകിയ എസ്റ്റിമേറ്റിനോടൊപ്പം പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭ്യമായതായതിന്റെ രേഖകൾ ഫയലിൽ ഇല്ല.

2.പ്രവൃത്തിപൂർത്തീകരിക്കുന്നതിലെ കാലതാമസം.

മേൽ പരാമർശിച്ച ഡെപ്പോസിറ്റ് പ്രോജക്ടുകൾ കെ.എസ്.ഇ.ബി ഇതുവരെയായും പൂർത്തീകരിക്കാത്തതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിക്കാതെയിരിക്കുകയാണ്. പ്രോജക്ട് പൂർത്തീകരിച്ച് ചെയ്ത പ്രവൃത്തിയുടെ ബിൽ സംഗ്രഹം ഉൾപ്പെടുത്തിയ വിനിയോഗസാക്ഷ്യപത്രം കെ.എസ്.ഇ.ബി നൽകിയിട്ടില്ലാത്തതിനാൽ വികസനഫണ്ടിൽ നിന്നും പ്രോജക്ടിനായി ചെലവഴിച്ച പണം മുടങ്ങിക്കിടക്കുകയാണ്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതാണ്. സ.ഉ.(കൈ) നം.11/2018 തീയതി 29-01-2018 ഖണ്ഡിക ഡി (Iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതായി പൂർത്തീകരിക്കുവാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപനസെക്രട്ടറി സ്വീകരിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നതിലും വീഴ്ച വരുത്തിയതായി കാണപ്പെട്ടു.

നിർവഹണ ഏജൻസിയുമായി കരാറിലേർപ്പെടാത്തതിനാലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാലും 37,59,920/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-46 കുടിവെള്ള സ്രോതസ്സ് നിർമ്മാണം തടസ്സപ്പെട്ടു- UIDSSMTപദ്ധതിയിലുൾപ്പെടുത്തിയ പയ്യന്നൂർ കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.52കോടി രൂപയുടെ പാഴ് ചെലവ്.

ഫയൽ നമ്പർ-ഇ**2-16322/07**

അർബൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം ഓഫ് സ്മാൾ ആൻഡ് മീഡിയം ടൗൺസ് (UIDSSMT) പദ്ധതിയിലുൾപ്പെടുത്തി പയ്യന്നൂർ നഗരസഭ പരിധിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 2007 വർഷത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 40.19 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമാണ് 2008-09സാമ്പത്തികവർഷത്തിൽ പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ നിർവഹണം ആരംഭിച്ചത്.കേരള വാട്ടർ അതോറിറ്റിയെയാണ് പദ്ധതിയുടെ നിർവഹണച്ചുമതല കരാർ പ്രകാരം ഏൽപ്പിച്ചത്.സർക്കാരിന്റെ 09-01-2018 തീയതിയിലെ സ.ഉ (ആർ.ടി) 89/2018/എൽ എസ് ജി ഡി ഉത്തരവ് പ്രകാരം 40.19 കോടി രൂപയുടെ എസ്റ്റിമേറ്റ് പിന്നീട് 51.15 കോടി രൂപയുടെതാക്കി കേരളവാട്ടർ അതോറിറ്റി റിവൈസ് ചെയ്യുകയുണ്ടായി. കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്ന കുപ്പം പുഴയിലെ ശുദ്ധജലസ്രോതസ്സ് പ്രയോജനപ്പെടുത്തി ചപ്പാരപ്പടവിന് സമീപത്തുള്ള പ്രദേശങ്ങളിൽ വാട്ടർ ട്രീറ്റമെന്റ് പ്ലാന്റ്, ചപ്പാരപ്പടവിലെ കുടിവെള്ള സ്രോതസ്സിൽ നിന്നും പയ്യന്നൂർ നഗരസഭയിലെ വാർഡുകളിൽ പൈപ്പിടൽ പ്രവൃത്തി, സംഭരണ ടാങ്കുകൾ എന്നീ ജോലികൾ പൂർത്തിയാക്കി പുഴയിലെ ജലം വാട്ടർ ട്രീറ്റമെന്റ് പ്ലാന്റിലെത്തിച്ച് ശുദ്ധീകരിച്ച് പയ്യന്നൂർ നഗരസഭയിലെത്തിക്കുയും ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുയുമായിരുന്നു പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. 11-09-2008-ൽ ആരംഭിച്ച് 11-09-2010 തീയതിയിൽ പൂർത്തീകരിക്കുന്നതിനായിരുന്നു പദ്ധതി ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ടിരുന്നത്. ആദ്യം അംഗീകരിച്ച അടങ്കൽ തുകയുടെ 80 ശതമാനം കേന്ദ്രവിഹിതവും 10 ശതമാനം സംസ്ഥാനവിഹിതവും 10 ശതമാനം നഗരസഭവിഹിതവുമായാണ് നിജപ്പെടുത്തിയിരുന്നത്.കെ എസ് യു ഡി പി മുഖാന്തിരമാണ് പ്രവൃത്തിയുടെ തുക നഗരസഭക്ക് ലഭിച്ചിരുന്നത്.പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീയാക്കിയ ശേഷം കേരള വാട്ടർ അതോറിറ്റി ഓരോ പാക്കേജിലുമുൾപ്പെടുന്ന വിവിധ പ്രവൃത്തികൾ പൂർത്തീകരിച്ച് ബില്ലുകൾ നഗരസഭക്ക് നൽകുയും നഗരസഭ പ്രസ്തുത ബില്ലുകൾ കെ എസ് യു ഡി പി ക്ക് അയച്ച് കൊടുക്കുകയും ചെയ്യുന്നു. കെ എസ് യു ഡി പി യിൽ നിന്ന് ഫണ്ട് ലഭിക്കുമ്പോൾ വാട്ടർ അതോറിറ്റിക്ക് നഗരസഭ തുക നൽകുകയുമാണ് പ്രോജക്ട് ഫണ്ട് നിർവഹണഏജൻസിക്ക് കൈമാറുന്നതിന് അവംലബിച്ച മാർഗം.

ബഹു. ഹൈക്കോടതി വിധി പ്രകാരം 2020-21 സാമ്പത്തിക വർഷം നൽകിയ 26,10,679/- രൂപയുൾപ്പെടെ (വൗച്ചർ നമ്പർ/ തീയതി /തുക **-1110/04-02-2021** (ചെക്ക് നമ്പർ-**957843** തീയതി **04-02-2021** ) കേരള വാട്ടർ അതോറിറ്റിക്ക് ഇതുവരെയായി 52 കോടി രൂപ അനുവദിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.(കേരള വാട്ടർ അതോറിറ്റി നഗരസഭക്ക് നൽകിയ രേഖകൾ പ്രകാരം)

| പാക്കേജ് നമ്പർ | പ്രവൃത്തി വിവരം | എസ്റ്റിമേറ്റ് പി എ സി (ലക്ഷത്തിൽ) | ചെലവ് തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ചപ്പാരപ്പടവിലൂടെ ഒഴുകുന്ന കുപ്പം പുഴയുടെ കൊടുങ്കയത്തുള്ള തീരത്ത് നഗരസഭ വിലക്ക് വാങ്ങിയ സ്ഥലത്ത് Intake Well Cum Pump House (10m Dia) നിർമ്മാണവും 4100 മീറ്റർ മെയിൻ പമ്പിംഗ് പൈപ്പിടൽ പ്രവൃത്തിയും. | 334.90 | 432.76 | മെയിൻ പമ്പിംഗ് പൈപ്പിടൽ പ്രവൃത്തി പൂർത്തീയായെങ്കിലും 16-12-2013 തീയതിയിൽ കരാറിലേർപ്പെട്ട Intake Well Cum Pump House (10m Dia) നിർമ്മാണത്തിന്റെ പ്രവൃത്തി പ്രാദേശിക എതിർപ്പ് കാരണം തടസ്സപ്പെട്ടിരിക്കുന്നു. |
| 2 | ചപ്പാരപ്പടവ് മഠം തട്ടിൽ നഗരസഭ വിലക്ക് വാങ്ങിയ | 468.31 | 768.68 | വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ,GL ടാങ്ക് നിർമമാണം പൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| | ഒന്നേ കാൽ ഏക്കർ സ്ഥലത്ത് 14 MLD കപ്പാസിറ്റി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണവും പയ്യന്നൂർ നഗരസഭയിലെ കോറോം വില്ലേജിലെ നെല്ലിയാട്ടുപാറ എന്ന സ്ഥലത്ത് 45 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള GL ടാങ്ക് നിർമമാണവും. | | | |
| 3 | ചപ്പാരപ്പടവിലെ മഠം തട്ടിലുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും പയ്യന്നൂർ നഗരസഭയിലുള്ള നെല്ലിയാട്ടുപാറയിലെ GL ടാങ്കിലേക്ക് 21.25 കിലോമീറ്റർ നീളത്തിലുള്ള ഗ്രാവിറ്റി മെയിൻ 500 Mm/400mm DI പൈപ്പിടൽ പ്രവൃത്തി | 1011.70 | 1624.73 | പൂർത്തിയാക്കി. |
| 4 | Intake Well ന് സമീപം മങ്കരയിൽ Wier നിർമ്മാണം | 178.75 | 0 | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഇറിഗേഷൻ വകുപ്പ് ചപ്പാരപ്പടവ് കുപ്പം പുഴയിലെ കാട്ടാമ്പള്ളി എന്ന സ്ഥലത്ത് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനാൽ പ്രവൃത്തി ഒഴിവാക്കി.എന്നാൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം ആരംഭിച്ചെങ്കിലും നിർമ്മാണം ഏറ്റെടുത്ത കമ്പനി പ്രവൃത്തി ഉപേക്ഷിച്ചു.തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല. |
| 5 | 131.348കിലോമീറ്റർ ദൂരത്തിൽ വിതരണശൃംഖലയിലെ പൈപ്പിടൽ പ്രവൃത്തി (800mm To 200 Mm DI Pipe And 160 Mm To 75 Mm PVC Pipe) | 1149 | 1775.09 | പ്രവൃത്തി പൂർത്തിയാക്കി. |

| | | | | |
|---|---|---|---|---|
| 6 | ട്രാൻസ്ഫോമർ & പമ്പ് സെറ്റ് സ്ഥാപിക്കൽ പ്രവൃത്തി | 369 | 0 | പ്രവൃത്തി ചെയ്തിട്ടില്ല. |
| | പൈപ്പിടൽ ബാക്കി പ്രവൃത്തി | 141.63 | 185.8 | പ്രവൃത്തി പൂർത്തിയാക്കി. |
| | അഞ്ജനപ്പുഴയിലെ ഗാപ് കണക്ഷൻ പ്രവൃത്തി | 13.22 | 22.94 | പ്രവൃത്തി പൂർത്തിയാക്കി. |
| | മഠംതട്ട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള ഗാപ് കണക്ഷൻ പ്രവൃത്തി | 12.91 | 48.50 | പ്രവൃത്തി പൂർത്തിയാക്കി. |
| | പരവൂരിലെ ഗാപ് കണക്ഷൻ പ്രവൃത്തി | 35.35 | 0.6 | പ്രവൃത്തി പൂർത്തിയാക്കി. |
| | ആലക്കാട് ബ്രിഡ്ജ് ഗാപ് കണക്ഷൻ പ്രവൃത്തി | 4.82 | 8.08 | പ്രവൃത്തി പൂർത്തിയാക്കി. |
| | പി ഡബ്ല്യൂ ഡി റോഡ് റീഫോർമേഷൻ | 75 | 187.36 | പ്രവൃത്തി പൂർത്തിയാക്കി. |
| | മുനിസിപ്പൽ റോഡ് റോഡ് റീഫോർമേഷൻ | 87 | 53.44 | പ്രവൃത്തി പൂർത്തിയാക്കി. |
| | പഞ്ചായത്ത് റോഡ്റീഫോർമേഷൻ | 0 | 2.09 | പ്രവൃത്തി പൂർത്തിയാക്കി. |
| | പരസ്യചെലവുകൾ | 0 | 2.85 | -- |
| | DER പ്രിപ്പറേഷൻ ചാർജ് | 0 | 60.29 | പ്രവൃത്തി പൂർത്തിയാക്കി. |
| | മറ്റ് ചെലവുകൾ | 0 | 1.7 | -- |
| | | | 5174.91 | |

പദ്ധതിയുടെ നിർവഹണത്തിലുണ്ടായ വീഴ്ചകൾ ചുവടെ കൊടുക്കുന്നു.

**1.**<u>കുടിവെള്ള സ്രോതസ്സ് ഉറപ്പുവരുത്തുന്നതിലെ വീഴ്ച-**52**കോടി രൂപയുടെ പാഴ് ചെലവ്</u>

ഒരു കുടിവെള്ള പദ്ധതിയുടെ നിർവഹണത്തിലെ പ്രാഥമികവും മുഖ്യവുമായ പ്രവൃത്തി കുടിവെള്ള സ്രോതസ്സ് ഉറപ്പുവരുത്തലാണ്.പ്രത്യേകിച്ചും,കോടിക്കണക്കിന് രൂപയുടെ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ കുടിവെള്ള സ്രോതസ്സ് ലഭ്യത സംബന്ധിച്ച് അത്യന്തം ജാഗ്രത പുലർത്തേണ്ടതുമുണ്ട്. പയ്യന്നൂർ കുടിവെള്ള പദ്ധതിക്കായി നഗരസഭ കണ്ടെത്തിയ ജലസ്രോതസ്സ് നഗരസഭപ്രദേശത്ത് നിന്നും 21 കിലോമീറ്ററിലധികം അകലെയുള്ള ചപ്പാരപ്പടവ് പഞ്ചായത്തിലൂടെ ഒഴുകുന്ന കുപ്പം പുഴയുടെ സമീപത്തുള്ള ശുദ്ധജലം ലഭിക്കുന്ന അപ്പാച്ചിക്കയം എന്ന സ്ഥലമാണ്.കുടിവെള്ള സ്രോതസ്സിനുള്ള കിണറും പമ്പ് ഹൗസും സ്ഥാപിക്കുന്നതിനായി 20 സെന്റ് സ്ഥലം നഗരസഭ വിലകൊടുത്ത് വാങ്ങിയ (2008-09 വർഷത്തിൽ) സ്ഥലമാണിത്. എന്നാൽ അപ്പാച്ചിക്കയത്ത് നിന്ന് വെള്ളം ശേഖരിക്കുന്നതിലുണ്ടായ പ്രാദേശിക എതിർപ്പിനെ തുടർന്ന് സർക്കാർ തലത്തിൽ ചർച്ച് ചെയ്ത് കുടിവെള്ള സ്രോതസ്സ് മാറ്റുന്നതിന് തീരുമാനമെടുക്കുകയും സമീപത്ത് തന്നെയുള്ള കൊടുങ്കയത്തേക്ക് സ്രോതസ്സ് നിശ്ചയിക്കുകയും നഗരസഭ കൊടുങ്കയത്ത് 15 സെന്റ് സ്ഥലം വിലകൊടുത്ത് (2014-15വർഷത്തിൽ) വാങ്ങുകയുമുണ്ടായി. കൊടുങ്കയത്ത് ഉപ്പ് വെള്ളം കയറുമെന്ന വാട്ടർ അതോറിറ്റിയുടെ കണ്ടെത്തലിന്റെയും ചപ്പാരപ്പടവ് പഞ്ചായത്തിലെ ജനങ്ങളുടെ ശുദ്ധജലലഭ്യത ഉറപ്പുവരുത്തണമെന്ന ആവശ്യം പരിഗണിച്ചും ജലസംഭരണം

ഉറപ്പുവരുത്തുന്നതിനും ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിനുമായി കാട്ടാമ്പള്ളി എന്ന സ്ഥലത്ത് റഗുലേറ്റർ കം ബ്രിഡ്ജ് (RCB) , ഇറിഗേഷൻ വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിക്കുന്നതിനും 2009 വർഷത്തിൽ തന്നെ സർക്കാർ തലത്തിൽതീരുമാനമെടുത്തിരുന്നു.സ്ഥലം വിലക്ക് വാങ്ങി ശുദ്ധീകരണ ശാല നിർമ്മിക്കൽ(മഠംതട്ട്-ചപ്പാരപ്പടവ്),പൈപ്പ് ലൈൻ സ്ഥാപിക്കൽ (മെയിൻ & ഡിസ്ട്രിബ്യൂഷൻ),സംഭരണശാല ( നെല്ലിയാട്ടുപാറ,കോറോം വില്ലേജ്,പയ്യന്നൂർ നഗരസഭ) തുടങ്ങിയ പ്രവർത്തനങ്ങൾ വർഷങ്ങൾ ക്ക് മുൻപ് തന്നെ പൂർത്തിയായി.എന്നാൽ 12 വർഷങ്ങൾ പിന്നിട്ടിട്ടും RCB സ്ഥാപിക്കുവാൻ സാധിക്കാതെ വരികയും കൊട്ടുങയത്ത് കുപ്പം പുഴയിൽകിണർ നിർമ്മിക്കലിന്റെയും പമ്പ് സെറ്റ് സ്ഥാപിക്കലിന്റെയും പ്രവൃത്തി പ്രാദേശികഎതിർപ്പ് കാരണം നിലവിലും തടസ്സപ്പെടുകയും പദ്ധതി പൂർത്തീകരണം സാധിക്കാതെ വന്നിരിക്കുകയുമാണ്.നഗരസഭയുടെ അധീനതയിലല്ലാത്ത പ്രദേശത്ത് കുടിവെള്ള സ്രോതസ്സ് കണ്ടെത്തുമ്പോൾ കുടിവെള്ള ലഭ്യത ശാസ്ത്രീയപഠനം വഴി ഉറപ്പ് വരുത്തുവാനും പദ്ധതി ആരംഭിക്കുന്നതിന് മുൻപ് തന്നെ കൂടിയാലോചനകളിലൂടെ പ്രാദേശിക തർക്കങ്ങൾ ഉണ്ടാകുവാനിടയില്ലെന്ന് ഉറപ്പ് വരുത്തുവാനുമുള്ള ബാധ്യത നഗരസഭയുടേതായിരുന്നു. കുടിവെള്ള സ്രോതസ്സ് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തുമായി ഇക്കാര്യത്തിൽ പദ്ധതി ആരംഭിക്കുന്നതിന് മുൻപ് തന്നെ രേഖാമൂലം ധാരണയിലെത്തേണ്ടതായിരുന്നു.എന്നാൽ ഇത്തരത്തിലുള്ള ഒരു ധാരണയിലെത്തുന്നതിന് നഗരസഭക്ക് സാധിക്കാത്തതാണ് പദ്ധതി നിർവഹണത്തിലുണ്ടായ പ്രധാന വീഴ്ച. ശുദ്ധീകരണ ശാല നിർമ്മിക്കൽ,പൈപ്പ് ലൈൻ സ്ഥാപിക്കൽ (മെയിൻ & ഡിസ്ട്രിബ്യൂഷൻ), സംഭരണശാല തുടങ്ങിയ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ശേഷം പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ടതും പ്രാഥമികമായി ചെയ്യേണ്ടതുമായ പ്രവൃത്തി തടസ്സപ്പെടുവാൻ ഇടയാക്കിയത് കുടിവെള്ള സ്രോതസ്സ് ഉറപ്പാക്കുന്നതിലുണ്ടായ വീഴ്ച മൂലമാണെന്ന് വിലയിരുത്തുന്നു. 2008വർഷത്തിൽ ആരംഭിച്ച് രണ്ട് വർഷത്തിനകം പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ട പദ്ധതിക്ക് വേണ്ടി 52 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.കുടിവെള്ള സ്രോതസ്സ് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കാതെ വന്നതിനാൽ കുടിവെള്ള വിതരണമെന്ന ലക്ഷ്യം കൈവരിക്കാതെ 52 കോടി രൂപയുടെ ചെലവ് പാഴ് ചെലവായി മാറി.

**2.നഗരസഭക്ക് കോടിക്കണക്കിന് രൂപ സാമ്പത്തിക ബാധ്യതയുണ്ടാക്കിയ പദ്ധതി .**

ലഭ്യമായ രേഖകൾ പ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ട് സ്രോതസ്സ് | ലഭിച്ച തുക | ചെലവഴിച്ച തുക (വകയിരുത്തിയ തുകയിൽ നിന്നുള്ളത്) | കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുക (വകയിരുത്തിയ തുക +നഗരസഭ ഫണ്ടിൽ നിന്ന് കണ്ടെത്തിയ അധിക തുക) | നഗരസഭക്ക് ഇതുവരെയുണ്ടായ അധികബാധ്യത |
|---|---|---|---|---|
| കേന്ദ്രവിഹിതം | 321520000 | 321520000 | 488375000 + 2,89,82,944 | 517357944 - 488375000 |
| സംസ്ഥാനവിഹിതം | 40190000 | 40190000 | | |
| നഗരസഭവിഹിതം | 40190000 | 40190000 | | |
| അധിക സംസ്ഥാനവിഹിതം | 86475000 | 86475000 | | |

| | | | | |
|---|---|---|---|---|
| ആകെ | 488375000 | 488375000 | 51,73,57,944 | 2,89,82,944 |

നഗരസഭ വിഹിതമായി നൽകേണ്ട 4കോടി രൂപയിൽ 2 കോടി രൂപ നഗരസഭ മാർക്കറ്റ് കെട്ടിടം പണയപ്പെടുത്തി ഹഡ്കോയിൽ നിന്ന് വായ്പയെടുത്തും 2 കോടി രൂപ നഗരസഭ തനത് ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്. കേരളവാട്ടർ അതോറിറ്റിക്ക് 2018-19 വരെയുള്ള കാലയളവിൽ 51,47,47,265/- രൂപയും 2020-21 സാമ്പത്തികവർഷത്തിൽ 26,10,679/- രൂപയും ഉൾപ്പെടെ ആകെ 51,73,57,944 രൂപ അനുവദിച്ചതായാണ് **UIDSSMT**പദ്ധതി രജിസ്റ്റർ പ്രകാരമുള്ള കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. അധികം വന്ന 2,89,82,944/-രൂ നഗരസഭ തനത് ഫണ്ടിൽ നിന്നാണ് ചെലവഴിക്കേണ്ടി വന്നത്.ഇതു പ്രകാരം ഇതുവരെയുള്ള കാലയളവിൽ 2,89,82,944/-രൂപയുടെ അധികബാധ്യത നഗരസഭക്കുണ്ടായതായും കണക്കുകൾ വ്യക്തമാക്കുന്നു.(ഹഡ്കോ വായ്പ തിരിച്ചടവിനുള്ള പലിശയിനത്തിലും നഗരസഭക്ക് വലിയ തുക ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്).

പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുക 51.15 കോടി രൂപയാണ്. എന്നാൽ ഇതുവരെയായി 51.74 കോടി രൂപ ചെലവഴിച്ചതായി കാണുന്നു.മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കാതെ തന്നെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയെക്കാളും 59 ലക്ഷം രൂപ ഇപ്പോൾ തന്നെ അധികം ചെലവഴിച്ചിട്ടുണ്ട്. 2006ഷെഡ്യൂൾ ഓഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രോജക്ടിന്റെ നിർവഹണത്തിലുണ്ടായ കാലതാമസം കാരണം എസ്റ്റിമേറ്റിൽ നിന്നും അൻപത് ശതമാനത്തിലധികം വരെ ഉയർന്ന നിരക്കിൽ നിർവഹണ ഏജൻസിക്ക് ടെണ്ടർ അംഗീകരിക്കേണ്ട സാഹചര്യമുണ്ടായതിനാൽ നഗരസഭക്ക് കോടിക്കണക്കിന് രൂപയുടെ സാമ്പത്തികബാധ്യതയുണ്ടാക്കി.

**3.**<u>പദ്ധതിക്ക് വേണ്ടി നഗരസഭ വിലയ്ക്ക് വാങ്ങിയ സ്ഥലത്തിന്റെ സംരക്ഷണ ത്തിലുണ്ടായ ഗുരുതരമായ വീഴ്ച.</u>

പദ്ധതിക്ക് വേണ്ടി മഠം തട്ടിൽ 1.25ഏക്കർ, അപ്പാച്ചിക്കയത്ത് 20 സെന്റ് സ്ഥലം, കൊടുങ്കയത്തുള്ള 15 സെന്റ്സ്ഥലം എന്നിവ നഗരസഭ വില കൊടുത്ത് വാങ്ങിയതാണ്. ഇതിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിച്ച മഠം തട്ടിലെ 1.25ഏക്കർ സ്ഥലം പ്രവൃത്തിയുടെ ഭാഗമായി ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. എന്നാൽ കിണർ പമ്പ് ഹൗസ് നിർമ്മാണത്തിനായി നഗരസഭ ആദ്യം വിലക്ക് വാങ്ങിയ അപ്പാച്ചിക്കയത്തുള്ള 20 സെന്റ് സ്ഥലം, പിന്നീട് വാങ്ങിയ കൊടുങ്കയത്തുള്ള 15 സെന്റ്സ്ഥലം എന്നിവ അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ലെന്നും അതിനാൽ സ്ഥലത്തുള്ള വൃക്ഷങ്ങൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പരിപാലനം ഉറപ്പുവരുത്തുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടെന്നും പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് സൈറ്റ് പ്രദേശത്ത് 13-01-2022 ന് നടത്തിയ പ്രാദേശികപരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തുള്ള തേക്ക്,മഹാഗണി ഉൾപ്പെടെയുള്ള മരങ്ങളുടെ വിവരങ്ങൾ നഗരസഭയുടെ ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. (അപ്പാച്ചിക്കയത്ത് സ്ഥലപരിശോധനക്കായി ചെന്നപ്പോൾ പ്രസ്തുത സ്ഥലത്തെ തേക്ക് മരം മുറിച്ച് കൊണ്ടുപോയതായി പ്രദേശവാസികൾ അറിയിച്ചിരുന്നു.) ഇവിടെയുള്ള തെങ്ങ്, കവുങ്ങ് തുടങ്ങിയവയിൽ നിന്ന് നഗരസഭക്ക് വരുമാനം ലഭിക്കുന്നില്ല. സ്ഥലത്തുള്ള റബ്ബർ മരങ്ങൾ നിലവിൽ ടാപ്പിംഗ് നടത്തുന്നവയാണെന്നും എന്നാൽ ഇതിൽനിന്നും നഗരസഭക്ക് വരുമാനം ലഭിക്കുന്നില്ലെന്നും ബോധ്യപ്പെട്ടു. നഗരസഭ വാങ്ങിയ സ്ഥലത്തിന് ഇതുവരെ ഭൂനികുതി അടച്ചിട്ടില്ല.അപ്പാച്ചിക്കയത്ത് 2008-09 വർഷത്തിൽ വാങ്ങിയ 20 സെന്റ് സ്ഥലം ഇതുവരെയായും പോക്കുവരവ് നടത്തിയിട്ടില്ല.പദ്ധതിക്കായി വാങ്ങിയ സ്ഥലങ്ങളും അവിടെയുള്ള ആസ്തികളും സംരക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി പരിശോധനയിൽ കണ്ടെത്തി.



കിണർ,പമ്പ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനായി കൊടുങ്കയത്ത് നഗരസഭ വാങ്ങിയ സ്ഥലം.(നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്ന സ്ഥലം)

**4.വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് കാട് മൂടി കിടക്കുന്നു.**

പയ്യന്നൂർ കുടിവെള്ള പദ്ധതിക്കായി നഗരസഭ വില കൊടുത്ത് വാങ്ങിയ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ മഠംതട്ട് എന്ന പ്രദേശത്ത് നിർമ്മിച്ച മഠംതട്ട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും അനുബന്ധകെട്ടിടങ്ങളും കാട് മൂടി കിടക്കുകയാണ്. യന്ത്രസാമഗ്രികൾ ഉൾപ്പെടെയുള്ള അനുബന്ധഉപകരണങ്ങൾ കെട്ടിടത്തിനുള്ളിൽ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുകയാണ്. മഠം തട്ടിലെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, പയ്യന്നൂർ നഗരസഭയിലുള്ള നെല്ലിയാട്ടുപാറയിലെ GL ടാങ്ക് എന്നിവക്ക് വേണ്ടി മാത്രം ചെലവഴിച്ച തുക 16.25 കോടി രൂപയാണ്.പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ കെട്ടിടങ്ങളും അനുബന്ധഉപകരണങ്ങളും ഉൾപ്പെടെയുള്ള കോടിക്കണക്കിന് രൂപയുടെ ആസ്തികൾ നശിച്ച് പോകുവാനിടയാകുന്നതായി കാണപ്പെട്ടു.



ചപ്പാരപ്പടവ് പഞ്ചായത്തിലെ മഠംതട്ട് എന്ന സ്ഥലത്ത് നഗരസഭ വില കൊടുത്ത് വാങ്ങിയ 1.25 ഏക്കർ സ്ഥലത്ത് പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായി വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ച വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് കാട് മൂടി കിടക്കുന്നു.

ശുദ്ധജലക്ഷാമം രൂക്ഷമായ പയ്യന്നൂർ നഗരസഭയിലെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ഉപകാരപ്പെട്ടുമായിരുന്ന സ്വപ്ന പദ്ധതിയായിരുന്നു പയ്യന്നൂർ കുടിവെള്ള പദ്ധതി. ജപ്പാൻ കുടിവെള്ള പദ്ധതി (JBIC) പയ്യന്നൂർ നഗരസഭയിൽ പ്രാവർത്തികമാക്കുന്നത് വരെ ജനങ്ങളുടെ സുപ്രധാന ആവശ്യമായി ഈ പദ്ധതി നിലനിന്നിരുന്നു.എന്നാൽ നിലവിൽ പയ്യന്നൂർ നഗരസഭയിലെ മുഴുവൻ വാർഡുകളിലും ജപ്പാൻ കുടിവെള്ളപദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ളം ലഭിക്കുന്നുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതി (JBIC) യുടെ ഗുണഭോക്തൃപ്രദേശമായി പയ്യന്നൂർ നഗരസഭയെ ഉൾപ്പെടുത്തി കുടിവെള്ള വിതരണം ആരംഭിച്ച സാഹചര്യത്തിൽ ലക്ഷ്യം കൈവരിക്കാത്ത പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ ആവശ്യകത തന്നെ കാലഹരണപ്പെടുന്നതിനുള്ള സ്ഥിതിവിശേഷം സംജാതമായതായി വിലയിരുത്തുന്നു.

## 1-47 അന്നൂർ അമ്പലം മുതൽ തലയനേരി പടിഞ്ഞാറ് ഭാഗം വരെ ഡ്രൈനേജ് നടപ്പാത-കരാറുകാരന് ₹ 8400/- രൂപ അധികം നൽകി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നമ്പർ | E-3/21518/19 |
| പ്രൊജക്ട് നമ്പർ | 438/21 |
| പ്രൊജക്ടിന്റെ പേര് | അന്നൂർ അമ്പലം മുതൽ തലയനേരി പടിഞ്ഞാറ് ഭാഗം വരെ ഡ്രൈനേജ് നടപ്പാത |
| അടങ്കൽ | മെയിനന്റൻസ് ഫണ്ട് റോഡ് 10,20,000 |
| പ്രവൃത്തിമൂല്യം | 840066 |
| ചെലവ് തുക | 940874 |
| വൗച്ചർ നമ്പർ,തീയതി | 184/2020-21 തീയതി 26-02-2021 |
| കരാറുകാരന്റെ പേര് | കണ്ണൻ കൺസ്ട്രക്ഷൻസ് |
| ക്വാട്ട് ചെയ്ത നിരക്ക് | 840065.58(ഐറ്റം റേറ്റ്) |
| എം.ബുക്ക് നമ്പർ | 203/18-19,233/18-19 |
| എഗ്രിമെന്റ് നമ്പർ / തീയതി | 132/19-20തീയതി 27-01-2020 |
| സാങ്കേതികാനുമതി നമ്പർ/ തീയതി തുക | 91474/2019-20 10,14,000 |

ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് ഒരു ശതമാനവും മറ്റുള്ളവർക്ക് (സ്ഥാപനം,കമ്പനി മുതലായവ) രണ്ട് ശതമാനം നിരക്കിലുമാണ്.കണ്ണൻ കൺസ്ട്രക്ഷൻസ് എന്ന പേരിലാണ് ഇ-ടെണ്ടറിൽ പങ്കെടുത്തത് എന്നതിനാൽ മേൽ പ്രവൃത്തിയിൽ നിന്ന് ആകെ പ്രവർത്തിമൂല്യത്തിന്റെ 2% നിരക്കിൽ (₹840066x 2%) ₹ 16801 ആദായ നികുതി ഈടാക്കുന്നതിന് പകരം ₹ 8401/- മാത്രമാണ് ഈടാക്കിയത്. ഇത് കാരണം ₹ 8400 കരാറുകാരന് അധികം നല്കിയിട്ടുണ്ട്.

ആദായ നികുതി ഇനത്തിൽ ഈടാക്കുന്നതിൽ കുറവ് വന്ന ₹8400/- തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

## 1-48 ഹൈമാസ്റ്റ് മിനി മാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ-നിർവഹണ നപടിക്രമങ്ങളിലെ

## വീഴ്ചകൾ -സിൽക്കിന് അധികം നൽകിയ തുക **87386**രൂപ തിരിച്ചുപിടിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നമ്പർ | ഇ-3/9101/20 |
| പ്രൊജക്ട് നമ്പർ | SO 130/21 |
| പ്രൊജക്ടിന്റെ പേര് | ഹൈമാസ്റ്റ് മിനി മാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് -20 ലക്ഷം |
| നിർവഹണം | അക്രഡിറ്റഡ് എജൻസി മുഖേന |
| സാങ്കേതികാനുമതി നമ്പർ,തുക | ഇല്ല. |
| ആകെ പ്രവൃത്തിമൂല്യം | 1994746/- |
| ആകെ ചെലവ് തുക ( Gross Amount) | 1994746/- |
| കരാറുകാരന് നൽകിയ തുക - Net Amount | 1994746/- |
| വൗച്ചർ നമ്പർ,തീയതി | 227/20-21 തീയതി 27-03-2021 |
| അക്രഡിറ്റഡ് എജൻസിയുടെ പേര് | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ,അഴീക്കൽ ,കണ്ണൂർ. |
| ക്വാട്ട് ചെയ്ത നിരക്ക് | 20 ലക്ഷം (ഓഫർ കത്ത് ) |
| എഗ്രിമെന്റ് നമ്പർ | 55/2020-21തീയതി 11-09-2020 |

ഹൈമാസ്റ്റ് മിനി മാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ പ്രൊജക്ട് പ്രകാരം 8mtr Mini Mast With 5x150W LED Flood Lights With 3 Year Warranty യോടുകൂടി 7 മിനി മാസ്റ്റ് ലൈറ്റുകൾ പയ്യന്നൂർ നഗരസഭപരിധിയിലെ വെള്ളൂർ കിഴക്കമ്പാട്,പരവന്തട്ട,മാവിച്ചേരി,പുഞ്ചക്കാട്,പയ്യന്നൂർ തെരു, സൂര്യമുക്ക്, പെരുമ്പ എന്നീ സ്ഥലങ്ങളിലും ,8mtr Mini Mast With 4x150W LED Flood Lights With 3 Year Warranty യോടുകൂടി 2 മിനി മാസ്റ്റ് ലൈറ്റുകൾ സുരഭി നഗർ, കാര എന്നീ സ്ഥലങ്ങളിലും സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് .അക്രഡിറ്റഡ് ഏജൻസിയായ സിൽക് നഗരസഭക്ക് നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് സിൽക്കിന് അനുവദിച്ചിട്ടുള്ളത്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം. | ഇനം | ആകെ പ്രവൃത്തി മൂല്യം | ജി എസ് ടി (12%) | സെന്റേജ് (8%) | ജി എസ് ടി ഓൺ സെന്റേജ് (18%) | ആകെ |
|---|---|---|---|---|---|---|
| 1 | 8mtr Mini Mast With 5x150W LED Flood Lights With 3 Year | 1302908 | 156349 | 104233 | 18762 | 1582252 |

| | | | | | | |
|---|---|---|---|---|---|---|
| | Warranty | | | | | |
| 2 | 8mtr Mini Mast With 4x150W LED Flood Lights With 3 Year Warranty | 339669 | 40760 | 27174 | 4891 | 412494 |
| | | 1642577 | 197109 | 131407 | 23653 | 1994746 |

പ്രവൃത്തി നിർവഹണത്തിലെ അപാകങ്ങൾ.

1. അക്രഡറ്റിഡ് ഏജൻസികളിൽ നിന്ന് നിന്ന് ടെണ്ടർ ക്ഷണിച്ചില്ല.

സർക്കാരിന്റെ 04-07-2019ലെ G.O.(P)നം.77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 34 പ്രകാരം SILK എന്ന സ്ഥാപനത്തിന് ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ പി എം സി ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ പി എം സി ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള SILK എന്ന സ്ഥാപനത്തെ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ച നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.അക്രഡറ്റിഡ് ഏജൻസികളിൽ നിന്ന് ടെണ്ടർ ക്ഷണിക്കാതെ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ,അഴീക്കൽ ,കണ്ണൂർ എന്ന സ്ഥാപനത്തിന്റെ പേര് നിർവഹണ ഏജൻസിയായി പ്രോജക്ടിൽ ഉൾപ്പെടുത്തുകയും പ്രസ്തുതസ്ഥാപനത്തിൽ നിന്ന് മാത്രം ഓഫർ വാങ്ങി നിർവഹണം നടത്തിയതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ്.സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല.

2.കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയ എസ്റ്റിമേറ്റിനെ അടിസ്ഥാനപ്പെടുത്തി സിൽകിന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല. SILK സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിലാണ് സിൽക്കിന് തുക അനുവദിച്ചിട്ടുള്ളത്. പ്രസ്തുത എസ്റ്റിമേറ്റ് 10% കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. അക്രഡറ്റിഡ് ഏജൻസികൾക്ക് ലാഭവിഹിതം അനുവദനീയമല്ലാത്തതിനാൽ പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം തുക അനുവദിച്ചതും 10 ശതമാനം ലാഭവിഹിതം ഉൾപ്പെടെയുള്ള തുകക്ക് സെന്റേജ് ചാർജ് അനുവദിച്ചതും ക്രമപ്രകാരമല്ല.

3.നികുതികൾ കുറവ് ചെയ്യാതെ തുക അനുവദിച്ചു- സിൽക്കിന് അധിക തുക നൽകിയ 87,386/-രൂപ ഈടാക്കേണ്ടതാണ്.

സിൽക്കിന് തുക അനുവദിച്ചപ്പോൾ നിർമ്മാണത്തൊഴിലാളി ക്ഷേമനിധിവിഹിതം (1%),ആദായനികുതി (2%), ജി എസ് ടി (2%) എന്നിവ റിക്കവറി നടത്തിയിട്ടില്ല. നിർമ്മാണത്തൊഴിലാളി ക്ഷേമനിധിവിഹിതം

ഇനത്തിൽ 16426/-രൂപയും (1% Of 1642577) ആദായനികുതി ടി ഡി എസ് ഇനത്തിൽ 35480/-രൂപയും (2% Of 1773984) ജി എസ് ടി ടി ഡി എസ് ഇനത്തിൽ 35480/-രൂപയും (2% Of 1773984) ബില്ലിൽ നിന്നും റിക്കവറി നടത്താത്തതിനാൽ നിർവഹണ ഏജൻസിക്ക് 87,386/-രൂപ (16426 + 35480+ 35480) അധികം നൽകുവാനിടയായിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

4.മറ്റ് അപാകങ്ങൾ.

സൂര്യമുക്ക് ഭാഗത്ത് പ്രവൃത്തി നടപ്പിലാക്കുമ്പോൾ കെ എസ് ഇ ബി ക്കുണ്ടായ നാശനഷ്ടത്തിന്റെ തുകയായ 35,636/-രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കുകയോ കെ എസ് ഇ ബി ക്ക് അടവാക്കുകയോ ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇലക്ട്രിക്ക് കണക്ഷൻ സംബന്ധിച്ച കെ എസ് ഇ ബി ക്ക് അടച്ച തുക സംബന്ധിച്ച രേഖകൾ ഫയലില്ല.

നിർവഹണത്തിലുണ്ടായ മേൽ സൂചിപ്പിച്ച അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും ഏജൻസിക്ക് അധികം നൽകിയ 87,386/-രൂപ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

## 1-49 കവ്വായി കോളനി നടപ്പാത-ടെണ്ടർ വ്യതിയാനം ബില്ലിൽ നിന്നും കുറവ് ചെയ്തില്ല-984 രൂപ കരാറുകാരന് അധികം നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നമ്പർ | ഇ-3/19154/19 |
| പ്രൊജക്ട് നമ്പർ | SO 286/20,SO 403/21 |
| പ്രൊജക്ടിന്റെ പേര് | കവ്വായി കോളനി നടപ്പാത |
| അടങ്കൽ | തനത് ഫണ്ട്-1,00,000 |
| സാങ്കേതികാനുമതി നമ്പർ,തുക | 80560/2018-19 |
| ആകെ പ്രവൃത്തിമൂല്യം | 98446 |
| ആകെ ചെലവ് തുക ( Gross Amount) | 98446 |
| റിക്കവറി നടത്തിയതിന് ശേഷം കരാറുകാരന് നൽകിയ തുക -Net Amount | 96478 |
| വൗച്ചർ നമ്പർ,തീയതി | 140/20-21 തീയതി 10-11-2020 |
| കരാറുകാരന്റെ പേര് | കെ.രാമചന്ദ്രൻ |
| ക്വാട്ട് ചെയ്ത നിരക്ക് | 1 % Below Estimate Rate |
| എം.ബുക്ക് നമ്പർ | 258/2019-20 |
| എഗ്രിമെന്റ് നമ്പർ | 122/2019-20 തീയതി 21-01-2020 |

പ്രസ്തുത പ്രവൃത്തി ശ്രീ കെ.രാമചന്ദ്രൻ 1 % Below Estimate Rate നിരക്കിലാണ് ക്വാട്ട്

ചെയ്തിട്ടുള്ളത്.എന്നാൽ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ വ്യതിയാനമായ 1 % കുറവ് ചെയ്യാതെ തുക അനുവദിച്ചതിനാൽ 984/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | കൊടുത്ത തുക | കൊടുക്കാവുന്ന തുക | അധികമായി കൊടുത്ത തുക |
|---|---|---|---|
| Value Of Work Done | 98446 | 98446 | - |
| Deduct 1 % Tender Below | 0 | 984 | - |
| **Total** | **98446** | **97462** | **984** |

കരാറുകാരന് അധികം നൽകിയ 984/-രൂപ ഈടാക്കേണ്ടതാണ്.

## 1-50 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള ഡെപ്പോസിറ്റ് പ്രവൃത്തി ആരംഭിക്കുന്നതിലെയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലെയും കാലതാമസവും നിർവഹണത്തിലെ അപാകങ്ങളും. 83,80,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പയ്യന്നൂർ നഗരസഭയിലെ 44 വാർഡുകളിലെ 42 സ്ഥലങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 2020-21 സാമ്പത്തികവർഷത്തിൽ മുനിസിപ്പൽ എൻജിനീയർ നിർവഹണം നടത്തിയ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രൊജക്ടിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് തുക മുൻകൂറായി അനുവദിച്ചിട്ടുണ്ട്.കേരള വാട്ടർ അതോറിറ്റിയുടെ 83,80,000/-രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 83,80,000/-രൂപ താഴെപ്പറയും പ്രകാരം മുൻകൂറായി അനുവദിച്ചിട്ടുണ്ട്.

| പ്രോജക്ട് പേര്,വകയിരുത്തിയ തുക | മുൻകൂറായി അനുവദിച്ച തുക | വൗച്ചർ നം./ തീയതി | ചെലവ് വിവരം |
|---|---|---|---|
| കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(പ്രോജക്ട് നം.SO 128/21) വികസനഫണ്ട്-ധനകാര്യകമ്മീഷൻ അവാർഡ് 83,80,000 | 83,80,000 | 228/27-03-2021 | കേരള വാട്ടർ അതോറിറ്റി,തളിപ്പറമ്പ. (ഫയൽ നമ്പർ-ഇ3-6710/2020) |

പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.കേരള വാട്ടർ അതോറിറ്റി നഗരസഭയുമായി കരാറിലേർപ്പെടാതെ തുക മുൻകൂറായി അനുവദിച്ചത് ക്രമപ്രകാരമല്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിന് പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ.(കൈ) നം.11/2018 തീയതി 29-01-2018 ഖണ്ഡിക 11.2ഡി (Ii) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ അംഗീകൃതനിർവഹണഏജൻസിയുമായി തദ്ദേശഭരണസ്ഥാപനം കരാറിലേർപ്പെട്ടതിന്

ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ പ്രവൃത്തി ആരംഭിക്കേണ്ട തിയ്യതി, പൂർത്തീകരിക്കേണ്ട തിയ്യതി,മറ്റ് നിബന്ധനകൾ തുടങ്ങിയവ ഉൾപ്പെടുത്തിയ കരാറിലേർപ്പെടാതെ കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.കരാറിലേർപ്പടാതിരുന്നതിനാൽ പ്രവൃത്തി നിർവഹണഘട്ടത്തിലുണ്ടാകുന്ന വീഴ്ചകൾക്ക് നിയമപരമായ നടപടികൾ സ്ഥാപനതലത്തിൽ സ്വീകരിക്കുന്നതിന് തടസ്സങ്ങൾ ഉണ്ട്.കേരള വാട്ടർ അതോറിറ്റിയുടെയും നഗരസഭയുടെയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കരാറിലേർപ്പെടാതെ മുൻകൂർ തുക നൽകിയത് ക്രമപ്രകാരമല്ല.

2.പ്രവൃത്തിപൂർത്തീകരിക്കുന്നതിലെ കാലതാമസം.

കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പ്രോജക്ട് കേരള വാട്ടർ അതോറിറ്റി ഇതുവരെയായും ആരംഭിക്കാത്തതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിക്കാതെയിരിക്കുകയാണ്. പ്രോജക്ട് പൂർത്തീകരിച്ച് ചെയ്ത പ്രവൃത്തിയുടെ ബിൽ സംഗ്രഹം (Abstract Of Bill) ഉൾപ്പെടുത്തിയ വിനിയോഗസാക്ഷ്യപത്രം കേരള വാട്ടർ അതോറിറ്റി നൽകിയിട്ടില്ലാത്തതിനാൽ വികസനഫണ്ടിൽ നിന്നും പ്രോജക്ടിനായി ചെലവഴിച്ച പണം മുടങ്ങിക്കിടക്കുകയാണ്.പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കേണ്ടതാണ്.സർക്കാരിന്റെ സ.ഉ.(കൈ) നം.11/2018 തീയതി 29-01-2018 ഖണ്ഡിക 11.2ഡി (Iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതായി പൂർത്തീകരിക്കുവാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപന സെക്രട്ടറി സ്വീകരിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നതിലും വീഴ്ചയുള്ളതായി കാണപ്പെട്ടു.

3.എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത

പി ഡബ്ല്യൂ.ഡി ചീഫ് എൻജിനീയറുടെ 30-03-2019 തീയതിയിലെ സർക്കുലർ നമ്പർ CE/R&B/GL-RC/2/2019 പ്രകാരം റോഡ് റീ ഫോർമേഷൻ നിരക്കുകൾ തയ്യാറാക്കിയത് സെന്റേജ് ചാർജ് കൂടി ഉൾപ്പെടുത്തിയാണ്. എന്നാൽ മേൽ പരാമർശിച്ച പ്രോജക്ട് പ്രകാരം റോഡ് റീഫോർമേഷനുള്ള എസ്റ്റിമേറ്റിൽ ചീഫ് എഞ്ചിനീയർ അംഗീകരിച്ച നിരക്കിനൊപ്പം സെന്റേജ് ചാർജ് വീണ്ടും ഉൾപ്പെടുത്തിയതായി കാണുന്നുണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റിനോടൊപ്പം പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭ്യമായതായതിന്റെ രേഖകൾ ഫയലിൽ ഇല്ല.
നിർവഹണ ഏജൻസിയുമായി കരാറിലേർപ്പെടാത്തതിനാലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാലും 83,80,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

## 1-51 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതികളുമായി ബന്ധപ്പെട്ട് (പ്രൊജക്ട് നമ്പർ 19/21, 242/21 (സ്പിൽ ഓവർ)) എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് യഥാക്രമം ₹12,50,000, ₹6,25,000 എന്നീ തുകകൾ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം/പേര് | അടങ്കൽ | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 19/21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 25,00,000 | 12,50,000 | വികസന ഫണ്ട്, മറ്റുള്ളവ |
| 242/21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - | 25,00,000 | 6,25,000 | വികസന ഫണ്ട് , സംസ്ഥാനാവിഷ്കൃതഫണ്ട്, മറ്റുള്ളവ |

| | | | |
|---|---|---|---|
| സ്പിൽ ഓവർ | | | |

പദ്ധതികളുമായി ബന്ധപ്പെട്ട് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ തുകകൾ കൈപ്പറ്റിയതിന്റെ രശീത് , പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-52 വിധവകൾക്ക് വീട് വാസയോഗ്യമാക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച്

2020-21 സാമ്പത്തിക വർഷം മെമ്പർ സെക്രട്ടറി, നഗരദാരിദ്ര്യ നിർമാർജ്ജന സെൽ നിർവ്വഹണം നടത്തിയ വിധവകൾക്ക് വീട് വാസയോഗ്യമാക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

| | |
|---|---|
| പദ്ധതിയുടെ പേര് | വിധവകൾക്ക് വീട് വാസയോഗ്യമാക്കൽ - സ്പിൽ ഓവർ |
| പ്രൊജക്ട് നം | 346/21 |
| അടങ്കൽ | ₹14,60,000/- (വികസന ഫണ്ട് ) |
| ബിൽനം/തീയ്യതി/തുക | 153 തീയതി 01.07.2020 - ₹3,00,000<br>178 തീയതി 09.09.2020 - ₹1,60,000<br>242 തീയതി 16.10.2020 - ₹2,00,000<br>259 തീയതി 05.11.2020 - ₹3,00,000<br>261 തീയതി 05.11.2020 - ₹50,000<br>268 തീയതി 11.11.2020 - ₹50,000<br>286 തീയതി 28.12.2020 - ₹50,000<br>312 തീയതി 15.01.2021 - ₹1,00,000<br>341 തീയതി 18.02.2021 - ₹2,50,000<br>ആകെ ₹14,60,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി,<br>നഗരദാരിദ്ര്യ നിർമാർജ്ജന സെൽ<br>പയ്യന്നൂർ നഗരസഭ |

1) ഗുണഭോക്താക്കളുടെ അപേക്ഷകൾ, വിധവകളാണെന്ന് തെളിയിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) സ.ഉ (കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക 6.7.6 പ്രകാരം പൊതു വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് വീട് വാസയോഗ്യമാക്കുന്നതിനുള്ള പരമാവധി സബ്സിഡി തുക 1,00,000 രൂപയാണ്. സബ്സിഡി തുകയുടെ 50% മുൻകൂറായും ബാക്കി തുക പണി പൂർത്തീകരിച്ച ശേഷം മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നതിനെ അടിസ്ഥാനത്തിലുമാണ് നൽകേണ്ടത്. എന്നാൽ പത്മാവതി പി എന്ന ഗുണഭോക്താവിന് മൂന്ന് ഗഡുക്കളിലായി ആകെ 1,50,000 രൂപ അനുവദിച്ചിട്ടുണ്ട്. (അക്കൗണ്ട് നമ്പർ 67222478319, ബിൽ നമ്പർ 286,259,341). ഗുണഭോക്താവിന് എസ് സി , എസ് ടി വിഭാഗത്തിൽ പെടുന്നവർക്ക് അനുവദനീയമായ സബ്സിഡി അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.

3) 2019-20 ലെ 209/20 നമ്പർ പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രോജക്ടായാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഈ വർഷം തുക കൈപ്പറ്റിയ 15 ഗുണഭോക്താക്കൾക്ക് സബ്സിഡി തുകയുടെ രണ്ട് ഗഡുക്കളും ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ വീട് പണി പൂർത്തിയാക്കിയോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 49 തീയതി 21.01.2022) മറുപടിയായി ഗുണഭോക്താക്കളുടെ അപേക്ഷകളും മറ്റ് വിശദാംശങ്ങളും വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന മുനിസിപ്പൽ എഞ്ചിനീയറുടെ സർട്ടിഫിക്കറ്റും ഗുണഭോക്താക്കളുടെ പേഴ്സണൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പത്മാവതി പി എന്ന ഗുണഭോക്താവിന് ബിൽ നമ്പർ 286 ആയി അനുവദിച്ച തുക സീറോ ബാലൻസ് അക്കൗണ്ടായതിനാൽ ട്രാൻസ്ഫർ ചെയ്യാൻ സാധിച്ചിട്ടില്ലാത്തതും ആയത് പിന്നീട് അക്കൗണ്ട് ടിയാരി മാറ്റിയതിന് ശേഷം 341 ബിൽ നമ്പറായി രണ്ടാമത്തെ ഗഡു വീണ്ടും അനുവദിക്കുകയുമാണ് ചെയ്തതെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇവയുമായി ബന്ധപ്പെട്ട രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-53 വീട് വാസയോഗ്യമാക്കൽ (എസ് സി) - പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച്

| | |
|---|---|
| പദ്ധതിയുടെ പേര് | വീട് വാസയോഗ്യമാക്കൽ (എസ് സി) |
| പ്രൊജക്ട് നം | 61/21 |
| അടങ്കൽ | ₹25,00,000/- (വികസന ഫണ്ട് ) |
| ബിൽനം/ചെക്ക് നം/തീയ്യതി/ തുക | 179 തീയതി 09.09.2020 - ₹4,45,000<br>243 തീയതി 16.10.2020 - ₹1,50,000<br>245 തീയതി 16.10.2020 - ₹1,50,000<br>260 തീയതി 05.11.2020 - ₹1,50,000<br>287 തീയതി 28.12.2020 - ₹75,000<br>340 തീയതി 18.02.2021 - ₹3,69,250<br>406 തീയതി 10.02.2021 - ₹75,000<br>460 തീയതി 27.03.2021 - ₹1,50,000<br>466 തീയതി 29.03.2021 - ₹75,000<br>470 തീയതി 29.03.2021 - ₹1,50,000<br>ആകെ ₹17,89,250 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി,<br>നഗരദാരിദ്ര്യ നിർമാർജ്ജന സെൽ<br>പയ്യന്നൂർ നഗരസഭ |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കളുടെ അപേക്ഷകൾ, ജാതി തെളിയിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) സ.ഉ (കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക 6.7.6 പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് വീട് വാസയോഗ്യമാക്കുന്നതിനുള്ള പരമാവധി സബ്സിഡി തുക 1,50,000 രൂപയാണ്. സബ്സിഡി തുകയുടെ 50% മുൻകൂറായും ബാക്കി തുക പണി പൂർത്തീകരിച്ച ശേഷം മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നതിനെ അടിസ്ഥാനത്തിലുമാണ് നൽകേണ്ടത്. പൊയിരൻ ലീല, ശാന്ത ഇ, ഗിരിജ എം, നാരായണി ടി എന്നീ ഗുണഭോക്താക്കൾക്ക് രണ്ട് ഗഡു സബ്സിഡിയും അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ വീട്പണി പൂർത്തിയാക്കിയോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് എഞ്ചിനീയറുടെ വാല്യൂവേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

3) സത്യഭാമ, അജീഷ് പി എന്നിവർക്ക് സബ്സിഡി തുകയുടെ ആദ്യ ഗഡുവായ 75,000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവർ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 50 തീയതി 21.01.2022) മറുപടിയായി ഗുണഭോക്താക്കളുടെ അപേക്ഷകളും മറ്റ് വിശദാംശങ്ങളും വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന മുനിസിപ്പൽ എഞ്ചിനീയറുടെ സർട്ടിഫിക്കറ്റും ഗുണഭോക്താക്കളുടെ പേഴ്സണൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ സത്യഭാമ എന്നവർ 2018-19 ലെ ഗുണഭോക്തൃ പട്ടികയിൽ ക്രമ നമ്പർ 49 ആയി ഉൾപ്പെട്ടിട്ടുണ്ടെന്നും, 2019-20 ലെ ഗുണഭോക്തൃ പട്ടികയിൽ ക്രമ നമ്പർ 5 ആയി ഉൾപ്പെട്ടിട്ടുള്ള ദേവി പി എന്നവർക്ക് ആദ്യ ഗഡു അനുവദിക്കുകയും ടിയാരി മരണപ്പെട്ടതിനാൽ രണ്ടാം ഗഡു മകനായ അജീഷ് പി എന്നവർക്ക് അനുവദിച്ചു എന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കവ്വായി കോളനി നടപ്പാത-ടെണ്ടർ വ്യതിയാനം ബില്ലിൽ നിന്നും കുറവ് ചെയ്തില്ല-984 രൂപ കരാറുകാരന് അധികം നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നമ്പർ | ഇ-3/19154/19 |
| പ്രൊജക്ട് നമ്പർ | SO 286/20,SO 403/21 |
| പ്രൊജക്ടിന്റെ പേര് | കവ്വായി കോളനി നടപ്പാത |

| | |
|---|---|
| അടങ്കൽ | തനത് ഫണ്ട്-1,00,000 |
| സാങ്കേതികാനുമതി നമ്പർ,തുക | 80560/2018-19 1,00,000 |
| ആകെ പ്രവൃത്തിമൂല്യം | 98446 |
| ആകെ ചെലവ് തുക ( Gross Amount) | 98446 |
| റിക്കവറി നടത്തിയതിന് ശേഷം കരാറുകാരന് നൽകിയ തുക -Net Amount | 96478 |
| വൗച്ചർ നമ്പർ,തീയതി | 140/20-21 തീയതി 10-11-2020 |
| കരാറുകാരന്റെ പേര് | കെ.രാമചന്ദ്രൻ |
| ക്വാട്ട് ചെയ്ത നിരക്ക് | 1 % Below Estimate Rate |
| എം.ബുക്ക് നമ്പർ | 258/2019-20 |
| എഗ്രിമെന്റ് നമ്പർ | 122/2019-20 തീയതി 21-01-2020 |

പ്രസ്തുത പ്രവൃത്തി ശ്രീ കെ.രാമചന്ദ്രൻ 1 % Below Estimate Rate നിരക്കിലാണ് ക്വാട്ട് ചെയ്തിട്ടുള്ളത്.എന്നാൽ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ വ്യതിയാനമായ 1 % കുറവ് ചെയ്യാതെ തുക അനുവദിച്ചതിനാൽ 984/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.ഇപ്രകാരം അധികം തുക നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | കൊടുത്ത തുക | കൊടുക്കാവുന്ന തുക | അധികമായി കൊടുത്ത തുക |
|---|---|---|---|
| Value Of Work Done | 98446 | 98446 | - |
| Deduct 1 % Tender Below | 0 | 984 | - |
| **Total** | **98446** | **97462** | **984** |

കരാറുകാരന് അധികം നൽകിയ 984/-രൂപ ഈടാക്കേണ്ടതാണ്.

## <u>3-2 അന്നൂർ അമ്പലം മുതൽ തലയനേരി പടിഞ്ഞാറ് ഭാഗം വരെ ഡ്രൈനേജ് നടപ്പാത-കരാറുകാരന് ₹ 8400/- രൂപ അധികം നൽകി.</u>

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നമ്പർ | E-3/21518/19 |
| പ്രൊജക്ട് നമ്പർ | 438/21 |
| പ്രൊജക്ടിന്റെ പേര് | അന്നൂർ അമ്പലം മുതൽ തലയനേരി പടിഞ്ഞാറ് ഭാഗം വരെ ഡ്രൈനേജ് നടപ്പാത |
| അടങ്കൽ | മെയിനന്റൻസ് ഫണ്ട് റോഡ് 10,20,000 |

| | |
|---|---|
| പ്രവൃത്തിമൂല്യം | 840066 |
| ചെലവ് തുക | 940874 |
| വൗച്ചർ നമ്പർ,തീയതി | 184/2020-21തീയതി 26-02-2021 |
| കരാറുകാരന്റെ പേര് | കണ്ണൻ കൺസ്ട്രക്ഷൻസ് |
| ക്വാട്ട് ചെയ്ത നിരക്ക് | 840065.58(ഐറ്റം റേറ്റ്) |
| എം.ബുക്ക് നമ്പർ | 203/18-19,233/18-19 |
| എഗ്രിമെന്റ് നമ്പർ / തീയതി | 132/19-20തീയതി 27-01-2020 |
| സാങ്കേതികാനുമതി നമ്പർ/ തീയതി<br>തുക | 91474/2019-20<br>10,14,000 |

ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് ഒരു ശതമാനവും മറ്റുള്ളവർക്ക് (സ്ഥാപനം,കമ്പനി മുതലായവ ) രണ്ട് ശതമാനം നിരക്കിലുമാണ്.കണ്ണൻ കൺസ്ട്രക്ഷൻസ് എന്ന പേരിലാണ് ഇ-ടെണ്ടറിൽ പങ്കെടുത്തത് എന്നതിനാൽ മേൽ പ്രവൃത്തിയിൽ നിന്ന് ആകെ പ്രവർത്തിമൂല്യത്തിന്റെ 2% നിരക്കിൽ (₹840066x 2%) ₹ 16801 ആദായ നികുതി ഈടാക്കുന്നതിന് പകരം ₹ 8401/-മാത്രമാണ് ഈടാക്കിയത്. ഇത് കാരണം ₹ 8400കരാറുകാരന് അധികം നല്കിയിട്ടുണ്ട്.

ആദായ നികുതി ഇനത്തിൽ ഈടാക്കുന്നതിൽ കുറവ് വന്ന ₹8400തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

## <u>3-3 ഹൈമാസ്റ്റ് മിനി മാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ-നിർവഹണ നപടിക്രമങ്ങളിലെ വീഴ്ചകൾ -സിൽക്കിന് അധിക തുക നൽകി-87,386/-രൂപ ഈടാക്കേണ്ടതാണ്</u>

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നമ്പർ | ഇ-3/9101/20 |
| പ്രൊജക്ട് നമ്പർ | SO 130/21 |
| പ്രൊജക്ടിന്റെ പേര് | ഹൈമാസ്റ്റ് മിനി മാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് -20 ലക്ഷം |
| നിർവഹണം | അക്രഡിറ്റഡ് എജൻസി മുഖേന |
| സാങ്കേതികാനുമതി നമ്പർ,തുക | ഇല്ല. |
| ആകെ പ്രവൃത്തിമൂല്യം | 1994746 |
| ആകെ ചെലവ് തുക ( Gross Amount) | 1994746 |

| | |
|---|---|
| കരാറുകാരന് നൽകിയ തുക -Net Amount | 1994746 |
| വൗച്ചർ നമ്പർ,തീയതി | 227/20-21 തീയതി 27-03-2021 |
| അക്രഡിറ്റഡ് എജൻസിയുടെ പേര് | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ,അഴീക്കൽ ,കണ്ണൂർ. |
| ക്വാട്ട് ചെയ്ത നിരക്ക് | 20 ലക്ഷം (ഓഫർ കത്ത് ) |
| എഗ്രിമെന്റ് നമ്പർ | 55/2020-21തീയതി 11-09-2020 |

ഹൈമാസ്റ്റ് മിനി മാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ പ്രൊജക്ട് പ്രകാരം 8mtr Mini Mast With 5x150W LED Flood Lights With 3 Year Warranty യോടുകൂടി 7 മിനി മാസ്റ്റ് ലൈറ്റുകൾ പയ്യന്നൂർ നഗരസഭപരിധിയിലെ വെള്ളൂർ കിഴക്കുമ്പാട്,പരവന്തട്ട,മാവിച്ചേരി,പുഞ്ചക്കാട്,പയ്യന്നൂർ തെരു, സൂര്യമുക്ക്, പെരുമ്പ എന്നീ സ്ഥലങ്ങളിലും ,8mtr Mini Mast With 4x150W LED Flood Lights With 3 Year Warranty യോടുകൂടി 2 മിനി മാസ്റ്റ് ലൈറ്റുകൾ സുരഭി നഗർ, കാര എന്നീ സ്ഥലങ്ങളിലും സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് .അക്രഡിറ്റഡ് ഏജൻസിയായ സിൽക് നഗരസഭക്ക് നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് സിൽക്കിന് അനുവദിച്ചിട്ടുള്ളത്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം. | ഇനം | എസ്റ്റിമേറ്റ് നിരക്ക് | ജി എസ് ടി (12%) | സെന്റേജ് (8%) | ജി എസ് ടി ഓൺ സെന്റേജ് (18%) | ആകെ |
|---|---|---|---|---|---|---|
| 1 | 8mtr Mini Mast With 5x150W LED Flood Lights With 3 Year Warranty | 1302908 | 156349 | 104233 | 18762 | 1582252 |
| 2 | 8mtr Mini Mast With 4x150W LED Flood Lights With 3 Year Warranty | 339669 | 40760 | 27174 | 4891 | 412494 |
| | | 1642577 | 197109 | 131407 | 23653 | 1994746 |

പ്രവൃത്തി നിർവഹണത്തിലെ അപാകങ്ങൾ.

1. അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് നിന്ന് ടെണ്ടർ ക്ഷണിച്ചില്ല.

സർക്കാരിന്റെ 04-07-2019ലെ G.O.(P)നം.77/2019/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 34

പ്രകാരം SILK എന്ന സ്ഥാപനത്തിന് ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ പി എം സി ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ പി എം സി ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള SILK എന്ന സ്ഥാപനത്തെ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ച നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ടെണ്ടർ ക്ഷണിക്കാതെ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ,അഴീക്കൽ ,കണ്ണൂർ എന്ന സ്ഥാപനത്തിന്റെ പേര് നിർവഹണ ഏജൻസിയായി പ്രോജക്ടിൽ ഉൾപ്പെടുത്തുകയും പ്രസ്തുതസ്ഥാപനത്തിൽ നിന്ന് മാത്രം ഓഫർ വാങ്ങി നിർവഹണം നടത്തിയതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ്.സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല.

2.കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയ എസ്റ്റിമേറ്റിനെ അടിസ്ഥാനപ്പെടുത്തി സിൽകിന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.SILK സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിലാണ് സിൽക്കിന് തുക അനുവദിച്ചിട്ടുള്ളത്.പ്രസ്തുത എസ്റ്റിമേറ്റ് 10% കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്.അക്രഡിറ്റഡ് ഏജൻസികൾക്ക് ലാഭവിഹിതം അനുവദനീയമല്ലാത്തതിനാൽ പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം തുക അനുവദിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

3.നികുതികൾ കുറവ് ചെയ്യാതെ തുക അനുവദിച്ചു- സിൽക്കിന് അധിക തുക നൽകിയ 87,386/-രൂപ ഈടാക്കേണ്ടതാണ്.

സിൽക്കിന് തുക അനുവദിച്ചപ്പോൾ നിർമ്മാണത്തൊഴിലാളി ക്ഷേമനിധിവിഹിതം (1%),ആദായനികുതി ടി ഡി എസ് (2%) ,ജി എസ് ടി ടി ഡി എസ് (2%) എന്നിവ റിക്കവറി നടത്തിയിട്ടില്ല.നിർമ്മാണത്തൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിൽ 16426/-രൂപയും (1% Of 1642577) ആദായനികുതി ടി ഡി എസ് ഇനത്തിൽ 35480/-രൂപയും (2% Of 1773984) ജി എസ് ടി ടി ഡി എസ് ഇനത്തിൽ 35480/-രൂപയും (2% Of 1773984) ബില്ലിൽ നിന്നും റിക്കവറി നടത്താത്തതിനാൽ നിർവഹണ ഏജൻസിക്ക് 87,386/-രൂപ (16426 + 35480+ 35480) അധികം നൽകുവാനിടയായിട്ടുണ്ട്.അധികം നൽകിയ തുക ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

4.മറ്റ് അപാകങ്ങൾ.

സൂര്യമുക്ക് ഭാഗത്ത് പ്രവൃത്തി നടപ്പിലാക്കുമ്പോൾ കെ എസ് ഇ ബി ക്കുണ്ടായ നാശനഷ്ടത്തിന്റെ തുകയായ 35,636/-രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കുകയോ കെ എസ് ഇ ബി ക്ക് അടവാക്കുകയോ ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.ഇലക്ട്രിക്ക് കണക്ഷൻ സംബന്ധിച്ച കെ എസ് ഇ ബി ക്ക് അടച്ച തുക സംബന്ധിച്ച രേഖകൾ ഫയലില്ല.

നിർവഹണത്തിലുണ്ടായ മേൽ സൂചിപ്പിച്ച അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതും ഏജൻസിക്ക് അധികം നൽകിയ 87,386/-രൂപ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 17.01.2022,18.01.2022 | കെ.എസ്.എ/കെ.എൻ.ആർ/ സി.15/98/2022 തീയതി 09.03.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഭവന നിർമ്മാണ പദ്ധതികൾക്കായി കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്താതെയാണ് ചെലവഴിച്ചിട്ടുള്ളത്.എ സി ആർ സൂക്ഷിക്കാത്തതിനാൽ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.
കണ്ണൂർ കോർപ്പറേഷൻ സി എഫ് സി ടൈഡ് ഫണ്ടിൽ നിന്നും നല്കിയ 2,03,00,000രൂപ വിനിയോഗിച്ചിട്ടില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ, 125/21 | 202/09.03.2021 | 1500000 | .. | 15,00,000 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ, 290/21 | 200/09.03.2021 (11,99,381 രൂപ) 143/13.11.2020 (675619 രൂപ) | 18,75,000 | .. | 18,75,000 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ, 396/21 | 201/09.03.2021 | 384920 | .. | 384920 |
| കെ ഡബ്ല്യു എ | കുടിവെള്ള പൈപ്പ്ലൈൻ വലിക്കൽ,128/21 | 228/27.03.2021 | 83,80,000 | .. | 83,80,000 |

നഗരസഭയിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനായി കെ എസ് ഇ ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 84,00,000 രൂപ വരവുണ്ട് . മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | ഓഡിറ്റ് വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ- കെയുആർഡി എഫ്സി- ലൈഫ് ഭവന നിർമ്മാണ പദ്ധതി | ജി ഒ(എം എസ്) നം 68/18/ എൽ എസ് ജി ഡി/ തീയതി 18.05.18 | 7,50,00,000 | 84,00,000 | 6,19,33,332 | 53,33,332 | | 6,50,00,000 |
| | | 7,50,00,000 | 84,00,000 | 6,19,33,332 | 53,33,332 | | 6,50,00,000 |

വാർഷിക ധനകാര്യ പത്രികയിൽ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. 7,50,00,000രൂപയാണ് ബാലൻസ് ഷീറ്റിൽ വായ്പാബാധ്യതയായി ഉൾപ്പെടുത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ ഇൻവെസ്റ്റ്മെന്റുകൾ

| | |
|---|---|
| മുന്നിരിപ്പ് | 10,50,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10,50,000 |
| തൻവർഷം പിൻവലിച്ച തുക | 0 |
| നീക്കിയിരിപ്പ് | 10,50,000 |

31/03/2021 ന് അവശേഷിക്കുന്ന ഇൻവെസ്റ്റ്മെന്റുകളുടെ വിശദാംശങ്ങൾ

| ഷെയർ സർട്ടിഫിക്കറ്റ് നമ്പർ | സ്ഥാപനം | തീയതി | തുക |
|---|---|---|---|
| 175-മെമ്പർ നമ്പർ 31 (ബി ക്ലാസ്) | മലബാർ ടൂറിസം ഡവലപ്പ് മെന്റ് | 25.07.2004 | 50,000 |

| | | | |
|---|---|---|---|
| | കോപ്പറേറ്റീവ് ലിമിറ്റഡ് | | |
| 032 (33501 മുതൽ 34500 വരെ നമ്പറുകളിലെ 1000രൂപയുടെ 1000ഷെയറുകൾ) | ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 26.05.2014 | 10,00,000രൂ |
| | | ആകെ | ₹10,50,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ ഹാജരാക്കുകയോ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് റിക്വിസിഷൻ നമ്പർ 12/05.01.22 ന് നല്കിയ മറുപടിയിൽ ഓഡിറ്റ് റിക്കവറി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 25(1) | 2001-02 | 6.2.14(ii) | ആദായനികുതി പിഴ ഒടുക്കിയത് സംബന്ധിച്ച് | നടപടി തുടരുന്നു |
| 2000-01 | 32(ബി) | 2001-02 | 6.2.14(i) | മരാമത്ത് പ്രവൃത്തി അധിക തുക നല്കിയത് | നടപടി തുടരുന്നു |

## 4-9 ചാർജ്ജ് സർച്ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : ₹41,99,74,700 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : ₹38,64,62,121 |
| വരവിനങ്ങളിലുള്ള നഷ്ടം | : 13556 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ₹ 96,770 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : ₹2,56,72,196 |

(ബി).നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-17 | 13556 | | ശ്രീ അജി കെ ആർ, സെക്രട്ടറി |
| 1-47 | | 8400 | ശ്രീ കെ ഉണ്ണി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-48 | | 87386 | ശ്രീ കെ ഉണ്ണി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-49 | | 984 | ശ്രീമതി.വത്സല.കെ.വി , മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | | ₹96770 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 10000 | ശ്രീ. അജി കെ.ആർ., സെക്രട്ടറി |
| 1-26 | 1,43,534 | ഡോ. മുരളീധരൻ സി.വി., സീനിയർ വെറ്റിനറി സർജൻ |
| 1-27 | 1,77,860 | ഡോ.സന്തോഷ്കുമാർ കെ വി,സീനിയർ വെറ്റിനറി സർജൻ |
| 1-29 | 2,45,000 | ശ്രീ അജി കെ ആർ, സെക്രട്ടറി |
| 1-31 | 1,76,800 | ശ്രീ അജി കെ ആർ, സെക്രട്ടറി |
| 1-32 | 46,762 | ശ്രീമതി.ബിനില ബി നായർ, മെമ്പർ സെക്രട്ടറി<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-33 | 78,320 | ശ്രീമതി.ബിനില ബി നായർ,മെമ്പർ സെക്രട്ടറി<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-34 | 12300000 | മെമ്പർ സെക്രട്ടറി (രേഖകൾ ഹാജരാക്കാത്തത്)<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-35 | 88000 | ശ്രീമതി.ബിനില ബി നായർ,മെമ്പർ സെക്രട്ടറി<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-38 | 100000 | ശ്രീ.വിനോദ് ടി.വി, ഹെഡ്മാസ്റ്റർ എ കെ എ |

| | | |
|---|---|---|
| | | എസ് ജി വി എച്ച് എസ് എസ് പയ്യന്നൂർ |
| 1-45 | 675619<br>3084301 | ശ്രീമതി വത്സല കെ.വി., മുനിസിപ്പൽ എഞ്ചിനീയർ<br>ശ്രീ കെ ഉണ്ണി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-50 | 83,80,000 | ശ്രീ കെ ഉണ്ണി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-51 | 1,66,000 | ശ്രീമതി.ബിനില ബി നായർ,മെമ്പർ സെക്രട്ടറി |
| ആകെ | ₹2,56,72,196/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അജി കെ ആർ, സെക്രട്ടറി | സെക്രട്ടറി, നോർത്ത് പറവൂർ മുനിസിപ്പാലിറ്റി, ഏറണാകുളം | ദേവരാഗം, കോട്ടൂർ, കല്ലറ, തിരുവനന്തപുരം |
| ശ്രീ കെ ഉണ്ണി, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, പയ്യന്നൂർ നഗരസഭ | പുളിയക്കാട്, പടിഞ്ഞാറെ കൊഴുവൻ, നീലേശ്വരം |
| ശ്രീമതി.വത്സല.കെ.വി, മുനിസിപ്പൽ എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ദേവദേയം, മാത്തിൽ പി.ഒ., 670307 |
| ഡോ.മുരളീധരൻ.സി.വി,സീനിയർ വെറ്റിനറി സർജൻ | ലഭ്യമല്ല | ആലക്കാട്, പി.ഒ.കാങ്കോൽ |
| ഡോ.സന്തോഷ്കുമാർ കെ വി,സീനിയർ വെറ്റിനറി സർജൻ | സീനിയർ വെറ്റിനറി സർജൻ, വെറ്റിനറി പോളി ക്ലിനിക്ക്, പയ്യന്നൂർ | കണ്ടോത്ത് മുക്ക് പി.ഒ., കണ്ടോത്ത് |
| ശ്രീ.വിനോദ് കുമാർ ടി.വി,ഹെഡ്മാസ്റ്റർ എ കെ എ എസ് ജി വി എച്ച് എസ് എസ് പയ്യന്നൂർ | പ്രിൻസിപ്പൽ, AKASGVHSS, പയ്യന്നൂർ | കോറോം, പയ്യന്നൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91<br>1991-92 | എൽ.എഫ്/സി4/76/98, തീയ്യതി 08.10.18 | 25 |
| 1992-93<br>1993-94 | ഓഡിറ്റ് നടന്നിട്ടില്ല | - |
| 1994-95 | എൽ.എഫ്/സി3/90/2007, തീയ്യതി 14.02.07 | 3 |
| 1995-96 | എൽ.എഫ്/സി3/91/2007, തീയ്യതി 14.02.07 | 1 |
| 1996-97 | LF/KNR/B3/1380/2012(1)തീയതി 2.12.14 | 1 |
| 1997-98(വരവ്) | LF/KNR/ B3/1380/2012(2)തീയതി2.12.14 | 4 |
| 1997-98(ചെലവ്) | LF/KNR/ B3/1380/2012(3)തീയതി2.12.14 | 13 |
| 1998-99(വരവ്) | LF/KNR/ B3/1380/2012(4)തീയതി2.12.14 | 4 |
| 1998-99(ചെലവ്) | LF/KNR/ B3/1380/2012(5)തീയതി2.12.14 | 20 |
| 1999-00(വരവ്) | LF/KNR/ B3/1380/2012(6)തീയതി2.12.14 | 4 |
| 1999-00(ചെലവ്) | LF/KNR/ B3/1380/2012(7)തീയതി2.12.14 | 22 |
| 2000-01(വരവ്) | LF/KNR/ B3/1380/2012(8)തീയതി2.12.14 | 4 |
| 2000-01(ചെലവ്) | LF/KNR/ B3/1380/2012(9)തീയതി2.12.14 | 50 |
| 2001-02(വരവ്) | LF/KNR/ B3/1380/2012(10)തീയതി2.12.14 | 5 |
| 2001-02(ചെലവ്) | LF/KNR/ B3/1380/2012(11)തീയതി2.12.14 | 15 |
| 2001-02(പദ്ധതി) | LF/KNR/ B3/1380/2012(12)തീയതി2.12.14 | 16 |
| 2002-03(വരവ്) | LF/KNR/ B3/1380/2012(13)തീയതി2.12.14 | 6 |
| 2002-03 (ചെലവ്) | LF/KNR/ B3/1380/2012(14)തീയതി2.12.14 | 30 |
| 2003-04 | LF/KNR/ B3/1380/2012(15)തീയതി2.12.14 | 16 |

| | | |
|---|---|---|
| 2004-05 | LF/KNR/ B3/1380/2012(16)തീയതി2.12.14 | 12 |
| 2005-06 | LF/KNR/ B3/1439/2012(1)തീയതി11.03.13 | 16 |
| 2006-07 | LF/KNR/ B3/1439/2012(2)തീയതി11.03.13 | 9 |
| 2007-08 | LF/KNR/ B3/1439/2012(3)തീയതി11.03.13 | 11 |
| 2008-09 2009-10 | LF/KNR/B3/2025/2014തീയതി29.01.15 | 30 |
| 2010-11 2011-12 | LF/KNR/B3/237/14തീയതി15.11.14 | 37 |
| 2012-13 | LF/KNR/B3/775/15തീയതി 12.08.15/31.08.15 | 35 |
| 2013-14,2014-15 | LF/KNR/B3/1386/16തീയതി 03.08.16 | 37 |
| 2015-16 | LF/KNR/B2/182/2017തീയതി 05.04.17 | 26 |
| 2016-17 | LF/KNR/C13/1799/17,തീയതി 15.11.17 | 22 |
| 2017-18 | KSA/KNR/C18/39/19, തീയ്യതി 15-03-19 | 31 |
| 2018-19 | KSA/KNR/C18/1816/19 തീയതി 21.10.2021 | 36 |
| 2019-20 | KSA/KNR/C.15/97/2022 തീയതി 09.03.2022 | 46 |

1968-69 മുതൽ 1989-90 വരെയുള്ള റിപ്പോർട്ടുകളും (ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലയളവ്) തീർപ്പാകാതെ അവശേഷിക്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം3

# ധനകാര്യ പത്രികകൾ

**1.**ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| **Payyannur Municipality**<br>**BALANCE SHEET** | | | |
| **AS ON 31.03.2021** | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 575260757.09 |
| 311000000 | Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund | B-2 | -11498213.00 |
| 312000000 | Reserves | B-3 | 518765085.00 |
| | **Total Reserve & Surplus** | | **1082527629.09** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 55623263.00 |
| | **Total Grants, Contributions for Specific Purposes** | | **55623263.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 75000000.00 |
| | **Total Loans** | | **75000000.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 10892982.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 20568821.56 |

| | | | |
|---|---|---|---|
| | **Total Current Liabilities and Provisions** | | **31461803.56** |
| | **TOTAL LIABILITIES** | | **1244612695.65** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 627428679.00 |
| 411000000 | Accumulated Depreciation | B-11 | -22959017.00 |
| 412000000 | Capital Work in Progress | B-11 | 258881902.00 |
| | **Total Fixed Assets** | | **863351564.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1000000.00 |
| 421000000 | Investments - Other Funds | B-13 | 0.0 |
| | **Total Investments** | | **1000000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 36500.00 |
| 431000000 | Sundry Debtors (Receivables) | B-15 | 114125341.20 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -257508.00 |
| 450000000 | Cash and Bank Balance | B-17 | 263227367.45 |
| 460000000 | Loans, Advances and Deposits | B-18 | 3129431.00 |
| | **Total Current Assets, Loans and Advances** | | **380261131.65** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |

| | | |
|---|---|---|
| | **TOTAL ASSETS** | **1244612695.65** |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**2.ഇൻകം& എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്**

| Payyannur Municipality<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 72018586.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 20.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5148647.00 |
| 140000000 | Fee & User Charges | I-4(b) | 18194077.00 |
| 150000000 | Sale & Hire Charges | I-5(b) | 888871.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 448773936.00 |
| 171000000 | Interest Earned | I-8 | 5693133.00 |
| 180000000 | Other Income | I-9 | 12329.00 |
| | **Total Income** | | **550729599.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 39551417.00 |
| 220000000 | Administrative Expenses | I-11(b) | 14136767.00 |
| 230000000 | Operations & Maintenance | I-12(b) | 16735920.00 |
| 240000000 | Interest & Finance Charges | I-13 | 11035.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 247500071.00 |
| 251000000 | Decentralised Plan Programme-Service | I-14 | 27231682.00 |

| | | | |
|---|---|---|---|
| | Sector | | |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 40289426.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 16099622.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 331000.00 |
| | **Total Expenditure** | | **401886940.00** |
| | **Gross Surplus/ Deficit of income over Expenditure** | | **148842659.00** |
| 280000000 | Prior Period Item | I-18 | 36255358.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **112587301.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**3.**റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| **Payyannur Municipality**<br>**RECEIPT & PAYMENT STATEMENT** | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 229692769.45 |
| Cash | Cash | RP-40(a) | 22019.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 9886950.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 20.00 |
| 130000000 | Rental income from Panchayat Properties | RP-3 | 20020.00 |

| | | | |
|---|---|---|---|
| 140000000 | Fees & User Charges | RP-4 | 12630365.00 |
| 150000000 | Sale & Hire Charges | RP-5 | -429629.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 243273686.00 |
| 171000000 | Interest Earned | RP-8 | 5693133.00 |
| 180000000 | Other Income | RP-9 | 12329.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 50218772.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 10342887.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 65515825.00 |
| 330000000 | Secured Loans | RP-25 | 8400000.00 |
| 340000000 | Deposits Received | RP-27 | 1772031.00 |
| 350000000 | Other Liabilities | RP-29 | 12636311.00 |
| 460000000 | Loans, Advances and Deposits | RP-41 | 2000.00 |
| | **Grand total** | | **649689488.45** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 12297175.00 |
| 220000000 | Administrative Expenses | RP-11 | 2450835.00 |
| 230000000 | Operations & Maintenance | RP-12 | 14863332.00 |
| 240000000 | Interest & Finance Charges | RP-13 | 11035.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 72022257.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1500000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 36937460.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 38623537.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 16898465.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 330000.00 |
| 350000000 | Other Liabilities | RP-29 | 14082064.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 27433587.00 |
| | **Non Operating** | | |
| 280000000 | Prior Period Item | RP-19 | -2616.00 |
| 311000000 | Earmarked Funds | RP-22 | 9270065.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 8063094.00 |
| 340000000 | Deposits Received | RP-27 | 672562.00 |
| 350000000 | Other Liabilities | RP-29 | 25662188.00 |
| 410000000 | Fixed Assets | RP-31 | 73653501.00 |
| 412000000 | Capital work in Progress | RP-33 | 31080680.00 |
| 460000000 | Loans, Advances and Deposits | RP-41 | 612900.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 262530747.45 |
| Cash | Cash | RP-40(b) | 696620.00 |
| | **Grand Total** | | **649689488.45** |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ